
# സത്യദൂതൻ

2015 ജൂലൈ | ലക്കം 7


വില ₹ 20



## ഇസ്‌ലാം: സമാധാനമോ? ഭീഷണിയോ?

## വിശുദ്ധ ഖുർആന്റെ ആധ്യാത്മിക പ്രഭാവങ്ങൾ

## കണ്ണീർകടലിൽ മുങ്ങിത്താഴുന്ന രോഹിങ്ക്യൻ മുസ്‌ലിംകൾ




# ഇസ്‌ലാമും സമകാലീനപ്രശ്നങ്ങളും

Islam's Response to Cotemporary Issues
എന്ന വിഖ്യാത കൃതിയുടെ പരിഭാഷ

ഗ്ര കർത്ത്ഥ്

**ഹദ്റത്ത് മി ൻ്റാ ത്വാഹി അഹ്മദ്**

(ഖലീഫത്തുൽ മസീഹ നാലാമൻ)

വിവ: എ. എം മുഹമ്മദ് സ ീം ല

**പ്രസാ: മജ്‌ലി അൻസാറുല്ലാഹ്, േ കരള**

| | |
|---|---|
| യാഥാസ്ഥിതിക മുസ്‌ലിം മതവീക്ഷണങ്ങളെ സമൂലം തിരുത്തിക്കുറിച്ചു കൊണ്ട് ദൈവിക വചനങ്ങളിലെ വിസ്മയകരമായ യുക്തിയും നീതിയും പ്രമാണമാക്കി ലോക പ്രശ്നങ്ങൾക്ക് പരിഹാര നിർദ്ദേശങ്ങൾ. | |
| മുസ്‌ലിം ചിന്തകന്മാർ വഴിമുട്ടി നിൽക്കുന്ന ആധുനിക സമസ്യകൾക്ക് പ്രമാണികവും അനിഷേധ്യവുമായ ഉത്തരങ്ങൾ! | |
| വിമർശകരെ കീഴടക്കുന്ന വാദമുഖങ്ങൾ! | |
| ആധുനിക ചിന്തകരെ നിഷ്പ്രഭമാക്കുന്ന നിരീക്ഷണങ്ങൾ! | |
| സമകാലീനലോകസമൂഹത്തിന് സ്വർഗീയ ശാന്തിയുടെ നൂതനപ്രകാശം പകരുന്ന അത്യപൂർവവും ഉജ്ജ്വലവുമായ കൃതി!! | |



The Sathyadoothan Monthly

لا إله إلا الله محمد رسول الله

# സത്യദൂതൻ


2015 ജൂലൈ
ഹി.ശ.1395 - വഫാ
1436 - റംസാൻ - ഷവ്വാൽ
പുസ്തകം 87 ലക്കം 7
വില 20 രൂപ

ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം



**5** എഡിറ്റോറിയൽ

**6** യുഗശബ്ദം



**7**
ഖുത്ബ
**മസീഹ് മൗഊദ് (അ)ന്റെ ഗ്രന്ഥങ്ങളിൽ നിന്ന് കൂടുതൽ ഫലമെടുക്കുക**
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..)

അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽമസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു...) 2015 മെയ് 15 ന് ബൈത്തുൽ ഫുതൂഹ് ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം

**12**
**വിശുദ്ധ ഖുർആന്റെ ആധ്യാത്മിക പ്രഭാവങ്ങൾ**
ഹദ്റത്ത് അഹ്മദ് (അ)

മനുഷ്യനെ സന്മാർഗത്തിലേക്ക് വഴി നടത്താൻ മുഹമ്മദ് നബി (സ)യുടെ പ്രവചനാനുസാരം ഈ കാലത്ത് ആഗതനായ ദിവ്യഗുരുവിന്റെ ആത്മീയമായ ഉദീരണങ്ങൾ.

**16**
കവിത
**ശാന്തിസമാഗമം**
എം.എ.സമദ്

**17**
**ഇസ്‌ലാം: സമാധാനമോ? ഭീഷണിയോ?**
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..)

**21**
**ദജ്ജാലിന്റെ വാഹനം**
ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്)

**25**
**ഹദ്റത്ത് അഹ്മദി(അ)ന്റെ താക്കീതുകളും ജിഹാദിൽ വലയുന്ന മുസ്‌ലിം ലോകവും**
അബ്ദുറഹ്മാൻ കൊടിയത്തൂർ

**28**
**വിശുദ്ധ ദേശങ്ങളിലൂടെ**
എ.ക്യു. മുസ്‌ലിം

**33**
**ദൈവാസ്തിക്യം: ശാസ്ത്രജ്ഞന്മാരുടെ വീക്ഷണങ്ങൾ III**
പ്രൊഫ: സാലേ മുഹമ്മദ് അല്ലാദീൻ

**36**
**അഹ്മദികൾക്കെതിരെ സഊദി അറേബ്യ: വിക്കിലീക്സ് രേഖകൾ**

**38**
**യോഗ ഒരു വ്യായാമ മുറ**
ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്)

**39**
**കണ്ണീർകടലിൽ മുങ്ങിത്താഴുന്ന രോഹിങ്ക്യൻ മുസ്‌ലിംകൾ**
മുസാഫിർ



**സത്യദൂതൻ**
മസ്ജിദ് ഉമർ, സെന്റ്ബെനഡിക്ട് റോഡ്,
എറണാകുളം നോർത്ത്, കൊച്ചി - 682018
email-sathyadoothan1@gmail.com

ചീഫ് എഡിറ്റർ
**എം. നാസിർ അഹ്മദ്**
**ഫോൺ: 9497343704**

എഡിറ്റർ
**എ. എം. മുഹമ്മദ് സലീം**
**ഫോൺ: 8907182933**
Email-salimqld@gmail.com

മാനേജർ
**എച്ച്. അഹ്മദ് ഷാഫി**
**ഫോൺ: 8089574250**


Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim. Design: Ziyad Rahman
Cover Photo: Dome of Rock, Jeruselem

## വിശുദ്ധ ഖുർആനിൽ നിന്ന്



വല്ലവനും ഒരു തിന്മ പ്രവർത്തിക്കുകയോ തന്റെ ആത്മാവിനോട് ദ്രോഹം ചെയ്യുകയോ ചെയ്തിട്ട് അല്ലാഹുവിനോട് പാപപ്പൊറുതിക്കായി പ്രാർഥിക്കുന്നതായാൽ അവൻ അല്ലാഹുവിനെ സർവഥാ പൊറുക്കുന്നവനും കരുണാമയനുമായി കണ്ടെത്തുന്നതാണ്.

( വി. ഖുർആൻ 4:111)



## നബിവചനം

അബൂഹുറൈറ(റ)യിൽ നിന്ന് നിവേദനം: അല്ലാഹുവിന്റെ റസൂൽ(സ) പറയുന്നതായി ഞാൻ കേട്ടു: യാതൊരു നന്മയും ചെയ്യാത്ത ഒരാൾ ഉണ്ടായിരുന്നു. താൻ മരിക്കുകയാണെങ്കിൽ തന്റെ ശരീരം കത്തിച്ച് ചാരം പകുതി കടലിലും പകുതി കരയിലും വിതറുവാൻ അയാൾ തന്റെ കുടുംബാംഗങ്ങളോട് വസിയത്ത് ചെയ്തു. അല്ലാഹുവാണെ, അവൻ അല്ലാഹുവിന്റെ പിടിയിൽ വരുകയാണെങ്കിൽ അയാൾ ലോകത്ത് മറ്റൊരാൾക്കും അനുഭവിക്കാത്ത ശിക്ഷ അനുഭവിക്കുമായിരുന്നു. അയാൾ മരിച്ചപ്പോൾ താൻ പറഞ്ഞത് പ്രകാരം ചെയ്യപ്പെട്ടു. അല്ലാഹു കരയോട് അത് (അയാളുടെ കത്തിച്ചു വിതറിയ ചാരം) ശേഖരിക്കാൻ ആജ്ഞാപിച്ചു. കടലിനോടും അതിൽ വിതറിയത് (ചാരം) ശേഖരിക്കാൻ കൽപ്പിക്കപ്പെട്ടു. അയാൾ അങ്ങനെ ചെയ്യാൻ കാരണമെന്തെന്ന് അല്ലാഹു അയാളോട് ചോദിച്ചു. അയാൾ മറുപടി പറഞ്ഞു: എന്റെ നാഥാ നിന്നെ ഭയന്നിട്ടാണ് ഞാൻ അങ്ങനെ ചെയ്തതെന്ന് നിനക്കറിയാമല്ലോ. അല്ലാഹു അയാൾക്ക് പൊറുത്തു കൊടുക്കുകയുണ്ടായി.

## വാഗ്ദത്ത മസീഹിന്റെ വചനം



അവന്റെ കാരുണ്യം രണ്ട് വിധത്തിലുള്ളതാണ്. ഒന്നാമത്തേത് യാതൊരാളുടെയും പ്രവർത്തന ഫലമായിട്ടല്ലാതെ അനശ്വരമായി പ്രകടമാവുന്നത്. ഉദാഹരണത്തിന് നാം അസ്തിത്വത്തിലേക്ക് വരുന്നതിന് മുമ്പേതന്നെ ആകാശവും ഭൂമിയും, സൂര്യനും ചന്ദ്രനും ഗോളങ്ങളും, വെള്ളവും അഗ്നിയും വായുവും നമ്മുടെ സൗകര്യത്തിന് വേണ്ടിയുള്ള പ്രപഞ്ചത്തിലെ എല്ലാ കണങ്ങളും, നമ്മുടെ ആവശ്യത്തിന് വേണ്ടുന്ന എല്ലാ വസ്തുക്കളും അവൻ നൽകിയിരിക്കുന്നു. നമ്മുടെ സാന്നിദ്ധ്യം പോലും ഇല്ലാത്തപ്പോഴാണ് അവൻ ഇതെല്ലാം ചെയ്തിരിക്കുന്നത്. നമ്മുടെ ഭാഗത്തുനിന്ന് യാതൊരു പ്രവർത്തനങ്ങളും ഉണ്ടായിട്ടില്ല. സൂര്യൻ സൃഷ്ടിക്കപ്പെട്ടത് തങ്ങളുടെ എന്തെങ്കിലും പ്രവർത്തനം കൊണ്ടാണെന്ന് ആർക്കെങ്കിലും പറയാനാവുമോ? അല്ലെങ്കിൽ ഭൂമി സൃഷ്ടിക്കപ്പെട്ടത് തന്റെ സദ്പ്രവർത്തനഫലമായിട്ടാണെന്ന് ആർക്കെങ്കിലും പറയാൻ സാധിക്കുമോ? ഇതെല്ലാം മനുഷ്യൻ സൃഷ്ടിക്കപ്പെടുന്നതിന് മുമ്പേ തന്നെ പ്രവർത്തനത്തിൽ വന്നിട്ടുള്ള അവന്റെ കാര്യണ്യങ്ങളാണ്. ആരുടെയും കർമഫലമല്ല. രണ്ടാമത്തെ ദൈവകാരുണ്യം മനുഷ്യന്റെ പ്രവർത്തന ഫലമായി ഉണ്ടായി തീരുന്നതാണ്. ഇതിന് വിശദീകരണത്തിന്റെ ആവശ്യമില്ല. (ലക്ച്ചർ ലാഹോർ)

എഡിറ്റോറിയൽ

# ഇസ്‌ലാം: കാരുണ്യവാനായ പ്രപഞ്ചനാഥന്റെ കാരുണ്യത്തിന്റെ മതം


അറ്റമില്ലാത്ത കാരുണ്യത്തിന്റെ സ്‌റോതസ്സാണ് പ്രപഞ്ച നാഥനായ അല്ലാഹു. നമുക്ക് ഭൂമിയിൽ ലഭിച്ച ഈ ജീവിതം തന്നെ അതിനുള്ള സാക്ഷ്യമാണ്. നമ്മുടെ ഇച്ഛകൊണ്ടോ നമ്മുടെ മുൻകൂട്ടിയുള്ള ആസൂത്രണം കൊണ്ടോ അല്ല; പരമ കാരുണികനായ അല്ലാഹു അവന്റെ നിരുപാധികമായ കാരുണ്യദാനം എന്ന നിലക്ക് നൽകിയതാണ് നമ്മുടെ ഈ ജീവിതം. ആകാശവും ഭൂമിയും, സൂര്യനും ചന്ദ്രനും, വായുവും വെള്ളവും തുടങ്ങി മനുഷ്യൻ ജീവിക്കുന്ന ഈ പ്രപഞ്ചസാകല്യം മുഴുവനും കരുണാ വാരിധിയായ ദൈവം നമുക്ക് വേണ്ടി സൃഷ്ടിച്ചുതന്നതാണ്. മനുഷ്യ കരങ്ങൾക്ക് അതിൽ യാതൊരു പങ്കുമില്ല. അതിനെയെല്ലാം ആശ്രയിച്ച് ജീവിക്കുന്ന അതിലെ നിസ്സഹായനായ ഒരു പരാദം മാത്രമാണ് മനുഷ്യൻ!!. വാവിട്ട് കരഞ്ഞ് കൊണ്ട് ഭൂമിയിൽ ജനിക്കുന്ന മനുഷ്യന് ബോധം വെച്ച് കുറേ നാൾ കഴിയുമ്പോഴാണ് അല്ലാഹുവിന്റെ ഈ അപാരമായ ദാനങ്ങളെ പറ്റി അൽപ്പമെങ്കിലും അറിഞ്ഞുതുടങ്ങുന്നത് തന്നെ.

അങ്ങനെയുള്ള മനുഷ്യനെ ബഹുമാനപുരസ്സരമാണ് അല്ലാഹു ഖുർആനിൽ പ്രതിപാദിക്കുന്നത്. ***'തീർച്ചയായും ആദം സന്തതികളെ നാം ബഹുമാനിച്ചിരിക്കുന്നു. കരയിലും കടലിലും നാം അവരെ വാഹനത്തിൽ കയറ്റുകയും നല്ല വിഭവങ്ങളിൽ നിന്ന് ആഹാരം നൽകുകയും നാം സൃഷ്ടിച്ച നിരവധി സൃഷ്ടികളേക്കാൾ അവരെ ശ്രേഷ്ഠരാക്കുകയും ചെയ്തിരിക്കുന്നു'*** *(17:71)* മനുഷ്യകുലോത്തമനും പാപരഹിതനുമായ മുഹമ്മദ് നബി(സ) യെ പറ്റി തന്റെ കാരുണ്യഗുണം ചാർത്തിക്കൊണ്ട് അല്ലാഹു പറഞ്ഞ വചനമാണ് മാനവവംശത്തിന്റെ ഏറ്റവും വലിയ അഭിമാന മുദ്ര. അല്ലാഹു പറയുന്നു: ***' തീർച്ചയായും ഇതിൽ അല്ലാഹുവിനെ ആരാധിക്കുന്നവർക്ക് ഒരു സന്ദേശമുണ്ട്. നാം നിന്നെ (മുഹമ്മദ് നബി(സ)) പ്രപഞ്ചത്തിന് ഒരു കാരുണ്യമായി മാത്രമാണ് അയച്ചിട്ടുള്ളത്' (21:107,108).*** മനുഷ്യൻ തെറ്റുകൾ വരുത്തുകയും കുറ്റങ്ങളിൽ വീണു പോകുകയും ദേഹേച്ഛകൾക്ക് വശംവദനാവുകയും ചെയ്യുന്ന ദുർബല സൃഷ്ടിയാണ്. പക്ഷേ അല്ലാഹു മനുഷ്യന് എപ്പോഴും കാരുണ്യം ചെയ്യാൻ ഉദ്ദേശിക്കുന്നു. ഖുർആൻ പറയുന്നു: ***'നിങ്ങൾക്ക് കാരുണ്യം ചെയ്യണമെന്ന് അല്ലാഹു ഉദ്ദേശിക്കുന്നു. എന്നാൽ നിങ്ങൾ (ദുർമാർഗത്തിലേക്ക്) ചാഞ്ഞു പോകണമെന്നാണ് സ്വേച്ഛകളെ പിന്തുടരുന്നവർ ആഗ്രഹിക്കുന്നത്. നിങ്ങൾക്ക് (ഭാരം) ലഘൂകരിക്കപ്പെടണമെന്ന് അല്ലാഹു ഉദ്ദേശിക്കുന്നു. കാരണം മനുഷ്യൻ ദുർബലനായിട്ടാണ് സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്.'(4:28,29)*** കാരുണ്യത്തേയും പൊറുമയേയും സ്മരിച്ചു കൊണ്ടാണ് അല്ലാഹു ശിക്ഷയെ കുറിച്ചു പോലും പ്രതിപാദിക്കുന്നത്: ***'അല്ലാഹു കഠിനമായി ശിക്ഷിക്കുന്നവനാണെന്നും അല്ലാഹു സർവഥാ പൊറുക്കുന്നവനും കരുണാമയനുമാണെന്നും അറിയുക' (5:99).*** കാരുണ്യം തന്റെ ബാദ്ധ്യതയാണെന്ന് വിളംബരപ്പെടുത്തിക്കൊണ്ടുള്ള ഖുർആന്റെ മറ്റൊരു ശ്രദ്ധേയമായ സുവർണ സൂക്തം കാണുക: ***'നിങ്ങൾക്ക് സമാധാനം ഉണ്ടാവട്ടെ; നിങ്ങളുടെ നാഥൻ കാരുണ്യത്തെ തന്റെ ബാദ്ധ്യതയാക്കി വെച്ചിരിക്കുന്നുവെന്ന് പറയുക.' (6: 55)*** സർവോപരി അല്ലാഹു പറയുന്നു: ***'വ റഹ്മത്തീ വസിയത്ത് കുല്ല ശയ്അൻ '(എന്റെ കാരുണ്യം സർവ വസ്തുക്കളേയും വലയം ചെയ്തിരിക്കുന്നു) (7:157)***

കാരുണ്യവും നീതി നിർവഹണവും പരസ്പരം എങ്ങനെ ഒത്തുപോകും. നീതി നിർവഹണം ചട്ടപ്രകാരമുള്ളതും പലപ്പോഴും ശിക്ഷയും വിലക്കുകളും വേദനയുമുള്ളതാണ്. അതു കൊണ്ട് കാരുണ്യം നീതി നിർവഹണത്തിന്റെ താൽപര്യത്തിനെതിരല്ലേ എന്ന സംശയത്തിന് വാഗ്ദത്ത മസീഹ് (അ) പറയുന്ന സൂക്ഷ്മമായ ഉത്തരം ഇങ്ങനെയാണ്. ***'ഓർക്കുക, കാരുണ്യമാണ് ദൈവത്തിന്റെ അടിസ്ഥാന ഗുണം. നീതി എന്നത് യുക്തിയും നിയമവും സ്ഥാപിതമായതിന് ശേഷം പ്രാവർത്തികമാകുന്ന ഒന്നാണ്. നീതി മറ്റൊരു രീതിയിലുള്ള കാരുണ്യം തന്നെയാണ്. ഒരു വ്യക്തിക്ക് യുക്തിജ്ഞാനം നൽകപ്പെട്ടാൽ അതിലൂടെ അയാൾ സർവശക്തനായ ദൈവത്തിന്റെ പരിധികളെ കുറിച്ചും നിയമത്തെ കുറിച്ചും ബോധവാനാകുന്നു. പിന്നെ നീതിയുടെ താൽപര്യങ്ങൾക്ക് വിധേയനായിതീരുന്നു. എന്നാൽ കാരുണ്യത്തിന് യുക്തിയുടെയും നിയമത്തിന്റേയും ഉപാധികളില്ല. ദൈവം മനുഷ്യവംശത്തെ കാരുണ്യത്തിലൂടെ ഉയർത്തിക്കൊണ്ടു വരുവാൻ ഇച്ഛിക്കുന്നു.' (കിതാബുൽ ബരിയ്യ).*** ഹദ്റത്ത് അഹ്മദ്(അ) മറ്റൊരിടത്ത് പറയുന്നു. ***'ദൈവത്തെ പറ്റി പറയുമ്പോൾ നമുക്ക് അവന്റെ മാലികിയ്യത്തിനെ (ഉടമസ്ഥത്വം) മുൻനിർത്തി റഹീം (കരുണാനിധി) എന്ന് വിളിക്കാം. പക്ഷേ അവനെ നീതിപാലകൻ എന്ന് വിളിക്കാൻ സാദ്ധ്യമല്ല. ഒരാൾ മറ്റൊരാളുടെ ഉടമസ്ഥതയിലായിരിക്കെ അയാൾക്ക് ഉടമസ്ഥനിൽ നിന്നും നീതി അവകാശപ്പെടാൻ സാദ്ധ്യമല്ല. വണക്കത്തോടെ കാരുണ്യത്തിന് വേണ്ടി യാചിക്കുക മാത്രമേ കരണീയമായുള്ളൂ. അതുകൊണ്ടാണ് വിശുദ്ധ ഖുർആനിൽ സർവശക്തനായ ദൈവത്തിന് നീതി പാലകൻ എന്ന ഗുണവിശേഷം നൽകാത്തത്. കാരണം നീതി പരസ്പരം തുല്യത ആവശ്യപ്പെടുന്നു....... സർവ സൃഷ്ടികളും അവന്റേതാണ്. അവൻ ഇച്ഛിക്കുന്ന വിധം അവരോട് പെരുമാറാൻ അവന് പൂർണ അധികാരമുണ്ട്. അവൻ ഇച്ഛിക്കുന്നയാൾക്ക് അവൻ സാമ്രാജ്യം നൽകിയേക്കാം, അവൻ ഇച്ഛിക്കുകയാണെങ്കിൽ ഒരുവനെ യാചകനുമാക്കിയേക്കാം....തീർച്ചയായും ദൈവം കാരുണ്യവാനാണ്. അതിനേക്കാളുപരി അവൻ പരമ കാരുണികനാണ്.'(ചശ്മെ മഅ്രിഫ)***

പാപം ചെയ്ത് നിരാശനായ മനുഷ്യനോട് പരമ കാരുണികനായ അല്ലാഹു പറയുന്നു:

***'പറയുക തങ്ങളുടെ സ്വന്തം ആത്മാക്കളോട് അമിതത്വം പ്രവർത്തിച്ച എന്റെ ദാസന്മാരേ, അല്ലാഹുവിന്റെ കാരുണ്യത്തെക്കുറിച്ച് നിങ്ങൾ നിരാശപ്പെടരുത്. നിശ്ചയമായും അല്ലാഹു എല്ലാ പാപങ്ങളും പൊറുത്തു കൊടുക്കുന്നതാണ്. തീർച്ചയായും അവൻ വളരെ പൊറുക്കുന്നവനും കരുണാമയനുമാണ്.' (39: 34)***



ഹദ്റത്ത് അഹ്മദ് (അ)

# ദൈവത്തിന്റെ സ്വയംപര്യാപ്തരായ സംപ്രീത ദാസന്മാർ

ചില അജ്ഞാനികളായ ആളുകൾ ചോദിക്കാറുണ്ട് എന്തുകൊണ്ട് പൂർണതയിലെത്തിയ ആളുകളുടെ പ്രാർഥന പോലും ചിലപ്പോൾ സ്വീകരിക്കപ്പെടുന്നില്ല എന്ന്. അതിനുള്ള ഉത്തരം, പ്രാർഥനാ സ്വീകാര്യതയുടെ പ്രകടനത്തിന്റെ സൗന്ദര്യം ദൈവം തന്റെ സ്വന്തം നിയന്ത്രണത്തിൽ സൂക്ഷിച്ചിരിക്കുകയാണ് എന്നാണ്. ഏത് കാര്യത്തിലായാലും ഈ മഹിതമായ പ്രകടനം സംജാതമാവുകയും അതിന്റെ സൗന്ദര്യം പ്രകാശിച്ചു തുടങ്ങുകയും ചെയ്യുമ്പോൾ പ്രപഞ്ച കണങ്ങൾ അതിലേക്ക് ആവാഹിക്കപ്പെടുകയും അസംഭവ്യമായത് സംഭവിക്കുകയും ചെയ്യും. അതിന് പറയുന്ന മറ്റൊരു പേരാണ് ദിവ്യാത്ഭുതം(മുഅ്ജിസ). എന്നാൽ ഈ ആത്മീയമായ പ്രകടനം എപ്പോഴും പ്രത്യക്ഷമാവുന്നില്ല. എല്ലായിടത്തും അത് ചില ബാഹ്യമായ ഘടകങ്ങളെ ആശ്രയിച്ചു നിൽക്കുന്നു. ഇതിന് കാരണം ദൈവം സ്വയം പര്യാപ്തനാണെന്നത് പോലെ അവൻ തിരഞ്ഞെടുക്കുന്നയാളിലും ഈ സ്വയം പര്യാപ്തതയുടെ ഗുണം നിക്ഷേപിക്കപ്പെട്ടിരിക്കുന്നു എന്നതാണ്. ദൈവത്തെ പോലെ അവരും സ്വയം പര്യാപ്തരാണ്. വളരെ വിനയാന്വിതവും ആത്മാർഥവുമായി ആരെങ്കിലും പ്രവർത്തിച്ചു തുടങ്ങുന്നത് വരെ അവരുടെ കാരുണ്യഗുണം ചലിച്ചു തുടങ്ങുകയില്ല. ഇത്തരം ആളുകൾ തങ്ങൾക്ക് ചുറ്റുമുള്ള ലോകത്തേക്കാൾ വമ്പിച്ച തോതിൽ കാരുണ്യഗുണം സ്വായത്തമാക്കിയവരാണ്. അത്ഭുതകരമായ കാര്യം അത് പ്രാവർത്തികമാക്കുക എന്നത് അവരുടെ പരിധിയിൽപ്പെടുന്ന കാര്യമല്ല. അവർ പലപ്പോഴും അത് പ്രകടമാവാൻ അഗ്രഹിക്കുന്നു. പക്ഷേ അത് ദൈവിക മായ ഇച്ഛ കൂടാതെ പ്രകടമാവുന്നതല്ല. അവരെ നിഷേധിക്കുന്നവരെയും കപട വിശ്വാസികളേയും ദുർബല വിശ്വാസികളേയും അവർ ഗണ്യമാക്കാറില്ല. ഇക്കൂട്ടരെ നിർജീവമായ പ്രാണികളെ പോലെയാണ് അവർ കണക്കാക്കുന്നത്. അവരുടെ സ്വയം പര്യാപ്തത എന്നത് മനോഹരമായ മൂടുപടത്തിനുള്ളിൽ തന്റെ മുഖം മറച്ചിരിക്കുന്ന പ്രിയപ്പെട്ട ഒരാൾ അത് സ്വായത്തമാക്കിയത് പോലെയാണ്. ഈ സ്വയം പര്യാപ്തതയുടെ ഒരു വശം ദുഷ്ടനായ ഒരാൾ അവരെ പറ്റി ദോഷം വിചാരിക്കുമ്പോൾ, ദൈവിക ഗുണങ്ങൾ സ്വായത്തമാക്കിയ അവർ ഈ ദോഷൈക ദൃക്കുകളെ പൂർണമായും അവഗണിച്ചുകൊണ്ട് ചിലപ്പോൾ അവരുടെ ദുഷ്ടത അധികരിപ്പിക്കുന്നു. ദൈവം പറയുന്നു: ***'അവരുടെ ഹൃദയത്തിൽ ഒരു രോഗമുണ്ടായിരുന്നു. പിന്നെ അല്ലാഹു അവർക്ക് അവരുടെ രോഗം വർധിപ്പിച്ചു'*** *(2:11)*

അവർ ഒരു ദിവ്യാത്ഭുതം (മുഅ്ജിസ) കാണിക്കണമെന്ന് ദൈവം ഇച്ഛിക്കുമ്പോൾ അവൻ അവരുടെ ഹൃദയത്തിൽ ഒരു ഉത്സുകത സൃഷ്ടിക്കുകയും അവർ അസ്വസ്ഥരാവുകയും ഒരു പ്രത്യേക കാര്യസാദ്ധ്യത്തിനായുള്ള ആകുലത അവർക്ക് അനുഭവപ്പെടുകയും ചെയ്യുന്നു. പിന്നീടവർ സർവശക്തനായ ദൈവത്തിനൊഴികെ മറ്റാർക്കും കാണാൻ കഴിയാത്ത തങ്ങളുടെ സ്വയം പര്യാപ്തതയുടെയും സൗന്ദര്യത്തിന്റേയും മൂടുപടം അഴിച്ചു വെക്കുകയും അത് വാനലോകത്തെ മാലഖമാർക്കും സർവകണങ്ങൾക്കും വെളിവാകുകയും ചെയ്യുന്നു. അവരുടെ മൂടുപടം നീക്കുക എന്നതിനർഥം ദൈവത്തിന്റെ സംപ്രീത ദാസന്മാരായി തീർന്ന അവരുടെ ആത്മീയ സൗന്ദര്യവും തികവുറ്റ ആത്മാർഥതയാലും വിശ്വസ്തതയാലും അവർ ദൈവത്തിന് നേരെ അസാധാരണമായ വിധത്തിലും അവസ്ഥയിലും തിരിയുകയും, ആശ്ലേഷിതഭാവത്തിൽ നിൽക്കുന്ന ഒരു ദൈവം അവരുടെ ഹൃദയത്തിൽ സ്വയം തന്നെ സൃഷ്ടിക്കപ്പെടുകയും അത് സർവശക്തനായ ദൈവത്തിന്റെ കാരുണ്യത്തോടൊപ്പം ഈ പ്രപഞ്ചത്തിലെ ഓരോ കണികയും അവരിലേക്ക് ആവാഹിക്കപ്പെടുകയും അവരുടെ സ്നേഹോഷ്മളത വാനലോകത്ത് വെച്ച് സമാഹരിക്കപ്പെടുകയും അതിന്റെ ഭാവം മേഘങ്ങളെ പോലെ മാലാഖമാർക്ക് വെളിപ്പെടുകയും ചെയ്യുന്നു. മേഘഗർജനങ്ങളുടെ വീര്യമടങ്ങിയ അവരുടെ നോവുകൾ വാനലോകത്ത് വിക്ഷോഭങ്ങൾ സൃഷ്ടിക്കുന്നു. പിന്നീട് സർവശക്തനായ അല്ലാഹുവിന്റെ ശക്തിയാൽ സൃഷ്ടിക്കപ്പെട്ട ആ ഗുണങ്ങൾ അവരാഗ്രഹിക്കും വിധം കാര്യങ്ങൾ സാധിക്കുമാറ് കാരുണ്യത്തിന്റെ മഴയായി വർഷിക്കുകയും ചെയ്യുന്നു.

**(ബറാഹീനെ അഹ്മദിയ്യ, 5-ാം ഭാഗം)**



അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽമസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..) 2015 മെയ് 15ന് ബൈത്തുൽ ഫുതൂഹ് ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം

# മസീഹ് മൗഊദ് (അ)ന്റെ ഗ്രന്ഥങ്ങളിൽ നിന്ന് കൂടുതൽ ഫലമെടുക്കുക

ഇത് അല്ലാഹുവിന്റെ പ്രവൃത്തിയാണ്. അവൻ ഹദ്റത്ത് മസീഹ് മൗഊദ് (അ)നെ അറിവിന്റേയും ആത്മജ്ഞാനത്തിന്റേയും ഖജനാവുകളോടുകൂടി അയച്ചിരിക്കുന്നു. വിജയിക്കുമെന്ന് വാഗ്ദാനവും നല്കിയിരിക്കുന്നു. നമ്മുടെ ജോലി നമ്മൾ ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ഗ്രന്ഥങ്ങളിൽ നിന്ന് കൂടുതൽ കൂടുതൽ ഫലമെടുക്കാൻ ശ്രമിക്കുക എന്നതാണ്. ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: മനുഷ്യരാശിക്ക് ഇപ്പോൾ വിശുദ്ധഖുർആനല്ലാതെ മറ്റൊരു ഗ്രന്ഥവുമില്ല, അല്ലാഹുവിന്റെ ദൂതനായ മുഹമ്മദ് നബി (സ) അല്ലാതെ മറ്റൊരു പ്രവാചകനുമില്ല.

**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്** (അയ്യദഹു...)

പഞ്ചാബ് സർക്കാർ (പാക്കിസ്താൻ) ജമാഅത്തിന്റെ ചിലപത്രങ്ങളുടേയും ഗ്രന്ഥങ്ങളുടേയുംമേൽ നിയന്ത്രണം ഏർപ്പെടുത്തിയിരിക്കുന്നുവെന്ന് ഞാൻ മുമ്പ് പറഞ്ഞിരുന്നു. അതിന്റെ പ്രസിദ്ധീകരണമോ ഡിസ്പ്ലേയോ ഇനി നടക്കുകയില്ല. അവിടെത്തെ ചില പത്രങ്ങൾ വാർത്തകളും പ്രസിദ്ധീകരിച്ചിരുന്നു. ചിത്രത്തോടുകൂടിയ മെസേജുകളും സന്ദേശം അയയ്ക്കുന്നതിനുള്ള വിവിധ മാർഗങ്ങളും ഫോണുകളിലുള്ളതുകൊണ്ട് മിനിറ്റുകൾക്കുള്ളിൽത്തന്നെ ഈയിടെയായി വാർത്തകൾ ലോകത്ത് ചുറ്റിക്കറങ്ങിക്കൊണ്ടിരിക്കുന്നു. ഇത് കേട്ടും കണ്ടും ആളുകൾ എനിക്കും എഴുതിക്കൊണ്ടിരിക്കുന്നു. ഫാക്സ് തുടങ്ങിയവമുഖേന

വ്യാകുലതകൾ പ്രകടിപ്പിക്കുന്നു. ഇക്കാര്യങ്ങൾ പുതിയതല്ലെന്ന കാര്യം നമ്മൾ ഓർമിക്കേണ്ടതാണ്. അഹ്മദിയ്യാ ജമാഅത്ത് സ്ഥാപിതമായ കാലംമുതൽ ഇത്തരം പ്രവർത്തനങ്ങൾ ഇക്കൂട്ടർ ചെയ്തു വരുന്നതാണ്. ചെയ്തുകൊണ്ടിരിക്കുകയും ചെയ്യും. ഈ പ്രവർത്തനങ്ങൾകൊണ്ട് ഒരിക്കലും ജമാഅത്തിന് നഷ്ടമുണ്ടായിട്ടില്ല. ഇൻശാ അല്ലാഹ് ഇനിയൊട്ട് ഉണ്ടാകുകയുമില്ല. ഇവർക്ക് ജമാഅത്തിന് നഷ്ടം വരുത്താൻ സാധിക്കുകയില്ല. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ദൈവികമിഷനെ ഇക്കാര്യങ്ങൾകൊണ്ട് തടഞ്ഞു നിറുത്താൻ കഴിയുന്ന ഒരു കുട്ടിയേയും ഒരു ഉമ്മയും പ്രസവിച്ചിട്ടുമില്ല. ഈ നാമമാത്ര ഉലമാക്കളിലേക്ക് നോക്കുന്ന സർക്കാറുകൾക്ക് അഹ്മദിയ്യത്തിന്റെ അഭിവൃദ്ധി കണ്ടുകൊണ്ട് അസൂയ പ്രകടിപ്പിക്കുന്നതിന് എന്തെങ്കിലും ഒഴികഴിവ് വേണം. ഈ അസൂയയിൽ ഇവർ എത്രമാത്രം അന്ധരാണെന്നുവച്ചാൽ അവരുടെ ബുദ്ധിയിൽ തികച്ചും മറവീണുപോകുന്നു. പ്രത്യക്ഷത്തിൽ വിദ്യാസമ്പന്നരായിട്ടുള്ളവർ ജാഹിലീംകളെ കവച്ചുവെച്ച് തങ്ങളുടെ അവസ്ഥകളെ പ്രകടിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ഇസ്‌ലാമിന്റെ യഥാർഥ അധ്യാപനത്തേയും നബി(സ)തിരുമേനിയുടെ പ്രൗഢിയേയും സ്ഥാനത്തേയും ഹദ്റത്ത് മസീഹ് മൗഊദ്(അ) എങ്ങനെയാണ് വിവരിച്ചിട്ടുള്ളതെന്ന് അറിയാൻ ഇവർ ഒരിക്കലും ശ്രമിച്ചിട്ടില്ല, നോക്കീട്ടില്ല. അഹ്മദിയ്യാ ജമാഅത്തിന്റെ സാഹിത്യങ്ങളിൽ എത്ര മനോഹരമായിട്ടാണ് ഇത് അവതരിപ്പിക്കുന്നത്. അറബികളിൽനിന്നും മറ്റു ജനങ്ങളിൽനിന്നുമുള്ള ആളുകൾ ജമാഅത്തിന്റെ സാഹിത്യങ്ങൾ കാണുകയും യാഥാർഥ്യമെന്തെന്ന് മനസ്സിലാക്കുകയും ചെയ്യുമ്പോൾ തങ്ങളെ സ്വയം ഇസ്‌ലാമിന്റെ ധ്വജവാഹകരെന്ന് മനസ്സിലാക്കുന്ന ഈ നാമധാരികളായ ഉലമാക്കൾ എത്രമാത്രം കളവോടും ചതിയോടുംകൂടിയാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അധ്യാപനങ്ങളെ വളച്ചൊടിച്ച് അവതരിപ്പിച്ചിട്ടുള്ളത്, അവതരിപ്പിച്ചികൊണ്ടിരിക്കുന്നതെന്ന് അറിഞ്ഞ് അത്ഭുതപ്പെടുകയാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ), നബി(സ)തിരുമേനിയുടെ സ്ഥാനത്തേയും ഇസ്‌ലാമിന്റെ മനോഹരമായ അധ്യാപനത്തിന്റെ മാഹാത്മ്യത്തേയും എങ്ങനെയാണ് വിവരിച്ചിട്ടുള്ളതെന്ന് നമ്മുടെ തൽസമയ ടി.വി.പരിപാടിയിലൂടെ മനസ്സിലാക്കി ടി.വി.യിലൂടേയും കത്തുകളിലൂടേയും ഇക്കാര്യം പ്രകടിപ്പിക്കുകയും ചെയ്തുവരുന്നുണ്ട്. അതായത് അഹ്മദിയായിട്ടില്ലാത്ത അവർ 'ഈ ഉലമാക്കൾ തങ്ങളെ ജഹാലത്തിന്റെ മറയ്ക്കുള്ളിൽ വെച്ചിരിക്കുകയായിരുന്നുവെന്നും തങ്ങൾക്ക് നബി(സ) തിരുമേനിയുടെ സ്ഥാനത്തേയും തേജോവിലാസത്തേയും കുറിച്ച് ഇപ്പോഴാണ് അറിയാൻ കഴിഞ്ഞതെന്നും പറയുന്നു. അഹ്മദിയ്യത്തിനോടുള്ള ശത്രുതയിൽ അറിഞ്ഞോ അറിയാതെയോ നബി(സ) തിരുമേനിയുടേയും ഇസ്‌ലാമിന്റേയും നാമത്തെ കളങ്കപ്പെടുത്താൻ ഇക്കൂട്ടർ കാരണക്കാരാകുകയാണ്.

---

ഒരു പഞ്ചാബ് സർക്കാർ (പാകിസ്താൻ) എന്നല്ല, ലോകം മുഴുവനുമുള്ള സർക്കാറുകൾ തടസ്സപ്പെടുത്തിയാലും ഈ പ്രവർത്തനം നിലയ്ക്കുകയില്ല. കാരണം ഇത് മനുഷ്യന്റെ ശ്രമത്താലുള്ള പ്രവൃത്തിയല്ല. ഇത് അല്ലാഹുവിന്റെ പ്രവൃത്തിയാണ്.

---

എന്തായാലും ഈ ഉലമാക്കളുടെ ദീൻതന്നെ ശത്രുതയിലും കുഴപ്പങ്ങളിലുമാണ് നിലകൊള്ളുന്നത്. അതുകൊണ്ട് സാധാരണ മുസ്‌ലീംകളിൽ എത്രമാത്രം വിള്ളലുകളുണ്ടായാലും വേണ്ടില്ല യാഥാർഥ്യം മനസ്സിലാക്കാൻ ഒരിക്കലും ഇക്കൂട്ടർ പരിശ്രമിക്കുകയില്ല. ഇത് അവരുടെ ജോലിയാണ്. ഇത് അവർ ചെയ്തുകൊണ്ടിരിക്കുന്നു. ചെയ്തുകൊണ്ടേ പോകുകയും ചെയ്യും. കാരണം അവർക്ക് ദീനിനെക്കാളുപരി അവരുടെ സ്വാർഥപരമായ നേട്ടങ്ങളാണ് പ്രിയപ്പെട്ടത്. പക്ഷേ, എപ്പോഴുമെന്നപോലെ എതിരാളികളുടെ ഈ പ്രവൃത്തി നമ്മുടെ ഈമാനുകളിൽ തിളക്കമുണ്ടാക്കുന്നതിനും ഹദ്റത്ത് മസീഹ് മൗഊദ്(അ)മായിട്ടുള്ള ബന്ധം വർധിപ്പിക്കുന്നതിനും വളമെന്ന നിലയിൽ പ്രവർക്കുന്നതായിരിക്കേണ്ടതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങൾ പാരായണം ചെയ്യുന്നതിൽ നമ്മളിൽ ശ്രദ്ധ കുറഞ്ഞിട്ടുണ്ടെങ്കിൽ ഇപ്പോൾ കൂടുതലായി അതിലേക്ക് ശ്രദ്ധിക്കേണ്ടതാണ്.

ഒരു പഞ്ചാബ് സർക്കാർ എന്നല്ല, ലോകം മുഴുവനുമുള്ള സർക്കാറുകൾ തടസ്സപ്പെടുത്തിയാലും ഈ പ്രവർത്തനം നിലയ്ക്കുകയില്ല. കാരണം ഇത് മനുഷ്യന്റെ ശ്രമത്താലുള്ള പ്രവൃത്തിയല്ല. ഇത് അല്ലാഹുവിന്റെ പ്രവൃത്തിയാണ്. അവൻ ഹദ്റത്ത് മസീഹ് മൗഊദി(അ)നെ അറിവിന്റേയും ആത്മജ്ഞാനത്തിന്റേയും ഖജനാവുകളോടുകൂടി അയച്ചിരിക്കുന്നു. വിജയിക്കുമെന്ന് വാഗ്ദാനവും നല്കയിരിക്കുന്നു. വലിയ വലിയ തടസ്സങ്ങൾക്കും എതിർപ്പുകൾക്കും ശേഷം ജമാഅത്തിന്റെ അഭിവൃദ്ധി കൂടുതൽ ഉയർന്ന് മുന്നിൽവന്നിട്ടുള്ളതാണ് നമ്മൾ എപ്പോഴും കണ്ടിട്ടുള്ളത്. നമുക്കെതിരിൽ ഏകപക്ഷീയമായി എടുത്തിട്ടുള്ള ഈ നടപടി വളരെ നിസ്സാരമായൊരു തടസമാണ്. നമ്മെ അടിച്ചമർത്താൻ ശ്രമിക്കുന്നതിനനുസരിച്ച് അല്ലാഹു അവന്റെ അനുഗ്രഹങ്ങൾ വർധിപ്പിച്ചുകൊണ്ടേപോകുന്നു. ഇൻശാഅല്ലാഹ് ഇപ്പോൾ ഇതും നല്ലതുതന്നെയായിരിക്കും. അതുകൊണ്ട് ചിന്താകുലരാവേണ്ട

കാര്യമില്ല. കൂടുതൽ ആശങ്കയ്ക്കും വ്യാകുലതയക്കും ആവശ്യമില്ല. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങൾ മറ്റു രാഷ്ട്രങ്ങളിലും അച്ചടിച്ചു വരുന്നുണ്ട്. വെബ്സൈറ്റുകളിലും അവ ലഭ്യമാണ്. ഓഡിയോയിലും ചില ഗ്രന്ഥങ്ങൾ ലഭ്യമാണ്. ബാക്കിയുളളതും ഇൻശാഅല്ലാഹ് എത്രയുംവേഗം ലഭിക്കുന്നതിനുളള സംവിധാനം ചെയ്യുന്നതാണ്. പ്രചാരണങ്ങളിൽ നിയന്ത്രണം ഏർപ്പെടുത്തിയതിനാൽ നഷ്ടമുണ്ടാകുമോ എന്ന ചിന്ത നിലനിന്നിരുന്ന ഒരു കാലമുണ്ടായിരുന്നു. ഇപ്പോൾ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഈ അറിവിന്റേയും ആത്മജ്ഞാനത്തിന്റേയും ഖജനാവുകൾ അന്തരീക്ഷത്തിൽ വ്യാപിച്ചു കിടക്കുകയാണ്. ഒരു ബട്ടൺ അമർത്തുമ്പോൾ അവ നമ്മുടെ മുമ്പിൽ പ്രത്യക്ഷപ്പെടുന്നു. നമ്മുടെ ജോലി നമ്മൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങളിൽനിന്ന് കൂടുതൽ കൂടുതൽ ഫലമെടുക്കാൻ ശ്രമിക്കുക എന്നതാണ്. എം.ടി.എ യിലും ഇൻശാഅല്ലാഹ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങളുടെ ദർസ് മുമ്പത്തെക്കാൾ സമയം കൂട്ടി കൊടുക്കണമെന്ന് ഞാൻ വിചാരിക്കുന്നു. ഇപ്രകാരം പാകിസ്താനിലെ ഒരു സംസ്ഥാനത്തിന്റെ നിയമം കാരണത്താൽ ലോകത്ത് പരന്നു കിടക്കുന്ന അഹ്മദികൾക്കെല്ലാവർക്കും ഫലമുണ്ടാകുന്നതാണ്. തങ്ങൾ റസൂലിനോടുളള(സ)അനുരാഗത്തിൽ വളരെ ഉയർന്നവരാണെന്നും ഇസ്ലാമികാധ്യാപനങ്ങളുടെ ധ്വജവാഹകരാണെന്നും ഇക്കൂട്ടർ എപ്പോഴും വാദിക്കാറുണ്ട്. ഇക്കാരണത്താലാണ് ഇവർ നമ്മെ എതിർക്കുന്നത്. അവർ ഒരിക്കലും നീതിപൂർവമായ ദൃഷ്ടി കൊണ്ട് ജമാഅത്തിന്റെ സാഹിത്യങ്ങൾ വായിച്ചിട്ടില്ല. വായിക്കാൻ ശ്രമിച്ചിട്ടുമില്ല. പൊതുവെ നമ്മൾ അവരുടെ വാദങ്ങളുടെ യാഥാർഥ്യവും അവരുടെ യഥാർഥ മുഖവും അവർക്ക് കാണിച്ചുകൊടുക്കാറുണ്ട്. എന്നാൽ, നഊദുബില്ലാഹ് ഇസ്ലാമിന്റേയും നബി(സ)തിരുമേനിയുടേയും സ്ഥാനത്തിനെതിരിലും അന്തസ്സിനെതിരിലും അധ്യാപനങ്ങൾക്കെതിരിലും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങളിൽ പറയപ്പെട്ടിരിക്കുന്നു, അല്ലെങ്കിൽ അവയിൽ വെറുപ്പുളളവാക്കുന്നതും ഹൃദയത്തെ വ്രണപ്പെടുത്തുന്നതുമായ ചലമുണ്ട് എന്നാണ് നമ്മുടെ എതിരാളികൾ കരുതുന്നത്. അതുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ ഗ്രന്ഥങ്ങളിൽ പറയപ്പെട്ടിട്ടുളള കുറച്ച് ഉദ്ധരണികൾ പറയാമെന്നാണ് ഞാൻ വിചാരിക്കുന്നത്. ഹദ്റത്ത് മസീഹ് മൗഊദ്(അ), നബി(സ)തിരുമേനിയുടെ അന്തസ്സും സ്ഥാനവും നമുക്ക് കാണിച്ചു തന്നിട്ടുളള വിഷയങ്ങൾ മുഴുവൻ വളരെ വിശാലമാണ്. നബി(സ)തിരുമേനിയോടു സ്നേഹമുണ്ടെന്ന് വാദിക്കുന്ന ഒരു വ്യക്തിക്ക് അവ കേൾക്കുന്നതിൽനിന്നും വായിക്കുന്നതിൽനിന്നും തന്റെ ചെവികളും കണ്ണുകളും അടച്ചുവെക്കാൻ കഴിയുമോ? അത്ഭുതം തോന്നുന്നു. എന്തായാലും ഈ നാമമാത്ര ഉലമാക്കളെക്കൊണ്ട് നമുക്കൊന്നുമില്ല. എന്നാൽ, എം.ടി.എ മുഖേന നമ്മുടെ കാര്യങ്ങൾ കേൾക്കുന്ന ആയിരക്കണക്കിന് ശ്രോതാക്കളുടെ മനസ്സ് കൂടുതൽ തുറക്കുന്നതിനും അഹ്മദികളുടെ മനസ്സും ബുദ്ധിയും കൂടുതൽ പ്രകാശിപ്പിക്കുന്നതിനും അതിന്റെ ശരിയായ ഗ്രാഹ്യം ഉണ്ടാക്കുന്നതിനുംവേണ്ടി കുറച്ച് ഉദ്ധരണികൾ സമർപിക്കുന്നതാണ്.

ദൈവ സ്തുതിയും നബി(സ)തിരുമേനിയുടെമേൽ സ്വലാത്ത് ചൊല്ലുന്നതും എത്രമനോഹരമായിട്ടാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞിട്ടുളളത്. ഒരിടത്ത് പറയുന്നു: "ഇലാഹീ! നിനക്ക് ആയിരമായിരം ശുക്ർ! നീ ഞങ്ങൾക്ക് നിന്നെ തിരിച്ചറിയാനുളള വഴി പറഞ്ഞുതന്നിരിക്കുന്നു. നിന്റെ പരിശുദ്ധ ഗ്രന്ഥം ഇറക്കിക്കൊണ്ട് ചിന്തയുടേയും അറിവിന്റേയും തെറ്റുകളിൽനിന്നും അബദ്ധങ്ങളിൽനിന്നും രക്ഷിച്ചിരിക്കുന്നു. ഹദ്റത്ത് സയ്യിദുർറുസുൽ(സ)ന്റെ മേലും അവിടത്തെ കുടുംബാദികളുടേയും സ്വഹാബാക്കളുടേയും മേലും സ്വലാത്തും സലാമും ഉണ്ടാകുമാറാകട്ടെ. വഴിപിഴച്ചുപോയ ഒരു ലോകത്തെ അദ്ദേഹം മുഖേന അല്ലാഹു നേരായ വഴിയിൽ നടത്തിച്ചു. ആ ശിക്ഷാകരനും പ്രയോജനകാരിയും വഴിതെറ്റിപ്പോയ സൃഷ്ടികളെ നേരായവഴിയിൽ കൊണ്ടുവന്നു. ജനങ്ങളെ ബഹുദൈവാരാധനയിൽനിന്നും ബിംബങ്ങളുടെ നാശങ്ങളിൽനിന്നും ആ ഉപകാരിയും ഔദാര്യവാനും വിടുവിപ്പിച്ചു. ആ ദിവ്യതേജസ്സും തേജോമൂർത്തിയും തൗഹീദിന്റെ പ്രകാശത്തെ ലോകത്ത് വ്യാപിപ്പിച്ചു. ആ വൈദ്യനും കാലത്തിന്റെ ഭിഷഗ്വരനും വികൃതമായ മനസ്സുകളെ നേരായ വഴിയിൽ ചുവടുറപ്പിച്ചു. ആ ഉദാരനും അമാനുഷികതയുടെ അടയാളവും മൃതരായവർക്ക് ജീവിതപാനീയം കുടിപ്പിച്ചു. ആ കരുണാമയനും ദയാലുവും ഉമ്മത്തിനുവേണ്ടി വിഷമം സഹിച്ചു. വേദന വഹിച്ചു. ആ ധീരനും ഫയൽമാനും മരണത്തിന്റെ വായിൽനിന്ന് പിടിച്ച് നമ്മെ പുറത്തുകൊണ്ടു വന്നു. ആ സൗമ്യനും നിസ്വാർഥനുമായ മനുഷ്യൻ ആരാധനയിൽ തലകുനിപ്പിച്ചു. തന്റെ അസ്തിത്വത്തെ മണ്ണോടു ചേർത്തു. ആ സമ്പൂർണ ഏകദൈവവിശ്വാസിയും ഈശ്വരീയജ്ഞാനങ്ങളുടെ സാഗരവുമായിട്ടുളളവനെ ദൈവത്തിന്റെ പ്രതാപമാണ് ഒഴുക്കിയത്. അന്യരെ തന്റെ ദൃഷ്ടിയിൽനിന്ന് വീഴ്ത്തിയത്. ആ പരമകാരുണികന്റെ ശക്തിപ്രഭാവത്തിന്റെ ദിവ്യാത്ഭുതം നിരക്ഷരനായിരുന്നിട്ടും ആധ്യാത്മിക ജ്ഞാനങ്ങളിൽ എല്ലാവരുടേയും മേൽ വിജയംവരിച്ചു. എല്ലാ ജനതയേയും തെറ്റുകളുടേയും അബദ്ധങ്ങളുടേയും കുറ്റക്കാരാക്കി."

നബി(സ)തിരുമേനിയുടെ സ്വഭാവങ്ങൾ പരീക്ഷണങ്ങളുടെ ദിനങ്ങളിലും വിജയങ്ങളുടെ കാലഘട്ടത്തിലും എന്തായിരുന്നു. ഇതിനെ സംബന്ധിച്ച് ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: "നബിമാരും വലി

യ്യുമാരും ഉണ്ടാകുന്നത് അവരുടെ എല്ലാ സ്വഭാവങ്ങളേയും ജനങ്ങൾ പിൻപറ്റുന്നതിനും ഏതെല്ലാം കാര്യങ്ങളിൽ അല്ലാഹു അവർക്ക് സ്ഥൈര്യം നല്കിയിട്ടുണ്ടോ ആ സ്ഥൈര്യത്തിന്റെ വഴിയിൽ എല്ലാ സത്യാന്വേഷകരും ചുവടുവയ്ക്കുന്നതിനും വേണ്ടിയാണ്. ഏതെങ്കിലും മനുഷ്യന്റെ ഉന്നതമായ സ്വഭാവഗുണം തെളിവിന്റെനില പ്രാപിക്കുന്നത് അതിന്റെ സമയത്ത് വെളിപ്പെടുമ്പോഴാണെന്ന കാര്യം അങ്ങേയറ്റം വ്യക്തമാണ്. (ഓരോ സ്വഭാവങ്ങൾക്കും ഓരോ സമയമുണ്ട്. അത് അതാതിന്റെ സമയത്ത് പ്രകടമാകുമ്പോൾ അവിടെവച്ചാണ് അറിയാൻ കഴിയുന്നത് അവൻ സ്ഥിരമായിക്കൊണ്ടിരിക്കുന്നുവെന്ന്). അതേ സമയത്ത് മനസ്സുകളിൽ അതിന്റെ സ്വാധീനങ്ങളും ഉണ്ടാകുന്നു. ഉദാഹരണത്തിന് മാപ്പുകൊടുക്കുക എന്ന ഗുണം പകരംവീട്ടാനുള്ള ശക്തിയുള്ളനേരത്ത് വിശ്വാസ്യവും സ്തുത്യർഹവുമാണ്. പകരംവീട്ടാനുള്ള കരുത്തുണ്ടായിരിക്കെ മാപ്പുകൊടുക്കുക എന്നത് സ്തുത്യർഹമായ കാര്യമാണ്. പാപങ്ങൾ ചെയ്യാനുള്ള എല്ലാ സാഹചര്യവും ഉണ്ടായിരിക്കെ പാപങ്ങൾ വർജിക്കുക എന്നത് വിശ്വാസാർഹമാണ്. ചുരുക്കം പറഞ്ഞാൽ നബിമാരേയും വലിയ്യുമാരേയും സംബന്ധിച്ചുള്ള അല്ലാഹുവിന്റെ തീരുമാനം അവരുടെ എല്ലാതരത്തിലുള്ള സ്വഭാവഗുണങ്ങളും വെളിവാകണമെന്നും തെളിവിന്റെനില പ്രാപിക്കണമെന്നുമാണ്. അതിനാൽ അല്ലാഹു ഇതേ തീരുമാനം പൂർത്തിയാക്കുന്നതിനുവേണ്ടി അവരുടെ ജ്യോതിർമയമായ ആയുസ്സിനെ രണ്ടുഭാഗമായി തിരിക്കുന്നു. ആ ഉന്നതമായ സ്വഭാവഗുണങ്ങൾ പ്രകടമാകുന്നതിനുവേണ്ടി ഒരുഭാഗം വിഷമങ്ങളിലും മുസീബത്തുകളിലും കടന്നുപോകുന്നു. എല്ലാവിധത്തിലും അവരെ പീഡിപ്പിക്കുന്നു. ബുദ്ധിമുട്ടിക്കുന്നു. അത് കഠിനമായ മുസ്വീബത്തുകൾ കൂടാതെ ഒരിക്കലും വെളിപ്പെടുകയോ സ്ഥൈര്യമായിരിക്കുകയോ ചെയ്യുകയില്ല.

നബിമാരുടേയും വലിയ്യുമാരുടേയും ജീവിതത്തിന്റെ രണ്ടാമത്തെ ജീവിതായുസ്സ് വിജയത്തിൽ, അംഗീകാരത്തിൽ, സമ്പത്തിൽ, പരിപൂർണനില ഉണ്ടാകുന്നു എന്നതാണ്. വിജയം നേടുക, അംഗീകാരമുണ്ടാകുക, സമ്പന്നനാകുക, അധികാരമുള്ളവനാകുക, ഭരണമുണ്ടാകുക, ശക്തിയുണ്ടാകുക തുടങ്ങിയവയെല്ലാം അവരുടെ സ്വഭാവഗുണങ്ങൾ പ്രകടമാകുന്നതിന് നിർബന്ധമാണ്. കാരണം തന്നെ വിഷമിപ്പിക്കുന്നവർക്ക് പൊറുത്തുകൊടുക്കുക, തന്നെ ബുദ്ധിമുട്ടിക്കുന്നവർക്ക് മാപ്പുകൊടുക്കുക, തന്റെ ശത്രുക്കളെ സ്നേഹിക്കുക, തന്റെ ദോഷം ആഗ്രഹിക്കുന്നവരുടെ ഗുണം ആഗ്രഹിക്കുക, സമ്പത്തിനെ സ്നേഹിക്കാതിരിക്കുക, സമ്പത്തുകൊണ്ട് അഹങ്കരിക്കാതിരിക്കുക, ധനം ചെലവഴിക്കുന്നതിൽ പിശുക്ക് കാണിക്കാതിരിക്കുക, ദയയുടേയും ഔദാര്യത്തിന്റേയും പൊറുക്കലിന്റേയും വാതിലുകൾ തുറന്നിടുക, സമ്പത്തിനെ സുഖഭോഗങ്ങൾക്കുള്ള മാർഗമാക്കാതിരിക്കുക, ഭരണത്തെ അക്രമത്തിന്റേയും മർദനത്തിന്റേയും ആയുധമാക്കാതിരിക്കുക, ഭരണം കൈയിൽ വരുമ്പോൾ അക്കാരണത്താൽ അക്രമം ചെയ്യാതിരിക്കുക ഈ എല്ലാ സ്വഭാവഗുണങ്ങളും എങ്ങനെയുള്ളതാണെന്നുവച്ചാൽ ഇവയ്ക്കെല്ലാമുള്ള തെളിവിന് സമ്പന്നനും ശക്തവാനും ആയിരിക്കേണ്ടത് നിബന്ധനയാണ്. ഇത് തെളിവിന്റെ സ്ഥാനത്തെത്തുന്നത് മനുഷ്യന് സമ്പത്തും അധികാരവും രണ്ടും ലഭിക്കുമ്പോഴാണ്. അതുകൊണ്ട് മുസ്വീബത്തിന്റേയും പതനത്തിന്റേയും കാലവും സമ്പത്തിന്റേയും അധികാരത്തിന്റേയും കാലവും കൂടാതെ ഈ രണ്ടുതരത്തിലുള്ള സ്വഭാവങ്ങളും പ്രകടമാകുക സാധ്യമല്ല. ചുരുക്കത്തിൽ ധർമത്തിന്റേയും ദാനശീലതയുടേയും, സദാചാരത്തിന്റേയും, ആത്മസംതൃപ്തിയുടേയും, പുരുഷത്വത്തിന്റേയും, ധീരതയുടേയും ദൈവികസ്നേഹത്തിന്റേയും എന്തെന്തെല്ലാം ഉൽക്കൃഷ്ട സ്വഭാവങ്ങളുണ്ടോ അതും ഉദാരവാനായ അല്ലാഹു ഹദ്റത്ത് ഖാത്തമുൽ അമ്പിയാ(സ)യിൽ എങ്ങനെ പ്രകടിപ്പിച്ചുവെന്നാൽ, അവയുടെ ഉദാഹരണം ഒരിക്കലും ലോകത്ത് വെളിപ്പെട്ടിട്ടില്ല ഇനിയൊരിക്കലും വെളിപ്പെടുകയുമില്ല.”

അവിടന്ന് പറയുന്നു: “അല്ലാഹു ആ പരിശുദ്ധാത്മാവിനുമേൽ ഈ അർഥങ്ങളുടെ അടിസ്ഥാനത്തിൽ വഹ്‌യും രിസാലത്തും പരിപൂർത്തീകരിച്ചു. അതായത് എല്ലാ പൂർണതകളും ആ ധന്യാത്മാവിൽ അവസാനിച്ചു. **വ ഹാദാ ഫള്‌ലുല്ലാഹി യുഅ്തീഹി മൻയ്യശാഅ്.**” പിന്നീട് നബി(സ)തിരുമേനിയോടുള്ള സ്നേഹവും ആ മഹാത്മാവിനെ പിൻപറ്റലും മനുഷ്യനെ ദൈവത്തിന്റെ പ്രിയപ്പെട്ടവനാക്കുന്നു എന്ന കാര്യം വിവരിച്ചുകൊണ്ട് അവിടന്ന് പറയുന്നു:‘‘താൻ ആരെയെങ്കിലും സ്നേഹിക്കണമെങ്കിൽ അയാൾ നബി(സ)തിരുമേനിയെ പിൻപറ്റണം എന്ന നിബന്ധന അല്ലാഹു വെച്ചിരിക്കുന്നു.”

അവിടന്ന് പറയുന്നു: “ഏറ്റവും സമ്പൂർണനായ മനുഷ്യനും സമ്പൂർണനായ നബിയും നബി(സ)തിരുമേനി തന്നെയാണ്.” പറയുന്നു:‘‘തന്റെ സത്തകൊണ്ടും തന്റെ വിശേഷഗുണങ്ങൾകൊണ്ടും തന്റെ പ്രവർത്തനങ്ങൾകൊണ്ടും തന്റെ കർമങ്ങൾകൊണ്ടും തന്റെ ആത്മീയതയുടേയും പരിശുദ്ധശക്തിയുടേയും നിറഞ്ഞൊഴുകുന്ന നദിയെക്കൊണ്ടും സമ്പൂർണ കഴിവിന്റെ മാതൃക ജ്ഞാനപരമായനിലയിലും കർമപരമായ രൂപത്തിലും സത്യത്തിന്റേയും സ്ഥൈര്യത്തിന്റേയും അടിസ്ഥാനത്തിലും കാണിച്ചു. അങ്ങനെ സമ്പൂർണ മനുഷ്യനെന്ന് പറയപ്പെടുകയും ചെയ്തു. ആ മനുഷ്യൻ ഏറ്റവുമധികം സമ്പൂർണനും തികവുറ്റ വ്യക്തിയുമായിരുന്നു. സമ്പൂർണ നബിയായിരുന്നു. അദ്ദേഹം തികഞ്ഞ അനുഗ്രഹങ്ങളോടുകൂടി വന്നു. അങ്ങനെ ആത്മീയമായ നിയോഗവും ആത്മീയമായ

പുനരുത്ഥാനവും കാരണത്താൽ ലോകത്തിന്റെ ആദ്യത്തെ ഖിയാമത്ത് വെളിപ്പെടുകയും മൃതരുടെ ഒരു ലോകംതന്നെ അദ്ദേഹത്തിന്റെ വരവോടെ ജീവിക്കുകയും ചെയ്തു. ആ അനുഗൃഹീതനബി ഹദ്റത്ത് ഖാത്തുമുൽ അമ്പിയാ, ഇമാമുൽ അസ്ഫിയാ, ഖത്തമുൽമുർസലീൻ, ഫഖറുന്നബിയ്യീൻ ജനാബ് മുഹമ്മദ് മുസ്തഫാ(സ) ആകുന്നു.''

നബി(സ)തിരുമേനിയുടെ ചില ഉപകാരങ്ങളെ സ്മരിച്ചുകൊണ്ട് അവിടന്ന് പറയുന്നു:"അവൻ നമുക്കുവേണ്ടി ഒരു റസൂലിനെ അയച്ചു. അദ്ദേഹം ഉദാരനാകുന്നു. എല്ലാ നല്ലകാര്യങ്ങളിലും ഉത്തമനാകുന്നു. പൂർണതകളുടെ എല്ലാ ഇനങ്ങളിലും എല്ലാ വിധത്തിലും മുന്നിട്ട് കൊണ്ടുപോകുന്നയാളാണ്. എല്ലാ റസൂൽമാരുടേയും നബിമാരുടേയും മോതിരമാകുന്നു. ഉമ്മുൽഖുറായിൽ വന്ന വാഗ്ദത്ത നബി യഥാർഥത്തിൽ മുഹമ്മദ്(സ)ആകുന്നു. കാരണം അദ്ദേഹത്തിൽനിന്ന് ഉപകാരം നേടിയവവരുടെ നാവുകൾ എപ്പോഴും അദ്ദേഹത്തെ പ്രശംസിച്ചുകൊണ്ട് ആർദ്രമായിരിക്കുന്നു. അദ്ദേഹം സമുദായത്തിനുവേണ്ടി അങ്ങേയറ്റം ബുദ്ധിമുട്ടും കഠിനാധ്വാനവും വഹിച്ചതുകൊണ്ടും ദീനിന്റെ കെട്ടിടത്തെ പടുത്തുയർത്തിയതുകൊണ്ടും തികഞ്ഞ പ്രശംസയ്ക്ക് അർഹനാണ്. അദ്ദേഹം നമുക്കുവേണ്ടി തിളക്കമാർന്നതും പ്രശോഭിക്കുന്നതുമായ ഗ്രന്ഥം കൊണ്ടുവന്നതിനാലും സ്തുത്യർഹനാണ്. തന്റെ റബ്ബുൽ ആലമീന്റെ സന്ദേശങ്ങളെ എത്തിക്കുന്നതിൽ നമുക്കുവേണ്ടി അദ്ദേഹത്തിന് പല രീതിയിലുള്ള ദ്രോഹങ്ങൾക്ക് കുറിമാനമാകേണ്ടി വന്നതിനാലും, എന്തൊന്ന് മുൻഗ്രന്ഥങ്ങളിൽ അപൂർണവും ന്യൂനവുമായിട്ട് നിലനിന്നിരുന്നുവോ അതിനെ നബി(സ)തിരുമേനി പൂർണമാക്കുകയും മധ്യമമല്ലാത്ത സ്ഥിതിയിൽനിന്നും മറ്റു പോരായ്മകളിൽനിന്നും കുറവുകളിൽനിന്നും പരിശുദ്ധമായ ശരീഅത്ത് നമുക്ക് നല്കുകയും സൽസ്വഭാവങ്ങളെ അതിന്റെ പാരമ്യതയിലെത്തിക്കുകയും ചെയ്ത കാരണത്താലും അദ്ദേഹം സ്തുത്യർഹനാണ്."

നബി(സ)തിരുമേനിയുടെ ഖത്മുന്നുബുവ്വത്തിന്റെ സ്ഥാനമാനത്തിന്റെ അനുഗ്രഹങ്ങളെ സ്മരിച്ചുകൊണ്ട് അവിടന്ന് പറയുന്നു: "നമ്മുടെ യജമാനരായ മുഹമ്മദ് (സ)അല്ലാഹുവിന്റെ നബിയും റസൂലുമാണെന്നും നബി(സ)തിരുമേനിയുടെ ദീൻ എല്ലാ ദീനിനെക്കാളും ഉദാത്തമാണെന്നും നാം വിശ്വസിക്കുന്നു. നബി(സ)തിരുമേനി ഖാത്തമുൽ അമ്പിയാ ആണെന്നും നാം വിശ്വസിക്കുന്നു. നബി(സ)തിരുമേനിയുടെ തർബിയ്യത്തിൽനിന്ന് അനുഗ്രഹം പ്രാപിച്ചതും ആ മഹാത്മാവ് പ്രവചനം ചെയ്തിട്ടുള്ളതുമായ ആൾക്കുമാത്രമേ ഇനി നബിയായി വരാൻ സാധിക്കുകയുള്ളു. മറ്റൊരു നബിക്കും വരാൻ സാധ്യമല്ല. അഫ്ളലുർറുസുലും അമ്പിയായുമായ നമ്മുടെ നബിയുടെമേൽ നുബുവ്വത്തിന്റെ പൂർണതകൾ അവസാനിക്കുക എന്നതാണ് ഖത്മന്നുബുവ്വത്തുകൊണ്ടുള്ള ഉദ്ദേശ്യം. നബി(സ)തിരുമേനിക്കുശേഷം അവിടത്തെ ഉമ്മത്തിൽനിന്നും ആ മഹാത്മാവിനെ പരിപൂർണമായും പിൻപറ്റുന്നവരിൽനിന്നും മാത്രമേ നബി വരികയുള്ളുവെന്നാണ് നാം വിശ്വസിക്കുന്നത്. ആ വരുന്നയാൾ എല്ലാ അനുഗ്രഹങ്ങളും ആ മഹാത്മാവിന്റെ ആത്മീയതയിൽനിന്ന് പ്രാപിച്ചയാളും അവിടത്തെ പ്രകാശത്താൽ വിഭൂഷിതനുമായിരിക്കണം.'' വീണ്ടും അവിടന്ന് പറയുന്നു:"ഇപ്പോൾ ശിപാർശക്കാരൻ നബി(സ)തിരുമേനി മാത്രമാണ്." പറയുന്നു:''മനുഷ്യകുലത്തിന് ഇനി ഭൂമിയിൽ വിശുദ്ധ ഖുർആനല്ലാതെ മറ്റൊരു ഗ്രന്ഥവുമില്ല. ആദം സന്തതികളായ സകലർക്കും മുഹമ്മദു മുസ്തഫാ(സ)തിരുമേനിയല്ലാതെ മറ്റൊരു റസൂലും ശഫീഉം(ശിപാർശക്കാരൻ) ഇല്ല.അതുകൊണ്ട് ഈ പ്രതാപശാലിയായ നബിയുടെനേരെ നിങ്ങൾ ഹൃദയംഗമമായ സ്നേഹം പുലർത്തിക്കൊള്ളുവിൻ! അവിടത്തെക്കാൾ ഉപരിയുള്ള മേന്മ മറ്റാരിലും കല്പിക്കരുത്; ആകാശത്തിൽ നിങ്ങൾ മോക്ഷം പ്രാപിച്ചവരുടെ കൂട്ടത്തിൽ എണ്ണപ്പെടുമാറാകുന്നതിനുതന്നെ. മോക്ഷം എന്നത് മരിച്ചശേഷം മാത്രം വെളിവാകുന്ന എന്തോ ഒന്നല്ലെന്ന് ഓർത്തുകൊളളുവിൻ! മറിച്ച് യഥാർഥമായ മോക്ഷം ഈ ലോകത്തുവച്ചുതന്നെ അതിന്റെ വെളിച്ചം കാട്ടുന്നതാകുന്നു. ആരാണ് മോക്ഷം പ്രാപിച്ചവൻ? ദൈവം സത്യമാണെന്നും മുഹമ്മദു നബി (സ)തിരുമേനി ആ ദൈവത്തിന്റേയും മുഴുവൻ സൃഷ്ടിജാലത്തിന്റേയും ഇടയിലുള്ള ശിപാർശക്കാരൻ ആണെന്നും ആകാശത്തിനു കീഴിൽ അവിടത്തേക്ക് സമസ്ഥാനീയനായി മറ്റൊരു നബിയും ഇല്ലെന്നും ഖുർആനു തുല്യമായിട്ടുള്ള മറ്റൊരു ഗ്രന്ഥവും ഇല്ലെന്നും എന്നെന്നും ജീവിച്ചിരിക്കുവാൻ അവൻ ആരുടെ കാര്യത്തിലും ഇച്ഛിച്ചിട്ടില്ലെങ്കിലും ഈ വരിഷ്ഠ പ്രവാചകൻ എക്കാലത്തേക്കും ജീവിച്ചിരിക്കുന്ന നബിയാണെന്നും ഉറച്ചു വിശ്വസിക്കുന്നവൻതന്നെ."

ഹദ്റത്ത് മസീഹ് മൗഊദ്(അ), നബി(സ)തിരുമേനിയുടെ അന്തസ്സിനേയും സ്ഥാനത്തേയും കുറിച്ച് എഴുതിയിട്ടുള്ള ആ നിരവധി ഉദ്ധരണികളിൽനിന്ന് ചിലതാണ് ഞാൻ തിരഞ്ഞെടുത്തത്. ഇപ്രകാരംതന്നെ ആ മഹാത്മാവ് അവതരിപ്പിച്ച ഇസ്‌ലാമിന്റെ വിവിധ അധ്യാപനങ്ങളുടെ വിശദീകരണങ്ങളുടേയും ഒരു ഖജനാവുണ്ട്. അല്ലാഹു നമുക്ക് അതിൽനിന്ന് കൂടുതൽ ഫലമെടുക്കാൻ തൗഫീഖ് നല്കുമാറാകട്ടെ. ഇസ്‌ലാമിന്റെ നാമമാത്ര ധ്വജവാഹകർക്കും നബി(സ)തിരുമേനിയുടെ യഥാർഥ പ്രണയിതാവിന്റെ കാര്യങ്ങൾ കേൾക്കാനും പൊതു മുസ്‌ലീംകൾക്ക് നേരായ മാർഗദർശനം നല്കാനും ബുദ്ധി നല്കുമാറാകട്ടെ. ●

**(വിവ. മുഹമ്മദ് ഇസ്മായിൽ, ആലപ്പുഴ)**

ലേഖനം

# വിശുദ്ധ ഖുർആന്റെ ആധ്യാത്മിക പ്രഭാവങ്ങൾ

മനുഷ്യനെ സന്മാർഗത്തിലേക്ക് വഴി നടത്താൻ മുഹമ്മദ് നബി (സ)യുടെ പ്രവചനാനുസാരം ഈ കാലത്ത് ആഗതനായ ദിവ്യഗുരുവിന്റെ ആത്മീയമായ ഉദീരണങ്ങൾ. വിവ: മുഹമ്മദ് ഇസ്മായിൽ

## ഹദ്റത്ത് അഹ്മദ് (അ)

'വിശുദ്ധഖുർആനെ അനുധാവനം ചെയ്യുന്നതിലൂടെ ദൈവാനുഗ്രഹങ്ങൾ ഹൃദയത്തിലിറങ്ങുകയും അത്ഭുതകരമായ സ്നേഹബന്ധം ഉദാരനായ അല്ലാഹുവുമായി ഉണ്ടാകുകയും ചെയ്യുന്നുവെന്നത് ലക്ഷക്കണക്കിന് പരിശുദ്ധാത്മാക്കളുടെ അനുഭവമാണ്. അല്ലാഹുവിന്റെ പ്രകാശങ്ങളും ദിവ്യബോധനങ്ങളും അവരുടെ ഹൃദയങ്ങളിൽ ഇറങ്ങുന്നു. ഈശ്വരീയമായ ജ്ഞാനങ്ങളും എല്ലാവർക്കും ഗ്രഹിച്ചെടുക്കാൻ പറ്റാത്ത കാര്യങ്ങളും അവരുടെ നാവിലൂടെ പുറത്തുവരുന്നു. ഒരു സമർപ്പണശക്തിയും പ്രബലവിശ്വാസവും അവർക്ക് നൽകുന്നു, ദൈവവുമായിട്ടുള്ള സംസർഗത്താൽ സംരക്ഷണം പ്രാപിച്ചു ഒരു ഹൃദ്യമായ ദൈവസ്നേഹം അവരുടെ ഹൃദയങ്ങളിൽ നിക്ഷേപിക്കുന്നു. അവരെ കഷ്ടതകളുടെ ഉരലിലിട്ട് പൊടിപൊടിയാക്കിയാലും ചക്കിലിട്ട് ആട്ടിയെടുത്താലും ദൈവസ്നേഹത്തിന്റെ നീരല്ലാതെ ഒന്നും അവരിലുണ്ടാകുകയില്ല. ജനങ്ങൾക്ക് അവരെ അറിയില്ല. അവർ ജനങ്ങളിൽനിന്ന് വളരെ ദൂരത്തും ഉന്നതിയിലുമാണ്. അവരോടുള്ള അല്ലാഹുവിന്റെ ഇടപാടുകൾ അത്ഭുതസിദ്ധിയാണ്. ദൈവമുണ്ടെന്ന് അവർക്ക് അനുഭവവേദ്യമായി. അവൻ ഏകനാണെന്നും അവർക്ക് വ്യക്തമായി. അവർ പ്രാർഥിക്കുമ്പോൾ അവരുടെ പ്രാർഥന കേൾക്കുന്നു. അവർ അഭയം തേടുമ്പോൾ അവർ അവരിലേക്ക് ഓടുന്നു. അവൻ പിതാക്കന്മാരെക്കാളധികം അവരെ സ്നേഹിക്കുന്നു. അവരുടെ ഉമ്മറപ്പടികളിലും ഭിത്തികളിലും അനുഗ്രഹങ്ങളുടെ മഴ വർഷിക്കുന്നു. അവന്റെ ബാഹ്യവും ആന്തരവും ആത്മീയവും ശാരീരികവുമായ സഹായങ്ങൾകൊണ്ട് അവർ തിരിച്ചറിയപ്പെടുന്നു. അവൻ എല്ലാ രംഗങ്ങളിലും അവരെ സഹായിക്കുന്നു. എന്തുകൊണ്ടെന്നാൽ, അവർ അവന്റേതാണ്, അവൻ അവരുടേതും." (സുർമചശ്മെ ആര്യ, അടിക്കുറിപ്പ്, പേ-23-24)

ഖുർആനികമായ പ്രഭാവങ്ങൾ അത്ഭുതസിദ്ധിയാണ്. എന്തുകൊണ്ടെന്നാൽ ഖുർആനെപ്പൊലെ ലോകത്ത് സ്വാധീനം ചെലുത്തിയിട്ടുള്ള ഏതെങ്കിലും ഗ്രന്ഥം ഉദാഹരണമെന്ന നിലയിൽ പറയാൻ ആർക്കും സാധ്യമല്ല. വിശുദ്ധഖുർആൻ വരുത്തിയ അത്ഭുതകരമായ മാറ്റവും പരിഷ്കരണവും ഏതെങ്കിലും ഗ്രന്ഥം വരുത്തിയിട്ടുള്ളതായി ആർക്കെങ്കിലും തെളിവു നല്കാൻ സാധിക്കുമോ? (സുർമ ചശ്മെ ആര്യ, അടിക്കുറിപ്പ്, പേ-25,26 അടിക്കുറിപ്പ്)

വിശുദ്ധഖുർആന്റെ അത്ഭുതകരമായ പ്രഭാവങ്ങളിൽ ഒന്ന്, അതിനെ പൂർണമായും പിൻപറ്റുന്നയാൾ സ്വീകാര്യതയുടെ പദവി പ്രാപിക്കുന്നു എന്നതുമാണ്. അവരുടെ പ്രാർഥനകൾ സ്വീകരിക്കപ്പെടുകയും അല്ലാഹു തന്റെ ഹൃദയഭാഷണത്തോടും നിറഞ്ഞ പ്രൗഢിയോടും കൂടി അവർക്കത് അറിയിച്ചുകൊടുക്കുകയും പ്രത്യേകനിലയിൽ ശത്രുക്കൾക്കെതിരിൽ അവരെ സഹായിക്കുകയും ചെയ്യുന്നു. പിന്താങ്ങ് എന്ന നിലയിൽ തന്റെ പ്രത്യേക അദൃശ്യവിഷയത്തിൽനിന്ന് അവർക്ക് വിവരം നല്കുന്നു. (ചശ്മയെ മഅ്രിഫത്ത്, പേ-259, അടിക്കുറിപ്പ്)

വിശുദ്ധഖുർആൻ അതിന്റെ ആധ്യാത്മിക വിശേഷഗുണവും വ്യക്തിഗതമായ വെളിച്ചവുംകൊണ്ട് അതിന്റെ സത്യസന്ധനായ അനുയായിയെ തന്നിലേക്ക് ആകർഷിച്ചെടുക്കുന്നു. അവന്റെ ഹൃദയത്തെ പ്രകാശിപ്പിക്കുന്നു. പിന്നീട് വലിയ വലിയ അടയാളം കാണിച്ചുകൊണ്ട്

കഷണം കഷണമാക്കുന്ന വാളിനു പോലും മുറിച്ചുനീക്കാൻ സാധിക്കാത്തതരത്തിലുള്ള സുദൃഢബന്ധം അല്ലാഹുവുമായി ഉണ്ടാക്കിക്കൊടുക്കുന്നു. അത് ഹൃദയത്തിന്റെ കണ്ണ് തുറക്കുന്നു. പാപത്തിന്റെ മലിനമായ ഉറവിടത്തെ അടയ്ക്കുന്നു. അല്ലാഹുവിന്റെ ഹൃദയഭാഷണവും സംബോധനവും അദൃശ്യജ്ഞാനങ്ങളും പ്രദാനം ചെയ്യുന്നു. പ്രാർഥന സ്വീകരിക്കുമ്പോൾ തന്റെ ഭാഷണം കൊണ്ടറിയിക്കുന്നു. വിശുദ്ധഖുർആന്റെ സത്യവാനായ അനുയായിക്കെതിരിൽ പോരാടുന്ന ഓരോരുത്തർക്കും ഭയങ്കരമായ അടയാളത്താൽ തന്റെ ഗ്രന്ഥത്തെ പിൻപറ്റുന്നവരോടൊപ്പമാണ് താനെന്ന് അല്ലാഹു വെളിപ്പെടുത്തിക്കൊടുക്കുന്നു. (ചശ്മയെ മഅ്രിഫ, പേ- 294, 295)

## നമസ്കാരം

ലാഇലാഹ ഇല്ലല്ലായുടെ പൊരുൾ കേട്ടതിനുശേഷം ഇനി നമസ്കാരത്തിലേക്ക് ശ്രദ്ധിക്കുക. അത് കൃത്യതയോടെ നിർവഹിക്കാൻ വിശുദ്ധഖുർആനിൽ ആവർത്തിച്ചാവർത്തിച്ച് താക്കീത് ചെയ്യപ്പെട്ടിരിക്കുന്നു. പക്ഷേ, അതിനോടൊപ്പം ഇങ്ങനെയും പറഞ്ഞിട്ടുണ്ട്. *വയ്ലുൻല്ലിൽ മുസല്ലീനല്ലദീനഹും അൻസ്വലാത്തിഹിം സാഹൂൻ* നമസ്കാരത്തിലെ യാഥാർഥ്യത്തിൽനിന്ന് അജ്ഞരായ നമസ്കാരക്കാർക്ക് നാശം. അകൽച്ചയുടെ നേരത്ത് കൂടിക്കാഴ്ചയ്ക്കും കൂടിച്ചേരലിനും വേണ്ടി വേദനയോടും സങ്കടത്തോടുംകൂടി തന്റെ ദൈവത്തിന്റെ സന്നിധിയിൽ മനുഷ്യൻ നടത്തുന്ന ഒരു അർഥനയാണ് നമസ്കാരമെന്ന് മനസ്സിലാക്കേണ്ടതാണ്. കാരണം അല്ലാഹു പരിശുദ്ധനാക്കാത്തിടത്തോളം കാലം ആരും പരിശുദ്ധരാവുകയില്ല. അവൻ സ്വയം കൂടികാഴ്ച നല്കാത്തിടത്തോളംകാലം ആർക്കും കൂടികാഴ്ച ലഭിക്കുകയില്ല. പലരീതിയിലുള്ള വളയങ്ങളും പലതരത്തിലുള്ള ചങ്ങലകളും മനുഷ്യന്റെ കഴുത്തിൽ വീണുകിടക്കുന്നു. അത് അകലണമെന്ന് മിക്കവരും ആഗ്രഹിക്കുന്നുണ്ട്. എന്നാൽ, അവ അകലുന്നില്ല. മനുഷ്യന് പരിശുദ്ധനാവണമെന്ന ആഗ്രഹമുണ്ടായിട്ടും ദോഷപ്രവണമായ ആത്മാവിന്റെ പ്രേരണകൾ ഉണ്ടാകുക തന്നെ ചെയ്യുന്നു. പാപങ്ങളിൽനിന്ന് പരിശുദ്ധമാക്കുക എന്നത് ദൈവത്തിന്റെ പ്രവൃത്തിയാണ്. ബലം പ്രയോഗിച്ച് നിങ്ങളെ പരിശുദ്ധരാക്കാൻ അവനെക്കൂടാതെ ഒരു ശക്തിയുമില്ല. പരിശുദ്ധമായ വികാരങ്ങൾ ഉണ്ടാക്കുന്നതിനുവേണ്ടിയാണ് അല്ലാഹു നമസ്കാരം വെച്ചിട്ടുള്ളത്. നമസ്കാരമെന്താണ്? ദുഷ്ചിന്തകളും ദുർവിചാരങ്ങളും അകന്നുപോകുന്നതിനും ശുദ്ധമായ സ്നേഹവും ശുദ്ധമായ ബന്ധവും ലഭിക്കുന്നതിനും അല്ലാഹുവിന്റെ കല്പനകൾക്കു വിധേയരായി നടക്കാൻ ഭാഗ്യം ഉണ്ടാകുന്നതിനും വേണ്ടി വേദനയോടും എരിച്ചലോടും നീറ്റലോടുംകൂടി അല്ലാഹുവിനോട് ചെയ്യുന്ന ഒരു അർഥനയാണത്. പ്രാർഥന കേവലം നാവുകൊണ്ടല്ല, പ്രത്യുത, അതിനോടൊപ്പം എരിച്ചിലും പുകച്ചിലും നീറ്റലുമുണ്ടാകേണ്ടത് നിർബന്ധമാണെന്ന് സ്വലാത്ത് എന്ന പദം വിളിച്ചോതുന്നു. മനുഷ്യൻ ദുആയുടെ സ്ഥിതിയിൽ മരണാവസ്ഥ പ്രാപിക്കുന്നതുവരെ അല്ലാഹു ദുആ സ്വീകരിക്കുകയില്ല.

നമസ്കാരം വലിയ ഗംഭീരതരത്തിലുള്ള പ്രാർഥനയാണ്. എന്നാൽ, ആളുകൾ അതിനെ വിലമതിക്കുന്നില്ല. ഇക്കാലഘട്ടത്തിൽ മുസ്ലിംകൾ ദൈവനാമജപത്തിലേക്ക് ശ്രദ്ധ തിരിച്ചിരിക്കുകയാണ്. നൗശാഹി, നഖ്ശ്ബൻദി തുടങ്ങിയ ഒരുപാട് കക്ഷികളുണ്ട്. വ്യസനകരമെന്ന് പറയട്ടെ അവരിൽ ആരും തന്നെ അനാചാരങ്ങളുടെ കലർപ്പിൽനിന്ന് മുക്തരല്ല. ഈ ആളുകൾ നമസ്കാരത്തിന്റെ യാഥാർഥ്യത്തിൽ അജ്ഞരാണ്. ദൈവകല്പനകളെ അവർ പരിഹസിക്കുന്നു. നമസ്കാരം നിലവിലിരിക്കെ പ്രാർഥിക്കുന്നവന് ഈ അനാചാരങ്ങളിലൊന്നിന്റേയും ആവശ്യമില്ല. ബുദ്ധിമുട്ടിന്റെ നേരത്ത് അംഗസ്നാനം വരുത്തി നമസ്കരിക്കുന്നതിനായി എഴുന്നേറ്റു നില്ക്കുകയും പ്രാർഥിക്കുകയും ചെയ്യുക എന്നതായിരുന്നു നബി(സ) തിരുമേനിയുടെ രീതി. നമസ്കാരത്തെക്കാൾ കൂടുതൽ അല്ലാഹുവിന്റെ അടുത്തേക്ക് കൊണ്ടുപോകുന്ന മറ്റൊരു സംഗതിയും ഇല്ലെന്ന് നമ്മുടെ അനുഭവവുമാണ്. വിനയത്തിന്റേയും വണക്കത്തിന്റേയും മര്യാദയുടെയും പ്രകടനം ഉൾക്കൊള്ളുന്നവയാണ് നമസ്കാരത്തിന്റെ ഭാഗങ്ങൾ. നില്ക്കുമ്പോൾ നമസ്കാരക്കാരൻ കൈകെട്ടി നില്ക്കുന്നു; ഒരടിമ തന്റെ യജമാനന്റേയും രാജാവിന്റേയും മുമ്പിൽ മര്യാദയോടുകൂടി നില്ക്കുന്നതുപോലെ. റുക്കൂഇൽ വണക്കത്തോടെ കുനിയുന്നു. ഏറ്റവും വലിയ വണക്കം സുജൂദ് ചെയ്യുമ്പോഴാണ്. അതങ്ങേയറ്റത്തെ വിനയാവസ്ഥ പ്രകടിപ്പിക്കുന്നു. (ജൽസാ സാലാനാ പ്രഭാഷണം, 1906)

നമസ്കാരങ്ങളെ കൃത്യമായി ഉത്തരവാദത്തോടുകൂടി അനുഷ്ഠിക്കേണ്ടതാണ്. ചിലയാളുകൾ ഒരേയൊരു നേരത്തെ നമസ്കാരമേ അനുഷ്ഠിക്കുന്നുള്ളൂ. നമസ്കാരം മാപ്പാകുകയില്ലെന്ന കാര്യം അവർ ഓർക്കേണ്ടതാണ്. നബിമാർക്കുപോലും അത് മാപ്പാക്കപ്പെട്ടിട്ടില്ല. ഒരു ഹദീസിൽ വന്നിരിക്കുന്നു. നബി(സ)യുടെ അടുക്കൽ പുതുവിശ്വാസികളുടെ ഒരു സംഘം വന്ന് നമസ്കാരം മാപ്പാക്കണമെന്ന് അപേക്ഷിച്ചു. അവിടന്ന് അരുൾചെയ്തു: ഏതൊരു മതത്തിലാണോ കർമമില്ലാത്തത് ആ മതം, മതം തന്നെയല്ല. (മൽഫൂസാത്ത്, വാല്യം 1, പേ- 254)

അല്ലാഹുവിനോട് സത്യസന്ധമായ ബന്ധവും യഥാർഥമായ അടുപ്പവും നിലനിറുത്താനാഗ്രഹിക്കുന്നെങ്കിൽ നമസ്കാരത്തിൽ ലയിക്കുന്നവരായിത്തീരാൻ ഞാൻ നിങ്ങളോട് വീണ്ടും പറയുന്നു. എത്രത്തോളമെന്നാൽ നിങ്ങളുടെ ശരീരവും- നിങ്ങളുടെ നാവല്ല- എന്നല്ല, നിങ്ങളുടെ ആത്മാവിന്റെ ഇച്ഛ

കളും വികാരങ്ങളുമെല്ലാം ഒന്നടങ്കം നമസ്കാരമായിത്തീരണം. (മൽഫൂസാത്ത്, വാള്യം 1, പേ 163)

എന്താണ് നമസ്കാരം? നമസ്കാരം യഥാർഥത്തിൽ ആദരവുടയവനായ രക്ഷിതാവിനോടുള്ള പ്രാർഥനയാണ്. ഇതുകൂടാതെ മനുഷ്യന് ജീവിച്ചിരിക്കാൻ സാധ്യമല്ല. സൗഖ്യത്തിന്റേയും സന്തോഷത്തിന്റേയും സഹായവും കിട്ടുകയില്ല. അല്ലാഹു തന്റെ അനുഗ്രഹം അവന്റെമേൽ ചൊരിയുമ്പോഴാണ് യഥാർത്ഥമായ സന്തോഷവും സംതൃപ്തിയും അവന് ലഭിക്കുന്നത്. സ്വാദിഷ്ടമായ ഭക്ഷണം കഴിക്കുമ്പോഴുണ്ടാകുന്ന ആനന്ദംപോലെ ആ നേരം മുതൽ അവന് നമസ്കാരങ്ങളിൽ പ്രിയവും താൽപര്യവുമുണ്ടാകൻ തുടങ്ങും. അതുപോലെ തന്നെ പിന്നീട് ദൈവിക സവിധത്തിലുള്ള കരച്ചിലിനോടും ആവലാതിയോടും പ്രിയം വരുന്നതുമാണ്. നമസ്കാരത്തിനുണ്ടാകേണ്ടതായ ഈ അവസ്ഥ ഉണ്ടായിവരികയും ചെയ്യും. അതിനു മുമ്പേ ആരോഗ്യം ലഭിക്കാൻ കയ്പുള്ള മരുന്ന് കഴിച്ചതുപോലെയായിരുന്നു. ഇപ്രകാരം ആനന്ദരഹിതമായ നമസ്കാരം അനുഷ്ഠിക്കേണ്ടതും പ്രാർത്ഥിച്ചുകൊണ്ടിരിക്കേണ്ടതും നിർബന്ധമാണ്. ആനന്ദശൂന്യമായ ആ അവസ്ഥയിൽ നിന്ന് രുചിയും ആനന്ദവും ഉണ്ടാകണമെന്ന വിചാരത്തോടെ ഇങ്ങനെ പ്രാർഥിക്കുക:-

"അല്ലാഹുവേ, ഞാനെത്രമാത്രം അന്ധനും അറിവില്ലാത്തവനുമാണെന്ന് നീ കാണുന്നു, ഞാനീ നേരത്ത് തികച്ചും മൃതാവസ്ഥയിലാണ്. അല്പം കഴിഞ്ഞാൽ നിന്റെ വിളി വരുമെന്ന് എനിക്ക് അറിയാം, അപ്പോൾ ഞാൻ നിന്നിലേക്ക് വരും. ആ നേരത്ത് ആർക്കും എന്നെ തടയാൻ സാധിക്കുകയില്ല. പക്ഷേ, എന്റെ ഹൃദയം ഇരുട്ട് നിറഞ്ഞതും നിന്നെ തിരിച്ചറിയാത്തതുമാണ്. നിന്റെ സ്നേഹവും നിന്നോടുള്ള ആസക്തിയും ഉണ്ടാകുംവിധമുള്ള പ്രകാശത്തിന്റെജ്വാല നീ എന്നിൽ ഇറക്കിയാലും. അന്ധനായി ഉണരാതിരിക്കുന്നതിനും അന്ധന്മാരുടെ കൂട്ടത്തിൽ ചെന്നുചേരാതിരിക്കുന്നതിനും നീ അനുഗ്രഹിച്ചാലും."

ഇത്തരത്തിൽ പ്രാർഥിക്കുകയും അത് മുടങ്ങാതെ തുടരുകയും ചെയ്യുമ്പോൾ അവൻ അനുഷ്ഠിച്ചുപോന്ന ആനന്ദരഹിതമായ അവന്റെ നമസ്കാരത്തിൽ ഒരു വസ്തു ആകാശത്തുനിന്ന് അവനിൽ വീഴുന്ന ഒരു നേരം വന്നെത്തുന്നത് അവൻ കാണുന്നതാണ്. അത് കരച്ചിലുണ്ടാക്കും. (മൽഫൂസാത്ത്, വാള്യം 4, പേ- 361)

***വല്ലദീനഹും അലാ സ്വലവാത്തിഹിം യുഹാഫിളൂൻ.*** അതായത്, ആറാമത്തെ പദവിയിലെത്തിയ മുഅ്മിൻ- സത്യവിശ്വാസി അഞ്ചാമത്തെ പദവിയിൽനിന്നുയർന്നവനായിമാറി. അപ്പോൾ അവൻ തന്റെ നമസ്കാരങ്ങളെ സ്വയം സംരക്ഷിക്കുന്നവനും മേൽനോട്ടക്കാരനുമാണ്. അതായത്, അവൻ മറ്റാരെങ്കിലും പറയുന്നതിനും ഓർമിപ്പിക്കുന്നതിനും ആശ്രയിക്കുന്നവനായിരിക്കുകയില്ല. പ്രത്യുത, അവൻ എപ്പോഴും അതിന്റെ മേൽനോട്ടം വഹിക്കുകയും, ഓരോ നിമിഷവും ദൈവസ്മരണയിൽ കഴിച്ചുകൂട്ടുംവിധമുള്ള ബന്ധം അല്ലാഹുവിനോടുണ്ടാക്കുകയും, അവനെ സ്മരിക്കാൻ സ്വാഭാവികമായ സ്നേഹവും, സ്വസ്ഥതയും, ജീവിതവും അവന് ലഭിക്കുകയും ചെയ്യുന്നു. ദൈവത്തെ സ്മരിക്കുന്നതിൽനിന്ന് അണുനിമിഷം വേറിടുന്നത് അവനിഷ്ടപ്പെടുന്നില്ല.

നഷ്ടപ്പെട്ടാൽ തനിക്ക് നാശമുണ്ടാകും എന്ന് കരുതുന്ന വസ്തുവിനെ മനുഷ്യൻ എല്ലാവിധത്തിലും പാടുപെട്ട് സംരക്ഷിക്കുമെന്നത് വ്യക്തമാണ്. വെള്ളവും ഭക്ഷണവും ഒന്നും ലഭിക്കാത്ത വിജനമായ ഒരു സ്ഥലത്തൂടെ ഒരാൾ യാത്ര ചെയ്യുകയാണ്. നൂറുകണക്കിന് മൈലുകൾക്കപ്പുറം വെള്ളമോ ഭക്ഷണമോ കിട്ടുമെന്ന പ്രതീക്ഷ അയാൾക്കില്ല. അയാൾ തന്റെ കയ്യിലുള്ള ഭക്ഷണം എത്ര കാര്യമായിട്ടായിരിക്കും സൂക്ഷിച്ചുവെക്കുക. തന്റെ ജീവനു തുല്യം അയാൾ അതിനെ മനസ്സിലാക്കുന്നു. എന്തുകൊണ്ടെന്നാൽ അത് നഷ്ടപ്പെടുന്നതോടെ തന്റെ മരണം സംഭവിക്കുമെന്ന് അയാൾ ദൃഢമായും വിശ്വസിക്കുന്നു. ആരാണോ ഈ വഴിയാത്രക്കാരനെപോലെ തങ്ങളുടെ നമസ്കാരങ്ങളെ കാത്തുസൂക്ഷിക്കുന്നത് അവൻ ധനനഷ്ടമുണ്ടായാലും മാനഹാനിയുണ്ടായാലും നമസ്കാരം കാരണത്താൽ ആരെങ്കിലും വെറുത്താലും ശരി, നമസ്കാരം ഒഴിവാക്കുകയില്ല. അത് നഷ്ടപ്പെടുമോ എന്ന ആശങ്കയിൽ അവന് കഠിനമായ അസ്വസ്ഥതയുണ്ടാകുകയും വിഷമംകൊണ്ട് മരിച്ചവനെപ്പോലെ ആയിത്തീരുകയും ചെയ്യുന്നു. അവൻ ഒരു ശ്വാസംപോലും ദൈവസ്മരണയിൽനിന്ന് വേർപെടാൻ ആഗ്രഹിക്കുകയില്ല. നമസ്കാരവും ദൈവസ്മരണയും യഥാർത്ഥത്തിൽ തന്റെയൊരു പ്രധാന ഭക്ഷണമായി അവൻ മനസ്സിലാക്കുന്നു. അതിലാണ് അവന്റെ ജീവിതത്തിന്റെ നിലനില്പ്. ഈ അവസ്ഥ ഉണ്ടാകുന്നത് അല്ലാഹു അവനെ സ്നേഹിക്കുമ്പോഴാണ്. അവന്റെ വ്യക്തിപരമായ സ്നേഹത്തിന്റെ ഒരു ജ്വലിക്കുന്ന തീനാളം- ആദ്ധ്യാത്മികമായ നിലനില്പിന് അതിനെ ഒരു ആത്മാവെന്ന് പറയാവുന്നതാണ്- അവന്റെ ഹൃദയത്തിൽ ഇറങ്ങുകയും അവന് ഹയാത്തെ സാനീ- രണ്ടാമത്തെ ജീവിതം നല്കുകയും ചെയ്യുന്നു. ആ ആത്മാവ് അവന്റെ സകല ആദ്ധ്യാത്മികതയ്ക്കും വെളിച്ചവും ജീവിതവും പകരുന്നു. അപ്പോൾ അവൻ ഏതെങ്കിലും കൃത്രിമമായ നിലയിൽ ദൈവസ്മരണയിൽ മുഴുകുകയില്ല. മറിച്ച്, ഭൗതികമായി മനുഷ്യജീവിതം ഭക്ഷണത്തിലും വെള്ളത്തിലും നിലനിർത്തിയിട്ടുള്ള അല്ലാഹു താൻ സ്നേഹിക്കുന്ന അവന്റെ ആദ്ധ്യാത്മികജീവിതത്തെ തന്റെ സ്മരണയാകുന്ന ഭക്ഷണവുമായി ബന്ധിപ്പിക്കുന്നു. അതുകൊണ്ട് അവൻ ആ ഭക്ഷണത്തേയും വെള്ളത്തേയും ഭൗതിക

മായ ഭക്ഷണത്തേക്കാളും വെള്ള ത്തേക്കാളും കൂടുതൽ ആഗ്രഹിക്കുന്നു. അത് നഷ്ടപ്പെടുന്നതിനെ ഭയക്കുന്നു. ഇത് ഒരു തീനാളം പോലെ അവനിൽ ഇട്ടുകഴിഞ്ഞ ആത്മാവിന്റെ സ്വാധീനമാണ്. ഇത് മുഖേന ദൈവപ്രേമത്തിന്റെ പൂർണമായ ലഹരി അവനിലുണ്ടാകുന്നു. അതുകൊണ്ട് ദൈവസ്മരണയിൽനിന്ന് ഒരുനിമിഷംപോലും വേർപെടാൻ അവൻ ഇഷ്ടപ്പെടുകയില്ല. അവൻ അതിനുവേണ്ടി ദുഃഖം സഹിക്കുകയും വിപത്തുകളെ അഭിമുഖീകരിക്കുകയും ചെയ്യും. എന്നാൽ അതിൽനിന്ന് ഒരുനിമിഷംപോലും വേർപെടാൻ ആഗ്രഹിക്കുകയില്ല. ഒരോ ശ്വാസത്തിലും അവൻ ദൈവസ്മരണയിൽ ഏർപ്പെടുകയും തന്റെ നമസ്കാരങ്ങളുടെ സംരക്ഷകനും മേൽനോട്ടക്കാരനുമായിരിക്കുകയും ചെയ്യും. ഇക്കാര്യം അവന് പ്രകൃതിസിദ്ധമാണ്. എന്തുകൊണ്ടെന്നാൽ, വാസ്തവത്തിൽ അല്ലാഹു തന്റെ സ്നേഹനിർഭരമായ സ്മരണയെ ദൈവസ്മരണയെ– ഇതിനെ മറ്റുവാക്കുകളിൽ നമസ്കാരം എന്നു പറയുന്നു– അവന് ഒഴിച്ചുകൂടാൻപറ്റാത്ത ഭക്ഷണമായി നിശ്ചയിച്ചുകൊടുത്തിരിക്കുകയാണ്. തന്റെ വ്യക്തിപരമായ സ്നേഹത്താൽ അവനിൽ വെളിപ്പെട്ട് ദൈവസ്മരണയുടെ ഒരു സുന്ദരമായ ആനന്ദം അവന് നൽകിയിരിക്കുന്നു. ഇക്കാരണത്താൽ ദൈവസ്മരണ ജീവനെ പോലെ, എന്നല്ല ജീവനെക്കാളുപരിയായി അവന് പ്രിയങ്കരമായിത്തീർന്നു. ദൈവത്തിന്റെ വ്യക്തിപരമായ സ്നേഹം ഒരു പുതു ആത്മാവാണ്. അത് തീനാളംപോലെ അവന്റെ ഹൃദയത്തിൽ പതിക്കുന്നു. അവന്റെ നമസ്കാരത്തേയും ദൈവസ്മരണയേയും ഒരു ഭക്ഷണമെന്നപോലെ അവനുണ്ടാക്കിക്കൊടുക്കുന്നു. തന്റെ ജീവിതം ഭക്ഷണവും വെള്ളവും കൊണ്ടല്ല. നേരെമറിച്ച്, നമസ്കാരവും ദൈവസ്മരണയും കൊണ്ടാണെന്ന് അവൻ ദൃഢമായും വിശ്വസിക്കുന്നു.

ചുരുക്കത്തിൽ സ്നേഹത്താൽ നിർഭരമായ ദൈവസ്മരണയുടെ പേരാണ് നമസ്കാരം. അത് വാസ്തവത്തിൽ അവരുടെ ഭക്ഷണമായി തീരുകയാണ്. അത് കൂടാതെ അവർക്ക് ജീവിക്കാനേ പറ്റുകയില്ല. വെള്ളവും ധാന്യവുമൊന്നുമില്ലാത്ത വനത്തിലൂടെ നീങ്ങുന്ന യാത്രക്കാരൻ തന്റെ കൈയിലുള്ള അല്പം ഭക്ഷണത്തെ സംരക്ഷിക്കുകയും തോൽസഞ്ചിയിലുള്ള അല്പമാത്രമായ ജലത്തെ ജീവനുതുല്യം കാണുകയും ചെയ്യുന്നതുപോലെ അവൻ അതിനെ സംരക്ഷിക്കുകയും കാത്തുസൂക്ഷിക്കുകയും ചെയ്യുന്നു. ഉദാരനായ അല്ലാഹു മനുഷ്യന്റെ ആത്മീയാഭിവൃദ്ധിക്കായി ഇങ്ങനെയും ഒരു നില വെച്ചിരിക്കുകയാണ്. അത് വ്യക്തിപരമായ സ്നേഹവും പ്രേമവായ്പിന്റെ ആധിക്യവും സമ്മർദത്തിന്റെ അവസാനത്തെ നിലയുമാണ്. വാസ്തവത്തിൽ ഈ നിലയിലെത്തുമ്പോൾ മനുഷ്യന് സ്നേഹനിർഭരമായ ദൈവസ്മരണ– ഇതിന് മതപരമായ സാങ്കേതികപദം നമസ്കാരം എന്നാണ്– ഭക്ഷണത്തിന്റെ പകരകാരനായി തീരുന്നു. എന്നല്ല, അവൻ നിരന്തരം തന്റെ ശാരീരികമായ ആത്മാവിനേയും ഈ ഭക്ഷണത്തിൽ ബലിയർപ്പിക്കാൻ ആഗ്രഹിക്കുന്നു. വെള്ളം കൂടാതെ മത്സ്യത്തിന് ജീവിക്കാൻ പറ്റാത്തതുപോലെ അവന് അത് കൂടാതെ ജീവിക്കാൻ പറ്റുകയില്ല. അല്ലാഹുവിൽനിന്ന് ഒരുനിമിഷംപോലും അകന്നുകഴിയുന്നത് തന്റെ മരണമായി അവൻ മനസ്സിലാക്കുന്നു. അവന്റെ ആത്മാവ് ദൈവികസവിധത്തിൽ സദാപ്രണമിച്ചുകൊണ്ടിരിക്കുന്നു. തന്റെ സൗഖ്യങ്ങളെല്ലാം അല്ലാഹുവിൽ ആയിത്തീരുന്നു. കണ്ണ് ഇമയ്ക്കുന്നത്ര നിമിഷം പോലും ദൈവസ്മരണയിൽനിന്ന് വേർപ്പെട്ടാൽ താൻ മരിച്ചുപോയെന്ന് അവന് ദൃഢവിശ്വാസമുണ്ടാകുന്നു. എപ്രകാരം ഭക്ഷണം മുഖേന ശരീരത്തിന് ഓജസ്സും കണ്ണ്, ചെവി തുടങ്ങിയ അവയവങ്ങളുടെ കഴിവുകളിൽ ഉണർവും ഉണ്ടാകുന്നുവോ അപ്രകാരം ആ നിലയിൽ പ്രേമവായ്പിന്റേയും സ്നേഹത്തിന്റേയും തിളപ്പിനാൽ ഉണ്ടാകുന്ന ദൈവസ്മരണ സത്യവിശ്വാസിയുടെ ആദ്ധ്യാത്മിക കഴിവുകൾക്ക് ഉൽക്കർഷം പകരുന്നു. അതായത്, കണ്ണിന് ജാഗ്രദർശന ശക്തി അങ്ങേയറ്റം നിർമലവും മനോഹരവുമായ നിലയിൽ ഉണ്ടായിത്തീരുന്നു. ചെവി ദൈവഭാഷണം കേൾക്കുന്നു. ആ ഭാഷണം നാവിലൂടെ അങ്ങേയറ്റം രുചികരവും തെളിഞ്ഞതും ശുദ്ധവുമായ നിലയിൽ ഒഴുകിത്തുടങ്ങുന്നു. സത്യമായ സ്വപ്നങ്ങൾ അധികമായി ഉണ്ടാകുന്നു. അത് പ്രഭാതവെളിച്ചം പോലെ വെളിപ്പെട്ടുവരുന്നു. മാന്യമായ ദൈവികസന്നിധിയിൽ നിന്നുണ്ടാകുന്ന സംശുദ്ധമായ സ്നേഹബന്ധത്താൽ സുവിശേഷം അറിയിക്കുന്ന സ്വപ്നങ്ങളിൽ അവൻ ധാരാളമായി ഭാഗഭാക്കാകുന്നു. ദൈവത്തിന്റെ സ്നേഹം തനിക്ക് ഭക്ഷണവും വെള്ളവുമായി പ്രയോജനപ്പെടുന്നുവെന്ന് സത്യവിശ്വാസിക്ക് ബോധ്യമാകുന്ന നില ഇതുതന്നെയാണ്. അദ്യമേതന്നെ ആത്മീയമായ മൂശ പൂർണമായും ഒരുങ്ങിക്കഴിഞ്ഞിരുന്ന നേരത്താണ് ഈ പുതിയ ജന്മമുണ്ടാകുന്നത്. പിന്നീട് ആ ആത്മാവ് ദൈവത്തിന്റെ തന്നെ സ്നേഹത്തിന്റെ ഒരു തീനാളമായിത്തീരുകയും അത് അത്തരം സത്യവിശ്വാസിയുടെ ഹൃദയത്തിൽ വന്നുപതിക്കുകയും പൊടുന്നനെ മനുഷ്യഭാവനയ്ക്കതീതമായ ഉപരിസ്ഥശക്തി അവനെ കൂട്ടിക്കൊണ്ടുപോകുകയും ചെയ്യുന്നു. ഈ നിലയെ ആദ്ധ്യാത്മികപരമായി അവസാനത്തെ സൃഷ്ടി എന്നു പറയുന്നു. ഈ നിലയിൽ തന്റെതന്നെ സ്നേഹത്തിന്റെ ഒരു പ്രകാശിക്കുന്ന തീനാളം ദൈവം– അതിനെ മറ്റുവാക്കുകളിൽ ആത്മാവെന്നാണ് പറയുന്നത്– സത്യവിശ്വാസിയുടെ ഹൃദയത്തിൽ ഇറക്കുകയും അതുമുഖേന സകല അന്ധകാരങ്ങളേയും മാലിന്യങ്ങളേയും ദൗർബല്യങ്ങളേയും അകറ്റുകയും ചെയ്യുന്നു. ഈ ആത്മാവ് ഊതുന്നതോടുകൂടി

ഏറ്റവും താഴ്ന്നനിലയിലുണ്ടായിരുന്ന ആ സൗന്ദര്യം തികവാർന്ന നിലയിലെത്തുകയും ആത്മീയമായൊരു പ്രകാശവും വെളിച്ചവും ഉണ്ടായിവരികയും ദുഷിച്ചജീവിതത്തിന്റെ സ്വാധീനം പൂർണമായും അകലുകയും ചെയ്യുന്നു. അപ്പോൾ തന്റെയുള്ളിൽ മുമ്പേ ഇല്ലായിരുന്ന ഒരു പുതിയ ആത്മാവ് പ്രവേശിച്ചിട്ടുണ്ടെന്ന് സത്യവിശ്വാസി അനുഭവിച്ചറിയുന്നു. ആ ആത്മാവ് ലഭിക്കുന്നതിലൂടെ അത്ഭുതപ്പെടുത്തുംവിധമുള്ള ഒരു സമാധാനവും ശാന്തിയും സത്യവിശ്വാസിക്ക് കൈവരുന്നു. യഥാർഥ സ്നേഹം വെള്ളച്ചാട്ടംപോലെ അലതല്ലുകയും ദാസതയുടെ ചെടിക്ക് വെള്ളം നൽകുകയും ചെയ്യുന്നു. ആദ്യം നിസ്സാരചൂടുമാത്രമുണ്ടായിരുന്ന ആ തീ പ്രസ്തുത സ്ഥാനം പ്രാപിക്കുമ്പോൾ തികവോടും പൂർണതയോടുംകൂടി ആളിക്കത്തുകയും മാനുഷികമായ അസ്തിത്വത്തിന്റെ സകല ചപ്പുചവറുകളെയും കത്തിച്ച് ദൈവത്വത്തിന്റെ നിയന്ത്രണം അതിനെ ഏല്പിക്കുകയും ചെയ്യുന്നു. ആ തീ സകല അവയവങ്ങളേയും തന്റെ വലയത്തിലാക്കുന്നു. അപ്പോൾ അത് തീയിൽ പഴുപ്പിച്ചെടുത്ത ഇരുമ്പുപോലെയാകുകയും തീയുടെ നിറത്തിലാകുകയും എപ്രകാരം ഇരുമ്പ് ആ നിലയിലെത്തുമ്പോൾ തീയുടെ ലക്ഷണങ്ങളും പ്രവൃത്തികളും പ്രകടപ്പിക്കുന്നുവോ അതേപ്രകാരം ആ സത്യവിശ്വാസിയിൽനിന്ന് ദൈവത്വത്തിന്റെ ലക്ഷണങ്ങളും പ്രവൃത്തികളും പ്രകടമാകുകയും ചെയ്യുന്നു. ഇതിന്റെ അർഥം ആ സത്യവിശ്വാസി ദൈവമായെന്നല്ല. മറിച്ച്, ദൈവസ്നേഹത്തിന്റെ അങ്ങനെതന്നെയുള്ള അല്പം ശീലത്വമാണത്. ബാഹ്യമായ അസ്തിത്വത്തെ അത് അതിന്റേതായ നിറത്തിൽ കൊണ്ടുവരുന്നു. ഉൾഭാഗത്ത് ദാസതയും അതിന്റെ ബലഹീനതയും നിലവിലുണ്ടാകുകയും ചെയ്യുന്നു. ആ നില പ്രാപിക്കുമ്പോൾ ദൈവം സത്യവിശ്വാസിയുടെ ആഹാരമായിത്തീരുന്നു. അത് ഭക്ഷിക്കുന്നതിലാണ് അവന്റെ ജീവിതം നിലകൊള്ളുന്നത്. സത്യവിശ്വാസിയുടെ വെള്ളവും ദൈവമായിത്തീരുന്നു. അത് കുടിക്കുന്നതിനാൽ മരണത്തിൽനിന്ന് അവൻ രക്ഷപ്പെടുന്നു. അവന്റെ തണുത്തകാറ്റും ദൈവമായിത്തീരുന്നു. അതുമുഖേന അവന്റെ മനസ്സിന് സന്തോഷം ലഭിക്കുന്നു. സത്യവിശ്വാസി ആ നിലയിലെത്തുമ്പോൾ ആലങ്കാരികമായി ദൈവം അവന്റെ ഉള്ളിൽ പ്രവേശിക്കുന്നുവെന്നും അവന്റെ ഹൃദയത്തെ തന്റെ സിംഹാസനമാക്കിത്തീർക്കുന്നുവെന്നും പറയുന്നത് അസ്ഥാനത്താകുകയില്ല. അപ്പോൾ അവൻ തന്റെ ആത്മാവ് കൊണ്ടല്ല, മറിച്ച് ദൈവത്തിന്റെ ആത്മാവിനാൽ കാണുകയും കേൾക്കുകയും സംസാരിക്കുകയും നടക്കുകയും ശത്രുക്കളുടെമേൽ ആക്രമണം നടത്തുകയും ചെയ്യുന്നു. കാരണം അവൻ ആ നിലപ്രാപിക്കുമ്പോൾ ഇല്ലായ്മയുടെയും നാശത്തിന്റെയും സ്ഥാനത്താണ് നിലകൊള്ളുന്നത്. അപ്പോൾ ദൈവത്തിന്റെ ആത്മാവ് സ്വസ്നേഹത്തോടുകൂടി അവനിൽ വെളിപ്പെട്ട് രണ്ടാമത്തെ ജീവിതം അവന് നൽകുന്നു. ആ നേരത്ത് ആത്മീയമായ നിലയിൽ ഈ ദൈവികവചനം സത്യമായി പുലരുന്നു. ഥുമ്മ അൻശഅനാഹു ഖൽഖൻ ആഖറ ഫതബാറക്കല്ലാഹു അഹ്സനുൽ ഖാലിഖീൻ (സമീമ, ബറാഹീനെ അഹ്മദിയ്യാ, വാള്യം 5, പേ: 54–58)

---

കവിത:

## ശാന്തിസമാഗമം

– എം.എ.സമദ്

മാനവ മനനത്തിന്നതിരുകൾക്കപ്പുറം
മാമറച്ചെപ്പൊന്നു കിലുക്കുന്നു ബ്രഹ്മം!
മഹിതമാണതിൻപൊരുൾ മന്ത്രസ്വനങ്ങൾ
മഹത്തുക്കളതു കേട്ടു തല കുമ്പിടുന്നു.

കറയറ്റു ഹൃദയങ്ങൾ തരളിതമാക്കുവാൻ
കൽപ്പനയോടിറങ്ങുന്നു രാവുകളതിസാന്ദ്രം.
നാഗങ്ങളിഴയുന്ന മനസ്സിന്റെയടിവാരം
ത്യാഗത്തിൻ സുരഭിയായ് മാറുന്ന സായൂജ്യം.

നിയതിതന്നമൃതമാം ഭാഷണം കേൾക്കുവാൻ
നിഷ്കപടജന്മങ്ങൾ പുനർജ്ജനിച്ചീടുവാൻ
നിഷ്പ്രാണഭൂമിതൻ തമസ്സാറ്റിമാറ്റുന്നു
നിത്യപ്രകാശത്തിൻ ശാന്തിസമാഗമം!

അനന്തപ്രകാശമേ നിൻ വഴിത്താരയിൽ
അണികളായ് നീങ്ങുന്നൊരായിരമാത്മാക്കൾ!
അശ്രുവിലലിയുന്നു പ്രാർത്ഥനാനയനങ്ങൾ,
സാഷ്ടാംഗമടയുന്നു നീയെഴും ഹൃദയങ്ങൾ!

# ഇസ്‌ലാം: സമാധാനമോ? ഭീഷണിയോ?

**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്** (അയ്യദഹു..)

ഖലീഫത്തുൽ മസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..) 2014 ജൂൺ 13-ാം തീയതി അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ ജർമൻ വാർഷിക സമ്മേളനത്തെ അഭിസംബോധന ചെയ്ത് നടത്തിയ പ്രസംഗം.

വിവ: വി. പി. ബശീർ & നിശാന ബശീർ, ആസ്ത്രേലിയ



എല്ലാ അതിഥികൾക്കും അസ്സലാമുഅലൈക്കും വറഹ്മത്തുല്ലാഹി വബറക്കാത്തുഹു. അല്ലാഹുവിന്റെ സമാധാനവും അനുഗ്രഹങ്ങളും നിങ്ങളിൽ വർഷിക്കുമാറാകട്ടെ. ആദ്യമായി ഞങ്ങളുടെ ക്ഷണം സ്വീകരിച്ച് ഇവിടെ സന്നിഹിതരായ എല്ലാവർക്കും എന്റെ ആത്മാർഥമായ നന്ദി അറിയിച്ച് കൊള്ളുന്നു. നിർഭാഗ്യകരമെന്ന് പറയട്ടെ ലോകത്തെ ബഹുഭൂരിപക്ഷം ആളുകളും മതങ്ങളെക്കുറിച്ച് പ്രത്യേകിച്ച് ഇസ്‌ലാമിനെക്കുറിച്ച് ഭയപ്പാടോടെയാണ് നോക്കി കാണുന്നത്. അതുകൊണ്ട് തന്നെ ഈ സന്ദർഭത്തിൽ തികച്ചും മതപരമായ ഈ പരിപാടിയിൽ നിങ്ങളുടെ സാന്നിദ്ധ്യം തെളിയിക്കുന്നത് നിങ്ങൾക്ക് മതത്തെക്കുറിച്ച് അറിയാനും ഗവേഷണം നടത്താനും അതിയായ ആഗ്രഹം ഉണ്ട് എന്നാണ്. അതിനാൽ എന്റെ നന്ദി അറിയിക്കുന്നതോടൊപ്പം മതത്തിന്റെ ശരിയായ അർഥവും ആവശ്യവും അറിയാൻ ആഗ്രഹിക്കുന്നവരിൽ നിങ്ങളെയും ഉൾപ്പെടുത്തണമെന്ന് ഞാൻ ആത്മാർഥമായി പ്രാർഥിക്കുകയും ചെയ്യുന്നു.

ഇന്ന് അഹ്മദിയ്യാ ഖലീഫ എന്ന നിലക്ക് ഇസ്‌ലാമിന്റെ യഥാർഥ അദ്ധ്യാപനത്തെ കുറിച്ച് നിങ്ങളെ അറിയിക്കാനാണ് ഞാൻ ആഗ്രഹിക്കുന്നത്. ഈ ചുരുങ്ങിയ സമയ

ത്തിനുള്ളിൽ എല്ലാ കാര്യങ്ങളും പറയാൻ സാധിക്കുന്നതല്ല. എങ്കിലും ചില കാര്യങ്ങളിൽ മാത്രം ഒതുങ്ങി ഞാൻ വിഷയം അവതരിപ്പിക്കാം.

പാശ്ചാത്യ രാജ്യങ്ങളിൽ ഇസ്ലാമിനെതിരെ പല ഘട്ടങ്ങളിലായി പല രൂപത്തിലുള്ള ആരോപണങ്ങളാണ് ഉയർന്ന് വന്നത്. ഇസ്ലാമിനെതിരെയുള്ള മനോഭാവം കാരണം പല ആരോപണങ്ങളും തികച്ചും അന്യായമായിട്ടുള്ളതാണ്. വിശുദ്ധ ഖുർആന്റെ പല വചനങ്ങൾക്കും തെറ്റായ വ്യാഖ്യാനങ്ങൾ നൽകിക്കൊണ്ട് (നഊദു ബില്ലാഹ്) ഇസ്ലാം അക്രമവും തീവ്രവാദവും പ്രോത്സാഹിപ്പിക്കുന്നു എന്ന് പ്രചരിപ്പിക്കുന്നു. പ്രവാചകനെ ക്രൂരനും സ്വേച്ഛാധിപതിയുമായി ചിത്രീകരിക്കുന്നു. ഇതിന്റെയെല്ലാം ഫലമായി ജനങ്ങൾ പള്ളിനിർമിക്കുന്നതിനെയും മറ്റും ഭയപ്പാടോടെ കാണുകയും ശക്തമായി എതിർക്കുകയും ചെയ്യുന്നു. തീവ്രവാദ പ്രവർത്തനങ്ങൾ പാശ്ചാത്യലോകത്ത് പ്രചരിക്കുമെന്നാണ് എതിർക്കുന്നവരുടെ ഭയം. ഇന്ന് ബഹുഭൂരിപക്ഷം മുസ്ലിം രാജ്യങ്ങളും ആക്രമണങ്ങളും കുഴപ്പങ്ങളും കാരണം വളരെ മോശപ്പെട്ട അവസ്ഥയിലാണെന്ന് അംഗീകരിക്കാൻ എനിക്ക് യാതൊരു മടിയുമില്ല. അതോടൊപ്പം ചില മുസ്ലിം നാമധാരികളുടെ പ്രവർത്തികൾ കാണുമ്പോൾ സ്വാഭാവികമായും ഇത്തരത്തിലുള്ള ഭയം ശരിയാണെന്ന് തോന്നും. അതുകൊണ്ട് ഇസ്ലാമിനും മുസ്ലിംകൾക്കും നിയന്ത്രണങ്ങൾ ഏർപ്പെടുത്താൻ പലരും ആവശ്യപ്പെടുന്നുണ്ട്. പുതിയ പള്ളിനിർമിക്കുന്നതും ഇസ്ലാം മതം പ്രചരിക്കുന്നതും നിരോധിക്കുവാൻ ഇവർ ശക്തമായി ആവശ്യപ്പെടുകയും ചെയ്യുന്നു. നിർഭാഗ്യകരം എന്ന് പറയട്ടെ പരിശുദ്ധ പ്രവാചകനായ മുഹമ്മദ് നബി(സ)ക്കെതിരെ അസഭ്യവും അശ്ലീലവും നിറഞ്ഞ ഭാഷയാണ് പ്രയോഗിച്ചു കൊണ്ടിരിക്കുന്നത്.

ഇന്ന് ലോകത്ത് ക്രിസ്തു മതത്തിന് ശേഷം ഏറ്റവും കൂടുതൽ വിശ്വാസികൾ ഉള്ള മതമാണ് ഇസ്ലാം. പാശ്ചാത്യലോകത്ത് ഭൂരിപക്ഷവും ക്രിസ്തു മതത്തിൽ വിശ്വസിക്കുന്നില്ല. മതത്തോട് തന്നെ താൽപര്യം വളരെ കുറവാണ്. ചർച്ച് ഇത് അംഗീകരിക്കുകയും മാധ്യമ റിപ്പോർട്ടുകൾ അക്കാര്യം സാക്ഷ്യ പ്പെടുത്തുകയും ചെയ്യുന്നു. ഇവരിൽ വലിയൊരു വിഭാഗം ദൈവാസ്തികൃത്തിൽ വിശ്വാസമുള്ളവരല്ല. മറ്റൊരു വിഭാഗം ദൈവത്തിൽ വിശ്വസിക്കുന്നുണ്ടെങ്കിലും മതം ദൈവത്തിൽ നിന്നുള്ളതല്ല എന്ന് കരുതുന്നവരും അതുകൊണ്ട് തന്നെ മതത്തിന്റെ ആവശ്യകതയെ ചോദ്യം ചെയ്യുന്നവരുമാണ്.

എന്നാൽ മറു ഭാഗത്താകട്ടെ മുസ്ലിം ലോകം തങ്ങളുടെ മതത്തോടും പ്രവാചകനോടും വളരെ അടുത്ത ബന്ധമാണ് കാണിക്കുന്നത്. എത്രത്തോള മെന്നാൽ ഇസ്ലാമിനും പ്രവാചകനും എതിരായുള്ള ആരോപണങ്ങൾക്ക് വികാരപരമായ പ്രതിഷേധങ്ങളിലൂടെയാണ് അവർ പ്രതികരിക്കുന്നത്. ഇത് ക്രമസമാധാനവും താറുമാറാക്കുന്നു. ഇത്തരത്തിലുള്ള പ്രതിഷേധങ്ങൾ തികച്ചും തെറ്റായതും അന്യായപരവുമാണെങ്കിലും യുക്തിയും മനുഷ്യപ്രകൃതിയും മനസ്സിലാക്കിത്തരുന്നത് തെറ്റായ രീതിയിലുള്ള വികാരത്തെ ഉത്തേജിപ്പിക്കുന്നതിന്റെ പ്രതിഫലനമാണ് ഇത്തരത്തിലുള്ള പ്രതികരണങ്ങൾ എന്നാണ്. ഈ വിധത്തിലുള്ള പ്രതികരണങ്ങളെ തെറ്റായി വ്യാഖ്യാനിച്ചു കൊണ്ടും മുതലെടുത്ത് കൊണ്ടും ഇസ്ലാം വിരോധ ശക്തികൾ ഇസ്ലാമിനെ പെട്ടെന്ന് തന്നെ തീവ്രവാദ മതമായി ചിത്രീകരിക്കുവാൻ തിടുക്കം കാട്ടുന്നു. യാതൊരു വിധ അന്വേഷണവും നടത്താതെ ഇസ്ലാമിനെതിരെ ആരോപണങ്ങൾ തൊടുത്തു വിടുന്ന ഇവർ ഇത്തരം അതിക്രമങ്ങളെ തടയുന്നതോടൊപ്പം തന്നെ ഇസ്ലാമികാദ്ധ്യാപനങ്ങളിൽ ഇവക്ക് അടിസ്ഥാനമുണ്ടോ എന്ന് അന്വേഷിക്കുകയും ചെയ്യണം. പശ്ചാത്യ മാധ്യമങ്ങളുടെ ഈ സമീപനം പലപ്പോഴും ചോദ്യം ചെയ്യപ്പെട്ടിട്ടുണ്ട്. മുസ്ലിം നാമധാരികളുടെ പ്രവർത്തനങ്ങളെ ഇസ്ലാമിനോട് ബന്ധിപ്പിക്കുകയും ക്രിസ്ത്യാനികൾ നടത്തുന്ന അതിക്രമങ്ങളെ ക്രിസ്തു മതത്തോട് ബന്ധപ്പിക്കാതിരിക്കുകയും ചെയ്യുന്നു. ഈ സമീപനം ചോദ്യം ചെയ്യപ്പെട്ടിട്ടുണ്ട് എന്നത് ആശ്വാസം നൽകുന്നു. നമ്മുടെ ശ്രമം ന്യായത്തിന് വേണ്ടിയുള്ളതാണ്. നമ്മുടെ ശ്രമം മനുഷ്യനെ ഒന്നിപ്പിക്കുവാനും സമാധാനത്തിന്റെ അന്തരീക്ഷം സംജാതമാക്കുവാനുമുള്ളതാണ്. ഖുർആനിൽ നിന്ന് നാം മനസ്സിലാക്കുന്ന ഇസ്ലാമിന്റെ യഥാർഥ അദ്ധ്യാപനങ്ങളും പ്രവാചകന്റെ (സ) ജീവിതത്തിൽ നിന്ന് മനസ്സിലാകുന്നതും ഇതാണ്. അതായത് ക്രൂരമായി പെരുമാററുതെന്നും എല്ലായ്പ്പോഴും മനുഷ്യരുടെ അവകാശങ്ങളെ സംരക്ഷിക്കണമെന്നുമാണ്. എല്ലാ മനുഷ്യരേയും എല്ലാ രാഷ്ട്രങ്ങളേയും അടിമത്തത്തിൽ നിന്നും ചൂഷണത്തിൽ നിന്നും മോചിപ്പിക്കണമെന്നുമാണ് ഒരോ മുസ്ലിമിനേയും ഇസ്ലാം പഠിപ്പിക്കുന്നത്. എല്ലാ മനുഷ്യരും ഒന്നാണെന്നും വർണ വർഗ വിവേചനം ഇല്ലായ്മ ചെയ്യണമെന്നുമാണ്. വർണവും വർഗവും പരസ്പരം തിരിച്ചറിയാൻ വേണ്ടി മാത്രമാണ്. ഒരു അറബിക്ക് അനറബിയുടേയോ അനറബിക്ക് അറബിയുടെ മേലോ യാതൊരു മേന്മയും ഇല്ല. അല്ലാഹുവിന് മുമ്പിൽ ഉന്നതൻ ഏറ്റവും കൂടുതൽ നന്മ ചെയ്യുന്നവനും ദൈവ സ്നേഹവും സാമീപ്യവും കരഗതമാക്കുന്നവനുമാണ്. അപ്പോൾ ഒരാൾക്ക് പ്രത്യേക പദവിയോ സ്ഥാനമോ അയാളുടെ ഭക്തിയും സൽകർമങ്ങൾ കൊണ്ടും മാത്രമാണ് ലഭിക്കുക.

സത്യവിശ്വാസത്തിന് രണ്ട് സവിശേഷ ഭാഗങ്ങളാണുള്ളത് ഒന്ന് ദൈവത്തോട് കൂറുപുലർത്തുകയും ആരാധനാ കർമങ്ങൾ നിർവഹിക്കുകയും ചെയ്യുക എന്നത്.

രണ്ടാമത്തേത് മനുഷ്യ സൃഷ്ടിക ളോടും മനുഷ്യ കുലത്തോടുമുള്ള കടപ്പാടുകളാണ്. സമൂഹത്തിന്റെ എല്ലാ മേഖലകളിലും പരസ്പര സ്നേഹവും സഹവർത്തിത്വവും ആണ് ഇസ്‌ലാം മുസ്‌ലിമിനോട് ആവശ്യപ്പെടുന്നത്. പ്രത്യേകമായും സമൂഹത്തിലെ അശരണരും നിരാലംബരുമായ അനാഥകളെ പരിരക്ഷിക്കുന്നതിനാണ് ഇസ്‌ലാം ആവശ്യപ്പെടുന്നത്. അതോടൊപ്പം സമാധാനം നിലനിറുത്തുന്നതിന് വേണ്ടി ഇസ്‌ലാം മതം നൽകുന്ന മറ്റൊരു പാഠം അതിക്രമവും യുദ്ധവും അടിച്ചേൽപ്പിക്കുന്ന പ്രകോപനപരമായ പെരുമാറ്റ രീതിയിൽ നിന്ന് പിന്തിരിയണം എന്നാണ്. ഒരിക്കലും തന്നെ യുദ്ധം തുടങ്ങുന്നവരാകരുത്. എന്നാൽ നിങ്ങളുടെ മേൽ യുദ്ധം അടി ച്ചേൽപിക്കപ്പെടുകയാണെങ്കിൽ തിരിച്ചും യുദ്ധം ചെയ്യാനുള്ള അനുവാദമുണ്ട്. എങ്കിലും പരമമായ ഉദ്ദേശ്യം സമാധാനം സ്ഥാപിക്കുക എന്നത് തന്നെ ആയിരിക്കണം. ഇസ്‌ലാമിക പാഠത്തിന്റെ വെളിച്ച ത്തിൽ ആക്രമി അക്രമത്തിൽ നിന്ന് പിന്തിരിയുകയാണെങ്കിൽ അക്രമി ച്ചു എന്ന കാരണത്തിന്റെ പേരിൽ മാത്രം അവരുടെമേൽ ക്രൂരത അഴിച്ചുവിടരുത്. അത്തരം സന്ദർഭ ങ്ങളിൽ യുദ്ധം അവസാനിപ്പിക്കുക യാണ് വേണ്ടത്. പിന്തിരിഞ്ഞ വിഭാഗത്തെ ഉപരോധം മുഖേനയോ ബലപ്രയോഗം മൂലമോ അപമാനി ക്കാൻ ശ്രമിക്കരുത്.

സ്വയം രക്ഷാർഥമുള്ള യുദ്ധ ത്തിന് ഇസ്‌ലാം അനുവാദം നൽകുന്നുണ്ട്. മുഹമ്മദ് നബി (സ) വളരെ കർശനമായ നിർദേശങ്ങളാ ണ് ഇത്തരം സന്ദർഭത്തിൽ പാലിക്കാനായി നിർദേശിച്ചിട്ടുള്ളത്. മതഗുരുക്കന്മാരേയും അവരുടെ ആരാധനാലയങ്ങളേയും അക്രമിക്ക രുത്. ഇത് കൂടാതെ വൃക്ഷങ്ങളും ധാന്യവിളകളും നശിപ്പിക്കാൻ പാടില്ല. ചുരുക്ക ത്തിൽ യുദ്ധത്തിൽ പങ്കെടുക്കുന്ന പോരാളികളെയല്ലാ തെ സമാധാനം പുനസ്ഥാപിക്കാ നുള്ള യുദ്ധത്തിൽ സ്ത്രീകളേയും കുട്ടികളേയും ഉപദ്രവിക്കുകയോ അപകടപ്പെടുത്തുകയോ അക്രമിക്കുകയോ ചെയ്യാൻ പാടില്ല. അവ കർശനമായി നിരോധിച്ചിരി ക്കുന്നു. എന്നാൽ ദുഃഖകരമെന്ന് പറയട്ടെ ഇന്നത്തെ കാലത്ത് നടത്തപ്പെടുന്ന യുദ്ധങ്ങളിൽ കൊല്ല പ്പെടുന്നതും കഷ്ടപ്പെടുന്നതും കൂടുതൽ സാധാരണക്കാരാണ്. രണ്ട് ലോക മഹായുദ്ധങ്ങളിലും കൊല്ലപ്പെട്ടത് ബഹുഭൂരിപക്ഷവും സാധാരണക്കാരായിരുന്നു. ഇന്ന് നടക്കുന്ന ചെറിയ ചെറിയ യുദ്ധ ങ്ങളിലും കൂടുതൽ കൊല്ലപ്പെടുന്ന വർ സാധാരണക്കാർ തന്നെ. ഞാൻ വീണ്ടും പറയട്ടെ ഇത് ഇസ്‌ലാമിക പാഠത്തിനെതിരാണ്. ഒരിക്കൽ ഒരു യുദ്ധാവസരത്തിൽ ഒരു മുസ്‌ലിം, ഒരു സ്ത്രീയേയും കുട്ടികളെയും വധിക്കാനിടയായി. ഇതേക്കുറിച്ച് കേട്ടപ്പോൾ മുഹമ്മദ് നബി (സ) അത്യന്തം രോഷാകുലനായി. തന്റെ പ്രവൃത്തിയെ ന്യായീകരിക്കാനെ ന്നോണം വധിക്കപ്പെട്ടത് ഒരു ജൂതസ്ത്രീയും അവരുടെ മകനു മാണെന്ന് അറിയിച്ചു. ഇതിനു മറുപടിയായി പ്രവാചകൻ പറഞ്ഞ ത് നിരപരാധികളെ കൊല്ലുന്നത് ഘോരമായ തെറ്റാണെന്നും ആ സ്ത്രീയേയും കുട്ടികളേയും വധിച്ച തിലൂടെ ഒരു കൊടും പാതകമാണ് ചെയ്തിരിക്കുന്നതെന്നുമാണ്. സമാധാനത്തിന്റെ വഴിയിൽ ഇസ്‌ലാം നൽകുന്ന മനോഹരമായ പാഠമാണ് ഞാൻ നിങ്ങളെ കേൾപ്പിച്ചത്.

സ്വാഭാവികമായും ഉന്നയിക്കപ്പെ ടാവുന്ന ഒരു ചോദ്യം ഇസ്‌ലാമിക പാഠം ഇതാണെങ്കിൽ മുസ്‌ലിം ഗ്രൂപ്പുകൾ അമുസ്‌ലിംകൾക്കെതി രെയും മുസ്‌ലിംകൾക്കെതിരെ പോലും കാട്ടികൂട്ടുന്ന അതിക്രമ ങ്ങൾ എന്തുകൊണ്ട് സംഭവിക്കു ന്നു.? ഇസ്‌ലാമിൽ ഇങ്ങനെ ഒരവ സ്ഥവരുമെന്നതിനെകുറിച്ച് നബി (സ) 1400 വർഷങ്ങൾക്ക് മുമ്പ് പ്രവചിച്ചിട്ടുണ്ട് . ഇസ്‌ലാമിന്റെ യഥാർഥ അധ്യാപനത്തിൽ നിന്ന് ബഹുഭൂരിപക്ഷവും അകന്നു പോകുന്ന ആ കാലഘട്ടത്തിലൂടെ യാണ് നാം കടന്നു പോകുന്നത്. അതോടൊപ്പം ഒരു ശുഭവാർത്ത യും പ്രവാചകൻ നൽകിയിട്ടുണ്ട്. ദൈവത്തിന്റെ ദയാദാക്ഷിണ്യ ത്തിന്റെ പ്രതീകമായി വാഗ്ദത്ത മഹ്ദിയും മസീഹുമായി അവതീർ ണരാവുന്ന ഒരു പുണ്യപരിഷ് ക്കർത്താവിനെ കുറിച്ചാണ് ആ ശുഭവാർത്ത. ഇദ്ദേഹം ഇസ്‌ലാമിന്റെ യഥാർഥ അധ്യാപനം ഇവിടെ പുനസ്ഥാപിക്കുന്നതാണ്. ഞങ്ങൾ അഹ്മദി മുസ്‌ലിംകൾ ആ മഹാത്മാവ് ആഗതനായി എന്ന് വിശ്വസിക്കുന്നവരാണ്. അദ്ദേഹ മാണ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി (അ). അദ്ദേഹം ലോകത്ത് ഇസ്‌ലാമിന്റെ യഥാർഥ വെളിച്ചം കൊണ്ട് ലോകത്തെ വീണ്ടും പ്രഭാപൂരിതമാക്കി. വാഗ്ദ ത്ത മസീഹിന്റെ തന്നെ ചില വാക്കുകൾ ഞാൻ നിങ്ങളെ വായിച്ചു കേൾപ്പിക്കാം.

വാഗ്ദത്ത മസീഹ് അരുളുകയു ണ്ടായി: വിശ്വാസത്തിന് രണ്ട് ഭാഗങ്ങളാണുള്ളത്. ഒന്ന് ദൈവ ത്തോടുള്ള കടമകളും മറ്റൊന്ന് ദൈവത്തിന്റെ സൃഷ്ടികളോടും. എത്രത്തോളമെന്നാൽ മറ്റുള്ളവരു ടെ വിഷമങ്ങളും പരീക്ഷണങ്ങളും സ്വന്തമെന്ന് കരുതി നിങ്ങളവർക്ക് വേണ്ടി ആത്മാർഥമായി പ്രാർഥി ക്കുക.

മറ്റൊരിടത്ത് അദ്ദേഹം പറയു ന്നു: വിശ്വാസത്തിൽ ഏറ്റവും ബുദ്ധിമുട്ടുള്ള കാര്യം മറ്റുള്ളവരു ടെ അവകാശങ്ങൾ സംരക്ഷിക്കുന്ന തിലാണ്. കാരണം വെല്ലുവിളി ഒരാൾക്ക് എല്ലായ്പ്പോഴും നേരിടേ ണ്ടിവരും. ഞാൻ സത്യമായും പറയുന്നു, നിങ്ങൾ ഒരാൾക്കെതിരെ യും ശത്രുത പുലർത്തരുത്. അവർക്കെതിരെ ദുർവിചാരമോ വെറുപ്പോ കൊണ്ടു നടക്കാൻ പാടു ള്ളതല്ല. മറ്റൊരിടത്ത് വാഗ്ദത്ത മസീഹ് (അ) പറയുന്നു: ഞാൻ നിങ്ങളോട് പറയുന്നു നിങ്ങൾ എല്ലാവരോടും സ്നേഹവും ദയാ വായ്പ്പും വെച്ചു പുലർത്തണം. അവർ ആരുമായിക്കൊള്ളട്ടെ. ഹിന്ദുവോ മുസൽമാനോ ആരായാ

ലും ശരി. പലരും അവരുടെ സ്വസമുദായത്തോടു മാത്രം കൂറു പുലർത്തുന്നവരാണ്. എനിക്ക് ഇത് ഏറ്റവും അനിഷ്ടകരമായ കാര്യ മത്രേ. ഞാൻ നിങ്ങളെ വീണ്ടുമറിയിക്കുന്നു. നിങ്ങളുടെ ദയാവായ്പ്പിന് യാതൊരു വിധ പരിധിയും നിങ്ങൾ നിശ്ചയിക്കരുത്. അഹ്മദിയ്യാ ജമാഅത്തിന്റെ സ്ഥാപകൻ തന്റെ അനുയായികൾക്ക് നൽകിയ ഉപദേശങ്ങളാണ് ഞാൻ നിങ്ങളെ കേൾപ്പിച്ചത്. ഈ സ്നേഹവും കാരുണ്യവും ലോകമൊട്ടുക്കും പരത്താനാണ് അദ്ദേഹം അഹ്മദികളോട് ആഹ്വാനം ചെയ്തത്. ഇതാണ് ഇസ്ലാമിന്റെ യഥാർഥ സന്ദേശം. ഈ സന്ദേശത്തിന്റെ ധ്വജവാഹകരായിക്കൊണ്ട് അഹ്മദികൾ ലോകത്തിന്റെ നാനാ ഭാഗത്തും സമാധാനത്തിന്റെ സന്ദേശമാണ് പരത്തുന്നത്. ഞങ്ങളുടെ സന്ദേശത്തിൽ കാഠിന്യത്തിന്റെ ഭാഷയില്ല. ഒരു തരത്തിലുള്ള ബലപ്രയോഗവും നിങ്ങൾക്ക് കാണാൻ കഴിയുകയില്ല. മറിച്ച് ഞങ്ങളുടെ സന്ദേശം സ്നേഹത്തിന്റേയും ഐക്യത്തിന്റേതുമാണ്. അസഭ്യവർഷങ്ങൾക്കും മോശമായ ആരോപണങ്ങൾക്കും എതിരെയുള്ള ഞങ്ങളുടെ ആയുധം അവർക്ക് വേണ്ടിയുള്ള പ്രാർഥനകൾ മാത്രമാണ്. പീഡനങ്ങൾക്കും കഷ്ടപ്പെടുത്തലുകൾക്കും എതിരെയുള്ള ഞങ്ങളുടെ മറുപടി സ്നേഹത്തിന്റെയും സമാധനത്തിന്റെയും മാർഗമാണ്. ഇതാണ് ഞങ്ങളുടെ അദ്ധ്യാപനം, ഞങ്ങളുടെ വിശ്വാസം.

ഇന്ന് ഖിലാഫത്തിന്റെ തണലിൽ ലോകമൊട്ടുക്കും ഈ സന്ദേശം പ്രചരിപ്പിക്കപ്പെടുന്നു. ഖിലാഫത്തിന് ഒരിക്കലും ഇസ്ലാമിന്റെ അടിസ്ഥാനത്തിലല്ലാതെ പ്രവർത്തിക്കാൻ സാധ്യമല്ല. അത് ദൈവത്തോടും മനുഷ്യരോടുമുള്ള കടമകൾ നിറവേറ്റുന്നു. ഇന്ന് ഖിലാഫത്ത് ലോകത്ത് സമാധാനം സ്ഥാപിക്കുന്നതിന് സാദ്ധ്യമായ എല്ലാവഴികളും ആരായുന്നു. ലോകമെങ്ങും ശാന്തിയും സമാധാനവും നിലനിർത്തുക എന്നതാണ് അതിന്റെ ഉദ്ദേശ്യം.

എന്നെ ആശ്ചര്യപ്പെടുത്തുകയും ദുഃഖിപ്പിക്കുകയും ചെയ്ത ഒരു കാര്യം ജർമനിയുടെ ചില ഭാഗത്ത് നിന്നും ഉയർന്നു വന്ന ചില പ്രതിഷേധങ്ങളാണ്. ഖിലാഫത്തിനെ ഈ മണ്ണിൽ കാലുകുത്താൻ അനുവദിക്കില്ലെന്ന് ചിലർ പ്രഖ്യാപിക്കുകയുണ്ടായി. ഞാൻ നേരത്തേ പറഞ്ഞത് പോലെ ഞങ്ങൾ യഥാർഥ ഖിലാഫത്തിന്റെ സന്ദേശമാണ് പരത്തുന്നത്. എനിക്കവരോട് പറയാനുള്ളത് ഈ രാജ്യത്ത് സമാധാനത്തോടെ ജീവിക്കുന്ന സമാധാനത്തിന് വേണ്ടി പ്രവർത്തിക്കുന്ന ജനങ്ങളുടെ മേൽ കടന്നു കയറുന്നത് വിവേകമോ ബുദ്ധിമാന്മാരായ ആളുകൾക്ക് ചേർന്നതോ അല്ല. എന്നാൽ ആശ്വാസകരമയ കാര്യം ഭൂരിഭാഗം ജർമൻകാരും ഇവരുടെ വാക്കുകൾക്ക് ചെവി കൊടുത്തിട്ടില്ല. അതുകൊണ്ടാണ് എനിക്കും നിങ്ങൾക്കും ഇവിടെ ഒത്തുചേരാൻ അവസരം ലഭിച്ചത്. ഈ ഹാളിൽ സന്നിഹിതരായ ആയിരക്കണക്കിന് ആളുകളെ നിങ്ങൾക്ക് കാണാം. ഖിലാഫത്തിനോടുള്ള അനുഗൃഹീത ബന്ധമാണ് നമ്മെ ഒന്നിപ്പിച്ചു നിർത്തുന്നത്. നമ്മുടെ ഭാഷ സ്നേഹത്തിന്റേതു മാത്രമാണ്. പരസ്പര ബന്ധം കാത്തു സൂക്ഷിക്കുന്നതിനും മനുഷ്യരോടുള്ള കടമകൾ നിർവഹിക്കുന്നതിനും ഇവിടെ നിന്നും ബൈഅത്ത് ചെയ്ത് വരുന്ന ജർമൻ ജനത ഖിലാഫത്തിന്റെ അനുഗ്രഹത്തിന്റെ പ്രത്യക്ഷ സാക്ഷ്യങ്ങളാണ്. ദൈവത്തോടും മനുഷ്യരോടും ഉള്ള കടമകൾ നിർവഹിക്കുന്നതിന് അവരെ സന്നദ്ധരാക്കുന്നത് ഖിലാഫത്തിനോടുള്ള ആത്മീയ ബന്ധം കാരണമാണ്. ഞാനൊരു കാര്യം വ്യക്തമാക്കട്ടെ അഹ്മദിയ്യാ ഖിലാഫത്തിന് ഭരണം കൈയടക്കുന്നതിനോ അധികാരത്തിനോ യാതൊരു ഉദ്ദേശ്യവും ഇല്ല തന്നെ. യഥാർഥ ഖിലാഫത്തിന് രാഷ്ട്രീയ ഭൗതിക അജണ്ടയില്ല. ഇത്തരത്തിലുള്ളവർക്ക് യഥാർഥ ഖിലാഫത്ത് നൽകപ്പെടാറില്ല എന്നതും ഒരു സത്യമാണ്. ഖിലാഫത്തിന്റെ പ്രഥമ ഉദ്ദേശ്യം മനുഷ്യന് അവന്റെ സ്രഷ്ടാവിനെ തിരിച്ചറിയുക എന്നതാണ്. വിവിധ മനുഷ്യ വിഭാഗങ്ങൾ തമ്മിൽ സ്നേഹബന്ധം ഉണ്ടാക്കിയെടുക്കലുമാണ്.

ഇന്ന് ഇരുനൂറ്റിനാല് രാജ്യങ്ങളിൽ വ്യാപിച്ചു കിടക്കുന്ന അഹ്മദിയ്യാ ജമാഅത്ത് ഇതിന് ദൃഷ്ടാന്തമാണ്. ഇന്ന് ഇവിടെ കൂടിയിരിക്കുന്ന 30,000 മുസ്ലിംകൾക്കിടയിൽ നിങ്ങൾക്ക് സമാധാനം ദർശിക്കാം. സ്നേഹത്തിലൂടെ മാത്രം ഹൃദയം കീഴടക്കുന്ന യഥാർഥ മുസ്ലിംകളാണവർ. ബലപ്രയോഗത്തിലൂടെയോ തീവ്രവാദത്തിലൂടെയോ ഒരു സമൂഹത്തേയും കീഴടക്കുവാൻ സാദ്ധ്യമല്ല.

ചുരുക്കത്തിൽ ഇസ്ലാമിന്റെ യഥാർഥ അദ്ധ്യാപനം എന്താണെന്ന് നിങ്ങൾക്ക് മനസ്സിലായി കാണുമെന്ന് ഞാൻ വിശസിക്കുന്നു. അഹ്മദിയ്യാ ഖിലാഫത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ അറിയുവാനും കഴിഞ്ഞിരിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു. ഈ ഖിലഫത്തിനെക്കുറിച്ച് നിങ്ങൾക്ക് യതൊന്നും ഭയപ്പെടാനില്ല. നിങ്ങളിവിടെനിന്ന് മനസ്സിലാക്കിയ കാര്യങ്ങൾ നിങ്ങളുടെ ചുറ്റുമുള്ളവരെയും അറിയിക്കേണ്ടതാണ്. നമ്മുടെ ഈ ഖിലാഫത്ത് എല്ലാവിധത്തിലുള്ള ക്രൂരതയേയും അതിക്രമങ്ങളേയും ശക്തമായി അപലപിക്കുന്നു. ലോകത്തെവിടെയും ഒരഹ്മദി ഇത്തരത്തിലുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെട്ടാൽ അവർക്കെതിരെ ശക്തമായ ശിക്ഷാ നടപടികൾ ഉണ്ടായിരിക്കുന്നതാണ്.

ഇത്രയും പറഞ്ഞു കൊണ്ട് ഞാൻ ഉപസംഹരിക്കട്ടെ. ഇവിടെ ഞങ്ങളോടൊപ്പം ഒത്തുകൂടിയ എല്ലാവർക്കും ഞാൻ നന്ദി പറഞ്ഞു കൊള്ളുന്നു. ദൈവം എന്റെ ഈ ആത്മാർഥ സന്ദേശത്തെ നിങ്ങൾക്ക് മനസ്സിലാക്കിത്തരട്ടെ എന്ന് ഞാൻ പ്രാർഥിക്കുന്നു. പരസ്പരം കുറ്റപ്പെടുത്തുന്നതിനും പഴിചാരുന്നതിനും പകരം ഒരുമിച്ച് ഒന്നായി പ്രവർത്തിക്കേണ്ടിയിരിക്കുന്നു. രാജ്യനന്മക്കും ലോകസമാധാനത്തിനും ദൈവം നമ്മെ എല്ലാവരേയും ഇതിന് പ്രാപ്തരാക്കട്ടെ. നന്ദി. ●

# ദജ്ജാലിന്റെ വാഹനം

റസൂൽ തിരുമേനി (സ)പ്രവചിച്ച ദജ്ജാൽ പുരാവൃത്തങ്ങളിലുള്ളത് പോലെയുള്ള ഒരു മിത്തല്ല. നാം അനുഭവിച്ചു കൊണ്ടിരിക്കുന്ന യാഥാർഥ്യമാണ്. ലോകം കീഴടക്കുന്ന പാശ്ചാത്യ ഭൗതിക നാഗരികതയാണ് ദജ്ജാൽ. അവർ സ്വീകരിച്ച മതം ക്രിസ്തു മതമാണ്. റസൂൽ തിരുമേനി (സ) പ്രവചിച്ച പ്രതീകാത്മകമായ പ്രവചനങ്ങളിൽ നിന്ന് ആ ആഗോള അധിനിവേശ ശക്തിയേയും അവരുടെ വ്യാപനത്തിന് സഹായകമായ വാഹനങ്ങളേയും വ്യക്തമായും തിരിച്ചറിയാം. ഖലീഫത്തുൽ മസീഹ് നാലാമൻ ഹദീസുകൾ വിശകലനം ചെയ്ത് വിവരിക്കുന്നു.

ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്)

ഖുർആനിലെ നിരവധി വചനങ്ങളിലെ സന്ദേശങ്ങളുടെ അടിസ്ഥാനത്തിൽ അവസാന കാലത്ത് സംഭവിക്കുന്ന ഒരു ആഗോള യുദ്ധത്തെക്കുറിച്ച് റസൂൽ തിരുമേനി (സ) പ്രവചിക്കുകയുണ്ടായി. ദജ്ജാലി (അന്തിക്രിസ്തു) ന്റെ ആവിർഭാവത്തോടനുബന്ധിച്ചാണ് ഇത് സംഭവിക്കുക എന്നാണ് റസൂൽ തിരുമേനി(സ) പ്രവചിച്ചത്. റസൂൽ തിരുമേനി(സ)യുടെ തിരുമൊഴികളിൽ നിന്ന് രൂപം കൊള്ളുന്ന അന്തിക്രിസ്തുവിന്റെ രൂപം അതിന്റെ ബാഹ്യ വർണ്ണനകളിൽ കാണുന്നത് പോലെ വിചിത്രകരമായതല്ല എന്ന് തുടക്കത്തിൽ തന്നെ വിശദീകരിക്കപ്പെടേണ്ടതുണ്ട്. വമ്പിച്ച ശക്തിയുള്ള രാജ്യങ്ങളുടെ ശക്തിയും പ്രതാപവും അന്തി ക്രിസ്തുവിൽ സമ്മേളിച്ചിരിക്കുന്ന രീതിയിലാണ് അന്തിക്രിസ്തുവിനെ പറ്റി പ്രതിപാദിച്ചിരിക്കുന്നത്. വാസ്തവത്തിൽ അവസാന കാലത്തെ സംബന്ധിച്ച് റസൂൽ തിരുമേനി(സ) പറഞ്ഞതെല്ലാം അന്തിക്രിസ്തുവിന്റെ കാലഘട്ടത്തെ സംബന്ധിച്ചാണ്. ഈ കാലഘട്ടത്തിന്റെ എല്ലാ അടയാളങ്ങളും അന്തിക്രിസ്തുവുമായി ബന്ധപ്പെട്ടതാണ്. അന്തിക്രിസ്തുവിനെ തിരിച്ചറിയാൻ സഹായിക്കുന്ന അടയാളങ്ങളിൽ ചിലത് അവൻ യാത്ര ചെയ്യുന്ന വാഹനത്തെ സംബന്ധിച്ചാണ്. അതാകട്ടെ മനുഷ്യർക്ക് അതിന് മുമ്പേ പരിചയമില്ലാത്തതുമാണ്. എന്താണ് അന്തിക്രിസ്തുവെന്നും, എങ്ങനെയാണ് അവൻ ലോകം മുഴുവൻ മേധാവിത്വം പുലർത്തുന്നത് എന്നതിനെ സംബന്ധിച്ചുമുള്ള വിശദമായ വിവരണങ്ങൾ ഒരു നിഷ്പക്ഷകനായ വായനക്കാരന് യാതൊരു സംശയത്തിനും ഇടം നൽകാത്തവിധം കാര്യങ്ങൾ മനസ്സിലാക്കാൻ സഹായിക്കും. അതായത് അന്തിക്രിസ്തു(ദജ്ജാൽ) വിനെ പറ്റിയുള്ള ഈ പ്രവചനങ്ങൾ ഒരാളെ സംബന്ധിച്ചുള്ളതല്ല എന്ന വസ്തുതയാണത്. റസൂൽ തിരുമേനി(സ) ദജ്ജാൽ (അന്തിക്രിസ്തു ) എന്ന ഈ സാങ്കേതിക പദം ഉപയോഗിച്ചത് പ്രതീകാത്മകമായാണ്. അവൻ (ദജ്ജാൽ) അവന്റെ കാലഘട്ടത്തിലെ ശക്തിപ്രതാപങ്ങളുടെ പ്രതീകമായിരിക്കും. അവന്റെ ചൂഷണങ്ങൾ വാസ്തവത്തിൽ അത്യധികം പുരോഗമിച്ച ലോകത്തിലെ ചില ക്രിസ്തീയ രാജ്യങ്ങളുടെ ചൂഷണം തന്നെയാണ്. പക്ഷേ, അവരുടെ മേധാവിത്വം ശാശ്വതമായിരിക്കില്ല. ഈ ക്രിസ്തീയ രാജ്യങ്ങളെ പ്രതിനിധാനം ചെയ്യുന്ന അന്തിക്രിസ്തുവിന്റെ (ദജ്ജാൽ) അന്തിമപതനവും അസന്ദിഗ്ധമായി പ്രവചിക്കപ്പെട്ടിരിക്കുന്നു. ഭൗതികതയുടെ ഈ ചാരകൂമ്പാരത്തിൽ നിന്ന് ഇസ്‌ലാമിക സൂര്യൻ ഉദിച്ചുയരുന്നതാണ്. ഇരുൾ മുറ്റിയ നൂറ്റാണ്ടുകളിൽ ഇസ്‌ലാമിക സൂര്യനെ മറച്ചിരുന്ന സന്ദേഹത്തിന്റെയും സംശയത്തിന്റെയും തിരശ്ശീലകൾ അഴിച്ചുമാറ്റി അതിന്റെ പ്രോജ്വല സൗന്ദര്യം അനാവരണം ചെയ്യപ്പെടും. നാമിപ്പോൾ വിപ്ലവകരമായ വാഹന ഗതാഗതത്തെ പറ്റിയാണ് ഒരിക്കൽക്കൂടി ചർച്ച ചെയ്യുന്നത്. പക്ഷേ, ഇവിടെ റസൂൽ തിരുമേനി(സ)യുടെ വചനങ്ങളാണ് പ്രതിപാദിക്കുന്നത്. മതപരമായി പ്രാധാന്യമുള്ള അന്തിക്രിസ്തുവിന്റെ അവശേഷിക്കുന്ന അടയാളങ്ങളെപറ്റി സുദീർഘമായി നാം അടുത്ത അദ്ധ്യായത്തിൽ ചർച്ച ചെയ്യുന്നതാണ്.

കര, കടൽ, വായു എന്നിവയിലൂടെ സഞ്ചരിക്കുന്ന വാഹനങ്ങളെക്കുറിച്ച് ഖുർആനിക വചനങ്ങളുടെ വ്യാഖ്യാനങ്ങൾക്ക് പൂർണമായും അനുയോജ്യമായ രീതിയിലുള്ള വിവരണങ്ങൾ നാം ഇതിന് മുമ്പേ ചർച്ച ചെയ്ത് കഴിഞ്ഞതാണ്. പർവതങ്ങളുടെ ചലനത്തെക്കുറിച്ചു പോലും വിശദീകരിച്ചിട്ടുണ്ട്. കാരണം പ്രസക്തമായ ചില വചനങ്ങൾ എളുപ്പത്തിൽ ഓർമയിലേക്ക് കടന്നു വരും. അതുകൊണ്ടാണ് അവയെപറ്റിപോലും വിവരിച്ചത്. അന്തിക്രിസ്തുവിനെ സംബന്ധിച്ച റസൂൽ തിരുമേനി(സ)യുടെ വിവരണവും അവൻ സഞ്ചരിക്കുന്ന അസാധാരണമായ കഴുതയും റസൂൽ തിരുമേനി(സ)യുടെ കാലഘട്ടത്തിലെ ജനതക്ക് അത്യന്തം വിചിത്രമായ ഒരു കാര്യമായി അനുഭവപ്പെട്ടിരിക്കും. അന്തിക്രിസ്തുവിന്റെ ഈ കഴുതയെപറ്റിയുള്ള പരാമർശം വിചിത്രമാണ്. കാരണം റസൂൽ തിരുമേനി(സ) അവന്റെ വാഹനത്തെ ഒരു കഴുതയായിട്ടാണ് ഉടനീളം വിവരിച്ചിട്ടുള്ളത്. കഴുതയുടെ അറിയപ്പെടുന്ന യാതൊരു വിധ ഗുണങ്ങളും ഹദീസുകളിൽ വിവരിക്കപ്പെട്ട വൈചിത്ര്യങ്ങളുമായി പൊരുത്തപ്പെടുന്നില്ല. എന്നിരുന്നാലും ആധുനികമായ വാഹനങ്ങളുടെ എല്ലാ ഗുണങ്ങളും ഈ വിവരണങ്ങളോട് പൂർണമായും യോജിക്കുന്നു.

അവക്ക് പൊതുവായുള്ള സാധർമ്യമെന്താണെന്ന് വെച്ചാൽ അവ രണ്ടും പ്രവർത്തിക്കുന്നത് അഗ്നിദഹനയന്ത്ര (Combustion Engine) ത്തിന്റെ ഊർജം കൊണ്ടാണ്. അതിൽ നിന്നുള്ള അഗ്നിയിൽ നിന്നാണ് അവ ഊർജം സ്വീകരിക്കുന്നത്. ആവിയന്ത്രങ്ങൾ ബാഹ്യ ദഹന ഭാഗങ്ങളുള്ള വാഹനങ്ങൾ പോലും അഗ്നിയെ ആശ്രയിച്ചാണ് ചലിക്കുന്നത് . ഈയൊരു പ്രത്യേകതയാണ് പഴയകാല മൃഗങ്ങളെ ഉപയോഗിച്ചുള്ള വാഹനവും ഇക്കാലത്തെ ദജ്ജാലിന്റെ വിപ്ലവകരമായ വാഹനവും തമ്മിലുള്ള വ്യത്യാസം. അക്കാര്യങ്ങൾ റസൂൽ തിരുമേനി(സ)ക്ക് ഒരു മൃഗരൂപത്തിലല്ല വെളിപാടിൽ പ്രത്യക്ഷപ്പെട്ടത്. ജീവനില്ലാത്ത വസ്തുവിന്റെ രൂപത്തിലാണ്. നാം ദജ്ജാലിനെ അവൻ എന്നാണ് പരാമർശിക്കുന്നത്. കാരണം പ്രവചനങ്ങളിൽ ദജ്ജാലിനെ ഒരു മൃഗമായിക്കൊണ്ടാണ് ബാഹ്യരൂപത്തിൽ പറഞ്ഞിട്ടുള്ളത്. വാസ്തവത്തിൽ അവന്റെ ഇത്തരത്തിലുള്ള പ്രത്യേകതകളിലൂടെയാണ് തിരിച്ചറിയപ്പെടേണ്ടത്. ദജ്ജാലിന്റെ കഴുതയെ നിങ്ങൾ തിരിച്ചറിയുമ്പോൾ അവന്റെ ആധുനിക വാഹനത്തിലൂടെയാണ് നിങ്ങൾ അവനെ തിരിച്ചറിയുന്നത്. അങ്ങനെ നിങ്ങൾ ഒരു തിരിച്ചറിയൽ നടത്തുന്നതിൽ പരാജയപ്പെടുകയാണെങ്കിൽ കഴുത യുഗത്തിലേക്ക് പിറകോട്ട് യാത്ര ചെയ്യേണ്ടി വരും.

പല ഹദീസ് ഗ്രന്ഥങ്ങളിലും ഈ പ്രതീകാത്മക കഴുതയുടെ പ്രത്യേകതകളെ സംബന്ധിച്ച് സൂക്ഷ്മമായി വിവരിക്കപ്പെട്ടിട്ടുണ്ട്. താഴെ കൊടുത്തിരിക്കുന്നത് ഹദീസുകളിൽ നിന്ന് ലഭിച്ച അത്തരം വിവരങ്ങളുടെ മൊത്തത്തിലുള്ള വിവരണമാണ്.

1. അന്തിക്രിസ്തു (ദജ്ജാൽ) അവന്റെ കഴുതയെ പോലെ തന്നെ ഭീകര രൂപിയായിരിക്കും. വിചിത്രമായ യക്ഷികഥകളിൽ പോലും കേട്ടുകേൾവിയില്ലാത്ത വിധം ഒരു ഭീകരസത്വമായിരിക്കും ദജ്ജാൽ.അവന്റെ നീളം അപാരമായിരിക്കും. എത്രത്തോളമെന്നാൽ അവന്റെ തല മേഘങ്ങൾക്കപ്പുറം മറഞ്ഞിരിക്കും. അവന്റെ ശക്തി അളവറ്റതായിരിക്കും. അവൻ ലോകം മുഴുവനും ഒറ്റക്കൈകൊണ്ട് കീഴ്പ്പെടുത്തും.[1]

2. ദജ്ജാലിന് ശാരീരികമായ ഈ ശക്തിയുണ്ടെങ്കിലും അവന് ഒരു ദോഷമുണ്ട്. അത് അവന്റെ ഒരു കണ്ണിന്റെ കാഴ്ചയില്ലായ്മയാണ്. വലത് കണ്ണിനാണ് കാഴ്ചയില്ലാത്തത്.[2]

3. ഈ കഴുത, ദജ്ജാലിന്റെ ഒരു സ്വകാര്യ വാഹനമല്ല. പൊതു വാഹനം എന്ന നിലക്ക് അത് എല്ലാവർക്കും ഉപയോഗിക്കാവുന്നതാണ്. ജനങ്ങൾക്ക് അതിന്റെ വശങ്ങളിൽ നിന്ന് അകത്തേക്ക് കടക്കാൻ പ്രത്യേകമായി നിർമിച്ച വാതിലുകളുണ്ടായിരിക്കും. ഈ വാതിലിലൂടെയായിരിക്കും ആളുകൾ അതിന്റെ വയറിലേക്ക് പ്രവേശിക്കുക.[3]

4. അതിന്റെ വയറ് പ്രകാശ പൂർണമായിരിക്കും. സൗകര്യപ്രദമായ രീതിയിലുള്ള ഇരിപ്പിടങ്ങൾ അതിനകത്തുണ്ടാകും.

5. ദിവസങ്ങളോ മണിക്കൂറുകളോ എടുത്ത് സഞ്ചരിക്കേണ്ട വഴിദൂരങ്ങൾ ഞൊടിയിടക്കുള്ളിൽ ആ കഴുത സഞ്ചരിക്കും. സാധാരണ മൃഗങ്ങൾ മാസങ്ങളെടുത്തായിരിക്കും അത്രയും ദൂരം സഞ്ചരിക്കുക.[4]

6. അതിന്റെ സഞ്ചാര വഴിയിൽ ക്രമമായി നിറുത്തലുകൾ ഉണ്ടായിരിക്കും. നിറുത്തുന്ന എല്ലാ സ്ഥലങ്ങളിൽവെച്ചും ജനങ്ങളെ അതിനകത്തേക്ക് കയറുവാൻ ക്ഷണിക്കും. എന്നിട്ട് യാത്ര തുടരുന്നതിന്മുമ്പേ അതിൽ കയറ്റി ഇരുത്തും. യാത്ര വീണ്ടും ആരംഭിക്കുന്നതിന് മുമ്പേ അത് വിളിച്ചു പറയും. അങ്ങനെ ഈ ആലങ്കാരിക കഴുത ഒരു സ്ഥലത്ത് നിന്ന് മറ്റൊരു സ്ഥലത്തേക്ക് നിരന്തരം സഞ്ചരിക്കുകയും ജനങ്ങൾക്ക് വേഗതയാർന്നതും സുഖകരവുമായ യാത്ര പ്രദാനം നൽകുകയും ചെയ്യും.[5]

7. ഈ കഴുത തീയാണ് ഭക്ഷിക്കുന്നതെങ്കിലും അതിന്റെ വയറിനുള്ളിൽ സഞ്ചരിക്കുന്നയാളുകൾക്ക് ചൂടേൽ ക്കുന്നില്ല. ഇരിപ്പിട സംവിധാനമുള്ള വയറിനു

ളളിലെ മുറി, തീ കത്തുന്ന മുറിയിൽ നിന്ന് ചൂടേൽക്കാതിരിക്കത്തക്ക വിധമുള്ള സംവിധാനം ചെയ്തിട്ടുണ്ടാകുമെന്ന് ഇത് സൂചിപ്പിക്കുന്നു. [5]

8. ഈ കഴുതക്ക് കടലിലൂടെയും സഞ്ചരിക്കാൻ കഴിയും. സമുദ്രത്തിലെ തിരമാലകളിലൂടെ ഭൂഖണ്ഡങ്ങളിൽ നിന്ന് ഭൂഖണ്ഡങ്ങളിലേക്ക് അതിന് സഞ്ചരിക്കാനാവും.[6]

9. സമുദ്രത്തിലൂടെയുള്ള അവന്റെ യാത്രക്കിടയിൽ അത് കുറേക്കൂടെ വലിയ രൂപം പ്രാപിക്കും. അങ്ങനെ അവന്റെ പിറകിൽ മലയോളം വലുപ്പത്തിൽ ഭക്ഷ്യ വസ്തുക്കൾ വഹിച്ചുകൊണ്ട് പോകാൻ സാധിക്കുന്നു. ഈ വമ്പിച്ച ഭക്ഷ്യകൂമ്പാരങ്ങൾ ദജ്ജാലിന്റെ ആഗ്രഹങ്ങൾക്ക് നികൃഷ്ടമായ രീതിയിൽ വഴങ്ങുന്ന ദരിദ്രരാജ്യങ്ങൾക്കിടയിൽ വിതരണം ചെയ്യപ്പെടുന്നു. ഭക്ഷ്യവസ്തുക്കളുടെ ഈ പർവത കൂമ്പാരങ്ങളുടെ നീക്കങ്ങൾ ഇതിന് മുമ്പേയുള്ള ഒരു വചനത്തിൽ പ്രതിപാദിച്ചതുപോലെ പർവതങ്ങളുടെ നീക്കത്തെ പറ്റിയുള്ള പ്രവചനങ്ങളെ അനുസ്മരിപ്പിക്കുന്നതാണ്.

10. ഈ അത്ഭുതകരമായ കഴുതക്ക് പറക്കാനും അറിയാം. കാരണം അതിന്റെ ചില കുതിപ്പുകൾ കിഴക്ക് നിന്ന് പടിഞ്ഞാറ് വരെയുള്ള ദൂരം മറികടക്കുന്നതാണ്. ആ മൃഗത്തിന്റെ ഒരു പാദം കിഴക്കാണെങ്കിൽ മറ്റൊരു പാദം പടിഞ്ഞാറായിരിക്കും. ഇത് സൂചിപ്പിക്കുന്നത് അത് ഒരു ഭൂഖണ്ഡത്തിൽ നിന്ന് പറന്നുയർന്നാൽ മറ്റൊരു ഭൂഖണ്ഡത്തിലായിരിക്കും പറന്നിറങ്ങുക എന്നാണ്. [7]

11. വായുവിൽ അത് മേഘത്തിനു മുകളിലായിട്ടായിരിക്കും സഞ്ചരിക്കുക.[8]

12. അവന്റെ നെറ്റിയിൽ ഒരു ചന്ദ്രനെ വഹിച്ചിട്ടുണ്ടായിരിക്കും. ഇത് വ്യക്തമായും ആധുനിക വാഹനങ്ങളുടെ ഹെഡ്ലൈറ്റിനെ സൂചിപ്പിക്കുന്നു.[9]

ലോകം മുഴുവൻ കീഴടക്കാൻ ഇറങ്ങി പുറപ്പെടുന്ന ദജ്ജാലിന്റെ സഹായത്തിനായി[10] അവൻ ഉപയോഗിക്കുന്ന കഴുത ഇത്തരത്തിൽ നാനാവിധത്തിലും വർണിക്കപ്പെട്ടിരിക്കുന്നു. വായനക്കാരന് അവനെ തിരിച്ചറിയാൻ ഇതിൽപരം മറ്റൊരു സഹായം ആവശ്യമുണ്ടോ എന്ന് നാം അത്ഭുതപ്പെടുകയാണ്.

*ദജ്ജാൽ* എന്ന പേരിൽ വ്യക്തമായും പ്രതിപാദിക്കപ്പെട്ട ശക്തരായ ക്രിസ്തീയ ശക്തികൾ ഒരു നാൾ ലോകം മുഴുവൻ തങ്ങളുടെ അധീശശക്തികൊണ്ട് ഭരിക്കും എന്നാണ് ഇതിൽ വ്യക്തമായും പ്രതിപാദിച്ചിരിക്കുന്നത്. തീ കൊണ്ട് ചലിക്കുന്ന കഴുത എന്നത് വിമാനം, കപ്പൽ, തീവണ്ടി മുതലായ മാറിക്കൊണ്ടിരിക്കുന്ന വാഹനങ്ങളെ സൂചിപ്പിക്കുന്നു. ക്രിസ്തീയ ശക്തികൾ ലോകം കീഴടക്കുന്നതിൽ ഇത്തരം അസാമാന്യ വേഗം കൂടിയ വാഹനങ്ങൾ നിർണായകമായ പങ്കാണ് വഹിച്ചത്. ഈ അതിവേഗത്തിന്റെ ഗുണങ്ങളെ ഊന്നിപ്പറയുന്നത് കൂടാതെ ആഗോള ശാക്തിക കിടമത്സരത്തിൽ ഭാരിച്ച സ്ഥാനങ്ങളുടെ മേന്മകൾ കൂടി പ്രത്യേകം പരാമർശിക്കപ്പെടുന്നുണ്ട്.

***അപ്പോൾ ആരുടെ തട്ട് ഭാരം തൂങ്ങുന്നുവോ അവർ സംതൃപ്തമായ ജീവിതത്തിലായിരിക്കും. (വി.ശുദ്ധ ഖുർആൻ, 101: 7,8)11***

ലോക മേധാവിത്വത്തിന് ഭാരക്കൂടുതലുള്ള സ്ഥാനങ്ങളും അതിവേഗതയും ഒഴിച്ചു കൂടാനാവാത്ത രണ്ട് ഘടകങ്ങളാണ്. വമ്പിച്ച ഭാരക്കൂടുതലുള്ള ദ്രവ്യങ്ങളും സഞ്ചാര വേഗവും വിജയ പാതയിലെ നിർണായക ഘടകങ്ങളാണ്. ഈ പ്രവചനങ്ങളത്രയും അതുല്യമാണ്. ഇത്തരത്തിലുള്ള പ്രവചനങ്ങൾ മറ്റു ദിവ്യ പ്രവചനങ്ങളിലെവിടെയും കാണുവാൻ സാധ്യമല്ല. ഇതിലെ വിവരങ്ങൾ വൈവിധ്യമാർന്നതും വളരെ ഹ്രസ്വവുമാണ്. ഒരു ചിത്രകാരൻ തന്റെ കണ്ണിൽപ്പെടുന്ന രംഗങ്ങൾ ചിത്രങ്ങളിൽ ആവിഷ്ക്കരിക്കുന്നത് പോലെയുള്ള പ്രതീതിയാണ് അത് ജനിപ്പിക്കുന്നത്. റസൂൽ തിരുമേനി(സ)ക്ക് തന്റെ കൺമുന്നിൽ പ്രദർശിപ്പിക്കപ്പെട്ടത് ചിത്രമയമായ വാക്കുകളിൽ വർണിക്കുകയാണ് ചെയ്തത്.

ഇവിടെ സൂറഃ *തക്വീറിൽ*

*ദജ്ജാൽ* എന്ന പേരിൽ വ്യക്തമായും പ്രതിപാദിക്കപ്പെട്ട ശക്തരായ ക്രിസ്തീയ ശക്തികൾ ഒരു നാൾ ലോകം മുഴുവൻ തങ്ങളുടെ അധീശശക്തികൊണ്ട് ഭരിക്കും എന്നാണ് ഇതിൽ വ്യക്തമായും പ്രതിപാദിച്ചിരിക്കുന്നത്. തീ കൊണ്ട് ചലിക്കുന്ന കഴുത എന്നത് വിമാനം, കപ്പൽ, തീവണ്ടി മുതലായ മാറിക്കൊണ്ടിരിക്കുന്ന വാഹനങ്ങ ളെ സൂചിപ്പിക്കുന്നു. ക്രിസ്തീയ ശക്തികൾ ലോകം കീഴടക്കുന്നതിൽ ഇത്തരം അസാമാന്യ വേഗം കൂടിയ വാഹനങ്ങൾ നിർണായകമായ പങ്കാണ് വഹിച്ചത്.

ഉള്ളടങ്ങിയ പ്രവചനങ്ങളെ സംബന്ധിച്ചുള്ള ഒരു വിശദമായ ചർച്ചയാണ് നാം നടത്തിയത്. ഈ കാലഘട്ടത്തിന്റെ തന്നെ പ്രത്യേകതകളുമായി ബന്ധപ്പെട്ട മറ്റു ചില സുപ്രധാന പ്രവചനങ്ങളെപ്പറ്റി വിവരിക്കാനാണ് നാം ഇനി ഉദ്ദേശിക്കുന്നത്. ഓരോ പ്രവചനവും ഓരോ പ്രത്യേക വിഷയങ്ങളെ സംബന്ധിച്ചുള്ളതാണ്. അത് വളരെ സമർഥമായ രീതിയിൽ മറ്റു ഖുർആനിക വചനങ്ങളിലും നിഗൂഢാത്മകമായി പ്രതിപാദിച്ചിരിക്കുന്നു. ●

***(വെളിപാട് യുക്തി ജ്ഞാനം സത്യം - ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്)***

***Reference***

1. 'ALLAMAH 'ALA-UD-DIN 'ALI AL-MUTTAQI. Kanz-ul-'ummal vol:14 p.604 & 613 (1979), Beirut.

2. IMAM MUSLIM BIN AL-HAJJAJ BIN MUSLIM AL-QUSHAIRI AL-NAISAPURI. Sahih Muslim, Kitab-ul-Fitan, Babo Zikrid-Dajjal wa Sifatehi Wa Ma Ma'ahu.

3. 'ALLAMAH MUHAMMAD BAQIR AL-MAJLISI. Biharul-Anwar, Babo 'Alamate Zohurihi Alaihis-salam min Al-sufyani wad-Dajjal.

4. 'ABDUR-REHMAN AL-SAFURI. Nuzhat-ul-Majalis,vol:1 p.109. Maimaniyyah Press, Egypt.

5. 'ALLAMAH MUHAMMAD BAQIR AL-MAJLISI. Biharul-Anwar, Babo 'Alamate Zohurihi Alaihis-salam min Al-sufyani wad-Dajjal.

6. 'ABDUR-REHMAN AL-SAFURI. Nuzhat-ul-Majalis,vol:1 p.109. Maimaniyyah Press, Egypt.

7. Sahih Al-Bukhari. Kitab-ul-Fitan, Babo Zikrid-Dajjal.

8. 'ABDUR-REHMAN AL-SAFURI. Nuzhat-ul-Majalis,vol:1 p.109. Maimaniyyah Press, Egypt.

9. 'ALLAMAH 'ALA-UD-DIN 'ALI AL-MUTTAQI. Kanz-ul-'ummal vol:14 p.613 (1979), Beirut.

10. Sahih Muslim, Kitab-ul-Fitan, Babo Zikrid-Dajjal wa Sifato Wa Ma Ma'ahu.

11. Translation of The Holy Quran,verse 101:7–8

# കുട്ടികളും വ്രതാനുഷ്ഠാനവും

- ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ)
(ഖലീഫത്തുൽ മസീഹ് സാനി, മുസ്‌ലിഹ് മൗഊദ്)

ചെറിയ കുട്ടികൾ നോമ്പനുഷ്ഠിക്കുന്നത് സൽക്കർമമാകുന്നില്ല. ഒരു വ്യക്തി ഏകദേശം 50 ഓ 60 ഓ വയസ്സുവരെ നോമ്പനുഷ്ഠിക്കേണ്ടി വരുന്നു. ആ പ്രായം വരേക്കുള്ള ആരോഗ്യം സംഭരിക്കേണ്ട കാലഘട്ടമാണ് കുട്ടിക്കാലം. ആ കാലഘട്ടത്തിൽ നോമ്പനുഷ്ഠിക്കുന്നത് ഒരിക്കലും നന്മയാകുന്നില്ല. റമദാന്റെ യഥാർഥത്തിലുള്ള അർഥത്തിൽ അവർ സംബോധിതരുമല്ല. അവർ നോമ്പനുഷ്ഠിക്കുകയാണെങ്കിൽ അവർ കുറ്റക്കാരായി തീരുകയാണ് ചെയ്യുന്നത്. ഒരു കാര്യം ഓർക്കുക. കുട്ടികളെ നോമ്പ്നുഷ്ഠി ക്കുന്നതിൽ നിന്ന് ശരീഅത്ത് വിലക്കിയിരിക്കുന്നു. അവർ പ്രായപൂർത്തി ആകുന്ന ഘട്ടമെത്തുമ്പോൾ അവർക്ക് നോമ്പനുഷ്ഠിക്കാനുള്ള പരിശീലനം നൽകാവുന്നതാണ്. ഹദ്റത്ത് മസീഹ് മഊദ് (അ) എനിക്ക് നോമ്പനുഷ്ഠിക്കാനുള്ള അനുവാദം നൽകിയത് 12, 13 വയസ്സായപ്പോളാണ്. എന്നാൽ ചില അറിവില്ലാത്ത മാതാപിതാക്കന്മാർ കുട്ടികളെ 6 ഓ 7 ഓ വയസ്സാകുമ്പോൾ തന്നെ നോമ്പനുഷ്ഠിക്കാൻ നിർബന്ധിക്കുന്നത് കാണാറുണ്ട്. എന്തോ വലിയ നന്മ ചെയ്യുന്നു എന്ന ഭാവത്തിലാണ് അവർ അങ്ങനെ ചെയ്യുന്നത്. എന്നാൽ ഇത് ഒരിക്കലും നന്മയോ പ്രതിഫലം അർഹിക്കുന്ന പ്രവർത്തിയോ അല്ല. മറിച്ച് അക്രമമാണെന്ന് അവർ ഓർത്തുകൊള്ളട്ടെ. അവർ പ്രായപൂർത്തിയുടെ ഘട്ടത്തിൽ എത്തുമ്പോൾ ഒന്നോ രണ്ടോ നോമ്പുകൾ എടുക്കാൻ അവരെ അനുവദിക്കാവുന്നതാണ്.

ഹദ്റത്ത് മസീഹ് മഊദി (അ) ന്റെ ചര്യ പരിഗണിച്ചാൽ 12, 13 വയസ്സാകുമ്പോൾ നോമ്പനുഷ്ഠിക്കാൻ പരിശീലിപ്പിക്കാവുന്നതാണ്. പിന്നീട് അടുത്തു വരുന്ന വർഷങ്ങളിൽ അതായത് 18 വയസ്സിനോട് അടുത്തുവരുമ്പോൾ (എന്റെ വീക്ഷണത്തിൽ അതവരുടെ പക്വതയുടെ പ്രായമാണ്) ഒന്നോ രണ്ടോ നോമ്പുകൾ എടുത്ത് അവരെ പരിശീലിപ്പിക്കാവുന്നതാണ്. ഞാൻ നേരത്തെ പറഞ്ഞത് പോലെ മസീഹ് മൗഊദ് (അ) എനിക്ക് നോമ്പ് അനുഷ്ഠിക്കാൻ അനുവാദം നൽകിയത് 12, 13 വയസ്സിലായിരുന്നു. ഈ പ്രായത്തിൽ സാധാരണകുട്ടികൾക്ക് നോമ്പനുഷ്ഠിക്കാനുള്ള ആഗ്രഹം ഉണ്ടായിരിക്കും. അവർ ഉത്സാഹഭരിതരായിരിക്കും. അതുകൊണ്ട് അവർ നോമ്പനുഷ്ഠിക്കണമെന്ന് നിർബന്ധം പിടിക്കുകയും ചെയ്യും എന്നാൽ മാതാപിതാക്കളുടെ കടമയാണ് അവരെ അക്കാര്യത്തിൽ നിന്ന് വിലക്കി നിർത്തുക എന്നത്. ഈ പ്രായത്തിൽ കൂടുതൽ നോമ്പനുഷ്ഠിക്കാൻ നിർബന്ധിച്ചാൽ അത് ഭാവിയിൽ അവരുടെ ആരോഗ്യത്തെ ബാധിക്കുകയും നോമ്പനുഷ്ഠിക്കേണ്ട ഘട്ടത്തിൽ അതിന് കഴിയാതെ വരികയും ചെയ്യും. ഹദ്റത്ത് മസീഹ് മൗഊദ് (അ) നൽകുന്ന അദ്ധ്യാപനം അങ്ങനെയാണ്.

***(തഫ്സീർ കബീർ)***

# ഹദ്റത്ത് അഹ്മദി(അ)ന്റെ താക്കീതുകളും ജിഹാദിൽ വലയുന്ന മുസ്ലിം ലോകവും

നൂറ് വർഷം മുമ്പ് അഫ്ഗാൻ ജനതയെ അഭിസംബോധന ചെയ്ത് കൊണ്ട് ജിഹാദ് ആവേശം വെടിഞ്ഞ് സ്വയം ഒരു പരിവർത്തനം വരുത്തണമെന്ന് വാഗ്ദത്ത മസീഹ് (അ) നടത്തിയ ഹൃദയ സ്പൃക്കായ അഭ്യർഥനക്ക് പകരം തന്റെ രണ്ട് വിനീത ശിഷ്യരെ വധിച്ചു കളയുകയാണ് ആ ജനത ചെയ്തത്. അഫ്ഗാനികളുടെ വിധിവിപര്യയം വാഗ്ദത്ത മസീഹ് (അ) നേരത്തേ തന്റെ ആത്മീ ദൃഷ്ടികൊണ്ട് കണ്ടറിഞ്ഞിരുന്നു.

അബ്ദുറഹ്മാൻ കൊടിയത്തൂർ

ഭീകരതയുടെയും യുദ്ധത്തിന്റെയും ഫലമായി ഭൂമിയിലെ നരകമായി തീർന്ന അഫ്ഗാനിസ്താനേയും അഫ്ഗാൻ വംശജർക്ക് ഭൂരിപക്ഷമുള്ള പാകിസ്താനിലെ അതിർത്തി സംസ്ഥാനക്കാരെയും സംബോധന ചെയ്തു കൊണ്ട് വാഗ്ദത്ത മസീഹ്(അ) 100 വർഷം മുമ്പ് നൽകിയിട്ടുള്ള ഉപദേശങ്ങളും താകീതുകളും ഏതൊരാളേയും വിസ്മയപ്പെടുത്തുന്നതാണ്. പെഷവാറിൽ വെച്ച്, അമുസ്ലിംകളായിപ്പോയി എന്ന കാരണത്താൽ 2 യൂറോപ്യന്മാരെ മതാന്ധന്മാരായ പഠാൻകാർ നിഷ്ഠൂരമായി കൊലപ്പെടുത്തിയ വാർത്തയറിഞ്ഞപ്പോൾ ആ മഹാത്മാവ് ജിഹാദ് എന്ന പേരിലൊരു ചെറു ഗ്രന്ഥം രചിക്കുകയുണ്ടായി. പ്രസ്തുത ഗ്രന്ഥത്തിൽ കാബൂൾ അമീറിനെ സംബോധന ചെയ്തുകൊണ്ട് അവിടുന്ന് അരുളുന്നു:

*ജിഹാദ് എന്ന പേരിൽ മറ്റു മതക്കാരുടെ മേൽ ആക്രമണം നടത്തുക എന്ന മുസ്ലിംകളിൽ കാണപ്പെടുന്ന ഇന്നത്തെ പ്രവണത ശറഈ (നിയമാനുസൃതമായ) ജിഹാദ് അല്ല മറിച്ച് അല്ലാഹുവിന്റെയും അവന്റെ റസൂലിന്റെയും കൽപ്പനകൾക്ക് വിരുദ്ധമായ പ്രവൃത്തിയും കടുത്ത പാതകവുമാകുന്നു. എന്നാൽ ഈ സമ്പ്രദായത്തിൽ പറ്റിപിടിച്ച ചില ഇസ്ലാമിക രാഷ്ട്രങ്ങൾക്ക് ഇതൊരു പഴയ ശീലം ആയിക്കഴിഞ്ഞിരിക്കയാൽ അത് വേഗം ഉപേക്ഷിക്കുക സാദ്ധ്യമല്ല. എന്നാൽ അത്തരം ഉപദേശം നൽകുന്നവരെ തങ്ങളുടെ ശത്രുവായിക്കരുതുകയും മതവിശ്വാസങ്ങളോട് യുദ്ധം ചെയ്യുന്ന ആവേശത്തോടെ അയാളുടെ കഥ കഴിക്കാൻ തയ്യറാവുകയും ചെയ്തേക്കാം. എന്നാൽ ഞാൻ ആലോചിച്ചുകൊണ്ടിരിക്കുകയാണ്, മുൻ അഫ്ഗാൻ അമീർമാരിൽ കാണപ്പെട്ടിട്ടില്ലാത്ത തരത്തിൽ അഫ്ഗാൻകാരിൽ പ്രഭാവം പുലർത്തിപ്പോന്ന ഇപ്പോഴത്തെ കാബൂൾ അധിപനായ അമീർ പേരുകേട്ട ആലിംകളെ വിളിച്ചുകൂട്ടി ഈ ജിഹാദ് പ്രശ്നത്തെ പറ്റി ചർച്ച നടത്തുകയും പിന്നീട് ഉലമാക്കന്മാർ മുഖേന അത് സാമാന്യ ജനങ്ങളെ അവരുടെ തെറ്റുകളെക്കുറിച്ച് ഉണർത്തുകയും ചെയ്യേണ്ടിയിരിക്കുന്നു. അതോടൊപ്പം ഈ രാജ്യത്തിലെ ഉലമാക്കൾ പുഷ്തു ഭാഷയിൽ ചില പുസ്തകങ്ങൾ തയ്യാറാക്കി വിപുലമായ തരത്തിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്യുകയാണെങ്കിൽ ഇത്തരം പ്രവർത്തനങ്ങൾ ജനങ്ങളിൽ സൽഫലങ്ങൾ സൃഷ്ടിക്കുമാറാകും. ഈ എത്രയും പ്രധാനപ്പെട്ട പരിഷ്ക്കരണ പരിപാടിയിലേക്ക് അമീർ അവർകൾ ശ്രദ്ധ തിരിക്കാത്തപക്ഷം മുല്ലമാരുടെ ഇത്തരം ഫത്വകളുടെ നേരെ നിശ്ശബ്ദത കൈകൊള്ളുന്നതിന്റെ അന്തിമ ഫലങ്ങൾ ഗവൺമെന്റിനുതന്നെ വലിയ കഷ്ട നഷ്ടങ്ങൾ വരുത്തിവച്ചേക്കും. (ജിഹാദ്, പേജ് 37 ഹദ്റത്ത് അഹ്മദ് (അ))*

പ്രസ്തുത ഗ്രന്ഥത്തിൽ വളരെ വിശദമായി തന്നെ മുല്ലമാരുടെയും പാമര ജനങ്ങളുടെയും ഈ തെറ്റായ ജിഹാദി സങ്കൽപ്പത്തിന്റെ ദൂഷ്യങ്ങളെ സംബന്ധിച്ച് വിവരിക്കുകയും ഇതിൽ നിന്ന് ജനങ്ങളെ പിന്തിരിപ്പിക്കാൻ അമീറിന്റെ ഭാഗത്ത് നിന്ന് ശ്രമങ്ങൾ ഉണ്ടാകുന്നില്ലായെങ്കിൽ അമീറിന് തന്നെയും അതിന്റെ ദുഷ്യഫലങ്ങൾ അനുഭവിക്കേണ്ടിവരുമെന്നും അവസാനം ഖിയാമത്തിന്റെ കാഴ്ച്ചകൾ കാണേണ്ടിവരുമെന്നും താക്കീത് ചെയ്യുകയുണ്ടായി. വാഗ്ദത്ത മസീഹിന്റെ നിരവധി ഗ്രന്ഥങ്ങളിൽ ജിഹാദിനെ സംബന്ധിച്ച ഇസ്ലാമിക പാഠങ്ങൾ വിവരിക്കുകയും ജിഹാദിന്റെ പേരിൽ നടത്തിക്കൊണ്ടിരിക്കുന്ന രക്തച്ചൊരിച്ചിൽ അവസാനിപ്പിക്കാൻ ഉദ്ബോധിപ്പിക്കുകയുമുണ്ടായി.

ദുർറെ സമീൻ എന്ന കവിതാ സമാഹാരത്തിൽ അവിടുന്ന് അവസാനമായി താക്കീത് നൽകുന്നത് കാണുക.

***എന്റെ ഈ ഉപദേശം ശ്രവിച്ച ശേഷവും യുദ്ധത്തിന് പോവുന്നവർക്ക് അവിശ്വാസികളുടെ കൈയിൽ നിന്ന് കഠിനതരമായ വേദനകൾ സഹിക്കേണ്ടിവരും. ഇത് എന്റെ ഒരു മുഅ്ജിസ (ദിവ്യാടയാളം) ആണ്. നിങ്ങൾ അവർക്ക് മനസ്സിലാക്കിക്കൊടുക്കുക. ഇത് മസീഹിന്റെ കാലമാണ്. യുദ്ധത്തിന്റെ കാലമല്ല. ഇനിയും ഇവർക്ക് മനസ്സിലാകുന്നില്ലെങ്കിൽ അല്ലാഹു അവർക്ക് മനസ്സിലാക്കിക്കൊടുക്കട്ടെ. (ദുർറെ സമീൻ)***

ഖേദകരമെന്ന് പറയട്ടെ ഹദ്റത്ത് അഹ്മദി(അ)ന്റെ ആത്മാർഥമായ ഉപദേശങ്ങളും ഗൗരവപൂർണമായ താക്കീതുകളും കൈകൊള്ളുന്നതിന് പകരം അദ്ദേഹത്തേയും ശിഷ്യരെയും ശത്രുക്കളായി കണക്കാക്കി ദ്രോഹകൃത്യങ്ങൾ നടപ്പാക്കുകയും തങ്ങളുടെ ഭ്രാന്തൻ ചെയ്തികളുമായി മുന്നോട്ടു പോകുകയുമാണ് ചെയ്തത്. ജിഹാദ് ദുർബലപ്പെടുത്തിയ മസീഹിൽ വിശ്വസിച്ചു എന്ന കുറ്റം ചുമത്തിക്കൊണ്ടായിരുന്നു അഫ്ഗാനിസ്ഥാനിൽ ആയിരക്കണക്കിന് ശിഷ്യന്മാരുണ്ടായിരുന്ന ദേഹവും അഫ്ഗാൻ രാജകൊട്ടാരത്തിലെ ആദരണീയനും കിരീടധാരണത്തിന് കാർമികത്വം വഹിക്കുന്ന മഹൽ വ്യക്തിയുമായിരുന്ന സാഹിബ് സാദാ അബ്ദുല്ലത്തീഫ് സാഹിബിനെ കാബൂളിന്റെ മണ്ണിൽ വെച്ച് അമീർ ഹബീബുല്ലാ ഖാനും മുഫ്തിമാരും പരിവാരങ്ങളും ചേർന്ന് എറിഞ്ഞ് കൊന്നത്. ഈ നിഷഠൂര കൃത്യം വാഗ്ദത്ത മസീഹിനെ അത്യധികം വേദനിപ്പിക്കുകയുണ്ടായി. തദ്കിറത്തുശ്ശഹാദത്തൈൻ എന്ന ഗ്രന്ഥത്തിൽ അദ്ദേഹം എഴുതി: ശഹ്സാദ അബ്ദുല്ലത്തീഫിന് വിധിക്കപ്പെട്ട രക്തസാക്ഷിത്വം അങ്ങനെ സംഭവിച്ചു കഴിഞ്ഞു. ഇനി ദ്രോഹിക്കുള്ള പ്രതിക്രിയ ബാക്കിനിൽക്കുന്നു..!...............ഈ കൊല വലുതായ നിഷ്ക്കരുണയോടെയാണ് ചെയ്യപ്പെട്ടിരിക്കുന്നത്. ആകാശത്തിന് കീഴിൽ ഇക്കാലത്ത് ഈ കൊലക്ക് തുല്യമായ മറ്റൊരു സംഭവം കണ്ടെത്താനാവില്ല. ഹാ കഷ്ടം! അവിവേകിയായ അമീർ എന്താണ് കാട്ടി കൂട്ടിയത്? പരമ നിരപരാധിയായ ഒരു മനുഷ്യനെ അസാധാരണമായ നിർദയത്വത്തോടെ കൊന്നുകൊണ്ട് അയാൾ സ്വയം നാശത്തിന് ഇരയായിരിക്കുന്നു. ഓ കാബൂൾ ഭൂപ്രദേശമേ നീ സാക്ഷി നിൽക്കുക, നിന്റെ വിരിമാറിൽ വെച്ചാണ് ഈ കൊടുംപാതകം ചെയ്യപ്പെട്ടിരിക്കുന്നത്. ഓ ഭാഗ്യം കെട്ട ഭൂപ്രദേശമേ, ദൈവ ദൃഷ്ടിയിൽ നീ തരം താണു പോയിരിക്കുന്നു. ഈ മഹാപാതകത്തിന്റെ ക്രിയാവേദി നിന്റെ നിലമല്ലയോ (തദ്കിറത്തുശ്ശഹാദത്തൈൻ).

അല്ലാഹുവിന്റെ സത്യദൂതന്റെ ശാപത്തിനിരയായ അഫ്ഗാൻ മണ്ണിനും, ജിഹാദിനെ സംബന്ധിച്ച ആ മഹാത്മാവിന്റെ പാഠങ്ങളെ അവഗണിച്ച മുസ്ലിം സമുദായത്തിനും എന്ത് സംഭവിച്ചു എന്ന് 100 വർഷത്തെ ചരിത്രം നമ്മുടെ മുന്നിൽ സാക്ഷ്യം വഹിക്കുന്നു. സാഹിബ് സാദാ സാഹിബിന്റെ വധം നടന്ന് പിറ്റേ ദിവസം തന്നെ ഒരു അത്ഭുത ദൃഷ്ടാന്തം എന്ന രീതിയിൽ രാജ്യത്തിന്റെ പല ഭാഗത്തും കൊടുങ്കാറ്റ് ആഞ്ഞു വീശി. തുടർന്ന് കാബൂൾ നഗരത്തിൽ കോളറ പടർന്ന് പിടിക്കുകയും, അനേകം ആളുകൾ മൃതിയടയുകയും രാജകുടുംബത്തിൽ പല പ്രമുഖരും കൂടാതെ അബ്ദുല്ലത്തീഫ് സാഹിബിനെതിരെ കുറ്റം വിധിച്ച മുഫ്തിമാരിൽ ചിലരും കോളറക്കിരയായി. അമീർ ഹബീബുല്ലാഖാൻ 1919 ഫെബ്രുവരി 20 ന് വെടിയേറ്റു മരിച്ചു. തുടർന്ന് ഇന്ന് വരെയുള്ള അഫ്ഗാന്റെ ചരിത്രം കലാപത്തിന്റേതുമാണ്. അവിടെ അധികാരത്തിലിരുന്ന ഭരണാധികാരികൾ സ്ഥാനഭ്രഷ്ടരാക്കപ്പെടുകയോ വധിക്കപ്പെടുകയോ ആണുണ്ടായത്. സോവിയറ്റ് അധിനിവേശത്തിന് ശേഷം അധികാരമേറ്റ മുജാഹിദീങ്ങളുടെ ഭരണാധികാരി നിഗബത്തുള്ളാ മുജദ്ദിദി കരാർ പ്രകാരം ബുർഹാ നുദ്ദീൻ റബ്ബാനിക്ക് 1992ൽ അധി കാരം കൈമാറിയ വാർത്ത ജമാഅത്തെ ഇസ്ലാമിയുടെ മാധ്യമം റിപ്പോർട്ട് ചെയ്തത് 90 വർഷത്തിന് ശേഷമുള്ള ആദ്യത്തെ സമാധാന പരമായ അധികാര കൈമാറ്റം എന്നാണ്. അഫ്ഗാനിസ്താനിൽ സമാധാനം സ്ഥാപിതമായിട്ടില്ല. ജമാഅത്തെ ഇസ്ലാമിക്കാരുടെ ഇഷ്ടതോഴനായിരുന്ന ഖുൽബുദ്ദീൻ ഹിക്മത്തിയാർ റബ്ബാനിക്കെതിരിൽ ജിഹാദ് തുടങ്ങുകയും അഫ്ഗാനിസ്താൻ വീണ്ടും കലാപ ഭൂമിയായി മാറുകയും ചെയ്തു. ഈ കാലഘട്ടത്തിനിടയിൽ വൻ ശക്തികളായ സോവിയറ്റ് യൂണിയന്റെയും അമേരിക്കയുടെയും അധിനിവേശത്തിൽ കഴിയേണ്ടിവന്ന ഏക രാജ്യമാണ് അഫ്ഗാനിസ്താൻ. ഇന്നത്തെ അഫ്ഗാന്റെ ദൈന്യചിത്രം കൂടുതൽ വിവരിക്കേണ്ടതില്ല. ലക്ഷക്കണക്കിന് മനുഷ്യർ അവിടെ കൊല്ലപ്പെട്ടിരിക്കുന്നു. പരിക്കേറ്റവരുടെ കണക്ക് അതിലുമെത്രയോ ആണ്. അഫ്ഗാനിസ്താനിലെ കൃഷിഭൂമി മുഴുവൻ കുഴിബോംബുകൾ നിറഞ്ഞ് കൃഷിയോഗ്യമല്ലാതായിരിക്കുന്നു. പട്ടിണി മാറ്റാൻ വേണ്ടി കൈ നീട്ടുന്ന അഫ്ഗാൻ സ്ത്രീകളുടെ ദയനീയ ചിത്രം ലോക മീഡിയകളിൽ നിറഞ്ഞു നിൽക്കുന്നു. ഒരു തൂലികക്കും വിവരിക്കാൻ കഴിയാത്തതാണ് ആ രാജ്യം ഇന്ന് അഭിമുഖീകരിക്കുന്ന ദുരിതങ്ങൾ. പക്ഷേ ഇത്രയെല്ലാമായിട്ടും അവിടുത്തെ മുല്ലാമാർക്കും ശിങ്കിടികൾക്കും ജിഹാദിന്റെ ഭ്രാന്ത് അവസാനിക്കുന്നില്ല എന്നതാണ് വ്യസനകരമായിട്ടുള്ളത്.

പാകിസ്താൻ ഇന്ന് അഭിമുഖീകരിക്കുന്നതും സമാനമായ അവസ്ഥ തന്നെയാണ്. ഇന്ത്യയോടൊപ്പം സ്വതന്ത്രമായ ആ നാട് ഇന്ന് നിലനിൽപ്പിനായി ഭീഷണി നേരിടുകയാണ്. ജിഹാദ് വിളിച്ച് കലി തുള്ളി വരുന്ന വിവിധ ഗ്രൂപ്പുകൾ തമ്മിൽ രക്ത ചൊരിച്ചിൽ നടന്നുകൊണ്ടിരിക്കുന്നു. അതിർത്തി സംസ്ഥാനങ്ങളിലെ താലിബാൻ ഭീഷണി സംബന്ധിച്ചും അവരെ നേരിടാൻ അമേരിക്കൻ സേന നടത്തികൊണ്ടിരിക്കുന്ന ബോംബിങ്ങിനെ പറ്റിയു

മുള്ള വാർത്തകൾ പല പ്രാവശ്യം നാം കേട്ടുകൊണ്ടിരിക്കുന്നു. ഭരണ കൂടത്തിന് ഭീകരവാദികളുടെ മേൽ നിയന്ത്രണം നഷ്ടപ്പെട്ടിരിക്കുന്നു. ലോകത്തിലെ ഏറ്റവും അപകടം പിടിച്ച സ്ഥലമാണ് പാകിസ്താൻ എന്നാണ് അമേരിക്കൻ പ്രസിഡന്റ് വിശേഷിപ്പിച്ചിരിക്കുന്നത്. മതപാഠ ശാലകൾ തീവ്രവാദ പരിശീലന കേന്ദ്രങ്ങളായി മാറിയിരിക്കുന്നു. പള്ളികളിൽ അണിയണിയായി നിന്ന് നമസ്കരിക്കുന്നവരെ വെടി വെച്ച് ആർത്തട്ടഹസിക്കുന്നു. തെരുവിലും മാർക്കറ്റുകളിലും ചാവേറാക്രമണത്താൽ മനുഷ്യ മാംസം ചിന്നി ചിതറി നിറയുന്നു. പകിസ്താൻ പ്രസിഡന്റ് തങ്ങൾ തീവ്രവാദത്തിന്റെയും ഭീകരവാദ ത്തിന്റെയും ഇരകളാണെന്ന് ടിവി ചാനലുകളിൽ വിലപിക്കുന്നു. ജിഹാദിന്റെ ഈ പോക്കിൽ ഇത്തരം വിപത്തുകളുണ്ടാകുമെന്ന് ദൈവികമുന്നറിയപ്പനുസരിച്ച് ദീർഘ ദർശനം നടത്തിയ വാഗ്ദത്ത മസീഹിനെക്കുറിച്ച് യാതൊരു പരാമർശമോ അനുസ്മരണമോ എവിടെയും ഉണ്ടാകുന്നില്ലെന്ന താണ് ഏറെ ദുഃഖകരം.

ഇത് പാകിസ്താന്റെ മാത്രം കഥയല്ല. ലോകത്ത് മിക്ക മുസ്‌ലിം രാജ്യങ്ങളും അനുഭവിച്ചുകൊണ്ടിരി ക്കുന്ന യാഥാർഥ്യമാണ്. സോമാ ലിയ ദശാബ്ദങ്ങളായി ചോരക്കള മായി മാറിയിട്ട്. ജിഹാദ് വിളിച്ച് പരസ്പരം പോരിനിറങ്ങിയ യുദ്ധ പ്രഭുക്കളുടെ നാടായി ഈ ദരിദ്ര രാജ്യം മാറിയിരിക്കുന്നു. ഇവിടെ സുസ്ഥിരമായ ഒരു ഭരണകൂടം തന്നെയില്ലാതായിരിക്കുന്നു. ആർക്കും എന്തും ചെയ്യാമെന്ന അവസ്ഥ. കലാപത്തിൽ പിഞ്ചു കുട്ടികളടക്കം ലക്ഷക്കണക്കിന് സ്ത്രീപുരുഷന്മാർ പരലോകം പൂകിയിരിക്കുന്നു. കൊടും പട്ടിണി മറ്റൊരു ഭാഗത്ത് നാടിനെ വിഴു ങ്ങാൻ കാത്തു നിൽക്കുന്നു. റഷ്യയിലെയും ചൈനയിലെയു മെല്ലാം മുസ്‌ലിം പ്രവിശ്യകൾ അവിടുത്തെ ഭരണകൂടത്തിനെ തിരിൽ കലാപത്തിലാണ്. ഫലമോ സുശക്തമായ പ്രസ്തുത രാജ്യങ്ങ ളുടെ അതിനിഷ്ഠൂരമായ അടിച്ച മർത്തലിൽ അബലകളും അശരണ രുമായ മുസ്‌ലിം സമൂഹം ഇഞ്ചി ഞ്ചായി നശിപ്പിക്കപ്പെടുന്നു. തന്റെ വാക്കുകൾ ശ്രവിച്ച ശേഷം യുദ്ധ ത്തിന് പോവുന്നവർക്ക് അവിശ്വാ സികളുടെ കരങ്ങളാൽ കഠിനതര മായ വേദനകൾ സഹിക്കേണ്ടിവരു മെന്ന വാഗ്ദത്ത മസീഹിന്റെ താക്കീ ത് ഇവിടെങ്ങളിലെല്ലാം സത്യമായി പുലർന്നു കൊണ്ടിരിക്കുന്നു.

നമ്മുടെ കശ്മീരിലും മറ്റിതര സംസ്ഥാനങ്ങളിലുമെല്ലാം ജിഹാ ദിന്റെ പേരിൽ തീവ്രവാദം നടത്തി ക്കൊണ്ടിരിക്കുന്നവരും പ്രസ്തുത താക്കീത് ശ്രദ്ധിക്കേണ്ടിയിരിക്കുന്നു ഭൂമിയിലെ സ്വർഗമെന്ന് വിശേഷിപ്പി ക്കപ്പെടുന്ന കശ്മീർ താഴ്‌വര ഇന്ന് ശ്മശാന ഭൂമിയായി മാറിക്കഴിഞ്ഞിരി ക്കുന്നു. അവിടെയും ജനം തീവ്ര വാദികളുടെയും രക്ഷാസേനയു ടെയും തോക്കുകൾക്ക് മുമ്പിൽ ജീവന് വേണ്ടി കെഞ്ചി കരയുന്ന അവസ്ഥയിലാണ്. ഇസ്‌ലാം ഭീകരത യുടെ മതമാണെന്ന് മുദ്ര കുത്തപ്പെ ട്ടിരിക്കുന്നു. എത്രയോ നിരപരാധി കളായ ചെറുപ്പക്കാർ ഭീകര വേട്ടക്കി രയായി ഇന്ത്യയുടെ വിവിധ ഭാഗങ്ങ ളിൽ മരിച്ചു വീണു കൊണ്ടിരിക്കു ന്നു. അപരാധിയാര് നിരപരാധിയാര് എന്ന് തിരിച്ചറിയാതായിരിക്കുന്നു. മുസ്‌ലിം വേഷം ധരിച്ചവരെ ഭീതി യോടെ മറ്റുള്ളവർ നോക്കിക്കാണു ന്ന സ്ഥിതി വന്നിരിക്കുന്നു. താരത മ്യേന സമാധാനം നിലനിന്ന കേരള ക്കരയിൽ നിന്നും തീവ്രവാദികളെ സംബന്ധിച്ചും ജിഹാദികളെക്കുറി ച്ചുമെല്ലാമുള്ള വാർത്തകൾ കേട്ടു തുടങ്ങിയിരിക്കുന്നു.

ലോകം മുഴുവനും നമ്മുടെ നാട്ടിലും മതതീവ്രവാദം ഒരു പ്രശ്നത്തിനും പരിഹാരമല്ല എന്ന തിരിച്ചറിവ് സാമാന്യ മുസ്‌ലിം ജനങ്ങൾക്കുണ്ട്. ജമാഅത്തെ ഇസ്‌ലാമിയെ പോലെയുള്ള മത രാഷ്ട്ര സംഘടനകളാണ് ജിഹാദും ഭരണം പിടിച്ചെടുക്കലും ഇസ്‌ലാമി ലെ അനിവാര്യമായ കാര്യമാണെന്ന് പ്രചാരണം നടത്തിയത്. അതി പ്പോൾ ഭീകരവാദമായും വിധ്വംസക പ്രവർത്തനമായും അരങ്ങു തകർക്കുമ്പോൾ ജമാഅത്തെ ഇസ്‌ലാമി ക്യാമ്പുകളിൽ അന്ധാളി പ്പ് പടരുകയാണ്. ഇപ്പോൾ അവർ ജിഹാദ് എന്താണെന്ന് വിശദീകരി ക്കുന്ന തിരക്കിലാണ്. നൂറ് വർഷ ങ്ങൾക്ക് മുമ്പ് വാഗ്ദത്ത മസീഹ് (അ) യഥാർഥ ഇസ്‌ലാമിക ജിഹാദി നെ സംബന്ധിച്ച് പറഞ്ഞ വിശദീ കരണങ്ങളും വ്യാഖ്യാനങ്ങളും ഏറ്റു പാടാൻ തുടങ്ങിയിരിക്കുന്നു. യൂറോപ്പിലും അമേരിക്കയിലുമെല്ലാ മുള്ള മുസ്‌ലിം വേഷധാരികളെ സഹയാത്രികരുടെ പ്രതിഷേധം കാരണം വിമാനത്തിൽ നിന്ന് ഇറക്കി വിടുന്നു. കുടിയേറ്റക്കാരെ ഉദാരമായി സ്വാഗതം ചെയ്തിരുന്ന യൂറോപ്യൻ രാജ്യങ്ങൾ പലരും മുസ്‌ലിംകൾക്ക് വിസ നിഷേധിക്കു കയാണ്. ഈ സംഭവങ്ങളിലെല്ലാം തീർച്ചയായും ജൂതക്രൈസ്തവ ലോബികളുടെ ഗൂഢാലോചനകൾ ഉണ്ട് എന്നത് ശരിയായിരിക്കാം. പക്ഷേ അതിന് നിമിത്തമാകുന്നത് മുസ്‌ലിംകളിലെ ചെറിയൊരു വിഭാഗത്തിന്റെ തെറ്റായ ജിഹാദ് വിശ്വാസവും അതിന്റെ ഫലമായു ള്ള തീവ്രവാദ പ്രവർത്തനവുമാണ് എന്നതാണ് സത്യം. ഈ ജിഹാദ് ഭ്രാന്ത് മുസ്‌ലിം ലോകത്തിന് വമ്പിച്ച വിപത്തുകൾക്ക് കാരണമാകുന്നു എന്ന് അറിയുന്ന സർവജ്ഞനായ അല്ലാഹു ഇക്കാലത്ത് അവന്റെ പ്രത്യേക കാരുണ്യത്താൽ അവൻ അയച്ച വാഗ്ദത്ത മസീഹ് മുഖേന ജിഹാദിനെതിരെ ശക്തമായ താക്കീ താണ് നൽകിയത്. ഇസ്‌ലാമിന്റെ യും മറ്റെല്ലാമതങ്ങളുടെയും അധ്യാ പനങ്ങൾക്ക് വിരുദ്ധമാണ് ജിഹാദ് എന്ന ഈ സായുധ സമരം എന്ന് വളരെ ആധികാരികമായും പ്രമാണ പരമായും വ്യക്തമാക്കിയിട്ടുള്ളതാ ണ്.

ചുരുക്കത്തിൽ ജിഹാദ് ഭ്രാന്ത് എന്ന ഈ അഗ്നി കുണ്ഡത്തിൽ നിന്ന് രക്ഷപ്പെടുവാൻ വാഗ്ദത്ത മസീഹിന്റെ ഉപദേശങ്ങൾ സ്വീകരി ക്കുകയല്ലാതെ വേറെയൊരു രക്ഷാ മാർഗവുമില്ല. ●

# വിശുദ്ധ ദേശങ്ങളിലൂടെ

നിരവധി പ്രവാചകന്മാരുടെയും പുണ്യാത്മാക്കളുടെയും ജീവിതവുമായി ബന്ധപ്പെട്ട ഫലസ്തീൻ ദേശം ഉൾക്കൊള്ളുന്ന ഇസ്റായേൽ രാജ്യം ഈയിടെ സന്ദർശിച്ച ലേഖകൻ അവിടുത്തെ അനുഭവങ്ങൾ വിവരിക്കുന്നു. അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് മുൻ സംസ്ഥാന സെക്രട്ടറിയാണ് ലേഖകൻ.


എ.ക്യു. മുസ്‌ലിം

ഒരോ മണൽ തരിയിലും ദൈവ ദൂതന്മാരുടെയും ദിവ്യാത്മാക്കളുടെയും മഹിത ജീവിതത്തിന്റെ ദിവ്യ സ്പന്ദനങ്ങൾ ത്രസിക്കുന്ന പുണ്യ ഭൂമിയാണ് ഫലസ്തീൻ. വേദ പുസ്തകങ്ങളിൽ നാം വായിച്ച സംഭവപരമ്പരകൾ അരങ്ങേറിയ രംഗഭൂമി!!. മനുഷ്യ സംസ്കാരത്തിന്റെ ഭാഗധേയം നിർണയിച്ച ആത്മീയ പുരുഷന്മാരുടെ ആത്മീയ പ്രേഷിത പ്രവർത്തനങ്ങൾക്കും വിശ്വസാമ്രാട്ടുകളുടെ പടയോട്ടങ്ങൾക്കും സാക്ഷ്യം വഹിച്ച ചരിത്ര ഭൂമി!. ചരിത്ര പ്രവാഹങ്ങൾ ഒരുപാടു ഒഴുകിപ്പോയ ആ വിശുദ്ധനാട് സന്ദർശിക്കാനുള്ള ആഗ്രഹം സാഫല്യം കാണാതെ എന്റെ ഹൃദയ കോണുകളിലെവിടെയോ പതിഞ്ഞു കിടന്നിരുന്നു. ഈ 73-ാമത്തെ വയസ്സിലാണ് അല്ലാഹു അത് സാക്ഷാത്ക്കരിക്കാനുള്ള അവസരം ഒരുക്കിയത്. അൽഹംദുലില്ലാഹ്!

മണ്ണാർക്കാട്ടെ ആദ്യ അഹ്മദിയും ത്യാഗിവര്യനുമായ വി.ടി. മുഹമ്മദ് സാഹിബിന്റെ ദൗഹിത്രൻ മൗലവി ശംസുദ്ദീൻ സാഹിബാണ് ഇസ്റായേൽ രാജ്യം സ്ഥിതി ചെയ്യുന്ന ഫലസ്തീൻ ഭൂമിയിലെ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ ചീഫ് മിഷണറി. ഊർജസ്വലനും സൗമ്യനുമായ ഈ ചെറുപ്പക്കാരൻ 11 വർഷമായി ഈ ചരിത്രഭൂമിയിൽ ഇസ്‌ലാം മത പ്രചാരണത്തിന് നേതൃത്വം വഹിക്കുന്നു എന്നത് മലയാളികളായ നമുക്കെല്ലാം അഭിമാനാർഹമായ സംഗതിയാണ്. അദ്ദേഹത്തിന്റെ ഭാര്യ ബുഷ്റ സാഹിബ ഖാദിയാൻകാരിയാണ്. വളരെ കാര്യശേഷിയുള്ളവരും ജ്ഞാനിയുമായ ഒരു സ്ത്രീ. ശംസുദ്ദീൻ സാഹിബിന്റെ ഫലസ്തീനിലുള്ള സാന്നിദ്ധ്യവും അവിടം സന്ദർശിക്കാനുള്ള എന്റെ പ്രചോദനമായിരുന്നു. അവിടുത്തെ പ്രഗല്ഭനായ അമീർ സാഹിബ് ശരീഫ് ഔദയെക്കുറിച്ചുള്ള അപദാനങ്ങളും ഖലീഫത്തുൽ മസീഹുമായുള്ള അദ്ദേഹത്തിന്റെ അടുപ്പവും ആ വ്യക്തിയെ നേരിൽ ഫലസ്തീനിൽ പോയി പരിചയപ്പെടണമെന്ന ആഗ്രഹവും എനിക്ക് ഇസ്റായേൽ ജമാഅത്ത് സന്ദർശിക്കാനുള്ള മറ്റൊരു പ്രചോദനമായിരുന്നു. ഫലസ്തീൻ ജമാഅത്തിൽ ഇതിന് മുമ്പ് മലയാളിയും അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ ഭാരത് നായിബ് നാസിർ അഅ്ലായുമായിരുന്ന മൗലനാ മുഹമ്മദ് ഉമർ സാഹിബും ഇവിടെ സേവനമനുഷ്ഠിച്ച കാര്യം ഞാൻ അഭിമാന പൂർവം സ്മരിക്കുകയാണ്. ഇസ്റായേലിലെ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് ഖാദിയാന്റെ കീഴിലല്ല ഇപ്പോൾ പ്രവർത്തിക്കുന്നത്. ഹുസൂർ തിരുമനസ്സിന്റെ നേരിട്ടുള്ള മേൽനോട്ടത്തിന് കീഴിലാണ്.

വിശുദ്ധ ഖുർആനിലും മറ്റു സെമിറ്റിക്ക് മതഗ്രന്ഥങ്ങളിലും പ്രതിപാദിച്ച ഇസ്റായേലിലെ ചരിത്രപ്രദേശം കാണാൻ മറ്റുള്ളവർക്ക് കൂടി പ്രചോദനമുണ്ടാകട്ടെ എന്ന് കരുതിയാണ് ഞാൻ എന്റെ കൊച്ചു യാത്രാ വിവരണം ഇവിടെ കുറിക്കുന്നത്. ഏപ്രിൽ 25 ശനിയാഴ്ച വൈകിട്ട് രാവിലെ കൊച്ചി നെടുമ്പാശ്ശേരി വിമാനത്താവളത്തിൽ നിന്നാണ് ഞങ്ങളുടെ യാത്ര സംഘം വിശുദ്ധ ഭൂമിയെ ലക്ഷ്യമാക്കി പുറപ്പെട്ടത്. എന്റെ യാത്ര എനിക്ക് പരിചിതമായ ഒരു ടൂർ ഓപ്പറേറ്റ് ഏജൻസിയുടെ കൂടെയായിരുന്നു. ഭൂരിപക്ഷവും മലയാളി ക്രിസ്ത്യാനികൾ. വിശുദ്ധനാട് സന്ദർശിക്കാൻ ആഴ്ച്ചതോറും കൊച്ചിയിൽ നിന്ന് ഫ്ളൈറ്റുകൾ പറക്കാറുണ്ട്. പ്രത്യേകമായ ഒരു കാര്യം തമിഴ്നാട് ഗവൺമെന്റ് ഇസ്റായേൽ സന്ദർശിക്കുന്ന ഒരോ തമിഴ്നാട്ടുകാരനും 20,000 രൂപ സബ്സിഡി നൽകുന്നു എന്നതാണ്. നമ്മുടെ കേരള സർക്കാർ അങ്ങനെയൊന്നും ചെയ്യുന്നില്ലല്ലോ എന്ന് ഞാനോർത്തുപോയി.


ഇസ്റായേലിലെ ചരിത്ര സ്ഥലങ്ങളുടെ സന്ദർശനത്തോടൊപ്പം ഇസ്റായേലിലുള്ള നമ്മുടെ ജമാഅത്ത് സന്ദർശനവും അവിടുത്തെ അമീറിനെ പരിചയപ്പെടലും നമ്മുടെ അവിടുത്തെ പ്രവർത്തനങ്ങൾ മനസ്സിലാക്കലുമായിരുന്നു എന്റെ ലക്ഷ്യം. കൊച്ചിയിൽ നിന്ന് എയർ അറേബ്യയിൽ ജോർദാന്റെ തലസ്ഥാനമായ അമ്മാനിലേക്കായിരുന്നു ഫ്ളൈറ്റ്. എയർ അറേബ്യക്ക് ഇസ്റായേലിലേക്ക് പ്രവേശനമില്ല. അതുപോലെ ഇസ്റായേലി വിമാനങ്ങൾക്ക് അറേബ്യയിലേക്കും പറക്കാൻ അനുമതിയില്ല. അമ്മാനിൽ നിന്ന് റോഡ് മാർഗമാണ് പിന്നീട് ഇസ്റായേലിലേക്കുള്ള യാത്ര. മൂന്നുമണിക്കൂർ സമയമായിരുന്നു യാത്ര. ഞങ്ങളുടെ വാഹനം യാത്ര കഴിഞ്ഞ് ജോർദാൻ ഇസ്റായേലി അതിർത്തിയിൽ ഹുസൈൻ ബ്രിഡ്ജിലെ ചെക്ക് പോസ്റ്റിൽ എത്തി. ചെക്ക് പോസ്റ്റിനപ്പുറം ശംസുദ്ദീൻ സാഹിബും ഭാര്യ ബുഷ്റ സാഹിബയും എന്നെ കാത്ത് നിൽക്കുന്നുണ്ടായിരുന്നു. ചെക്ക് പോസ്റ്റിൽ കസ്റ്റംസ് പരിശോധന കർക്കശമാണ്. ഞാൻ മുസ്ലിം ആയതിനാലും എന്റെ പേര് തന്നെ മുസ്ലിം എന്നതിനാലും എന്റെ നേരെ കടുത്ത ഒരു പെരുമാറ്റവും പരിശോധനയും ഞാനും എന്റെ യാത്രാസംഘത്തിലുള്ളവരും പ്രതീക്ഷിച്ചിരുന്നു. അത്ഭുതകരമെന്ന് പറയട്ടെ എന്നെ അവർ മറ്റുള്ളവരുടെയത്രപോലും കാര്യമായ പരിശോധനക്ക് വിധേയമാക്കിയില്ല. കാരണം ശംസുദ്ദീൻ സാഹിബ് എനിക്ക് വേണ്ടി മുമ്പ് വിസക്ക് അന്വേഷണം നടത്തിയപ്പോൾ ഞാൻ അഹ്മദിയാണെന്ന വിവരം അവരുടെ അതിവിദഗ്ധരായ രഹസ്യാന്വേഷണ വിഭാഗത്തിന് അറിവ് കിട്ടിക്കാണും. അഹ്മദികൾ ഒരു രാജ്യത്തും കുഴപ്പക്കാരല്ലാത്ത സമാധാനകാംക്ഷികളാണെന്ന പരിഗണന ഇന്ത്യയിലും യൂറോപ്പിലുമുള്ള പല രാജ്യങ്ങളിലും അഹ്മദികൾക്ക് ലഭിക്കുന്നുണ്ട്. അഹ്മദികളായ നാം അന്തർദേശീയ തലത്തിൽ നമുക്ക് ലഭിച്ച ഈ സൽപേര് നിലനിർത്താനും ബാദ്ധ്യസ്ഥരാണ്. എന്നെ അവർ കാര്യമായി യാതൊരു പരിശോധനയും നടത്തിയില്ല. പരിശോധനാ വേളയിൽ ഇസ്റയേലി വിസയുടെ സീൽ നേരിട്ട് പാസ്പോർട്ടിൽ പതിപ്പിക്കാറില്ല. പകരം വേറേ ഒരു കടലാസിലാണ് വിസ അടിക്കുക. കാരണം അറബ് മുസ്ലിം രാജ്യങ്ങളിൽ യാത്ര ചെയ്യുമ്പോൾ പാസ്പോർട്ടിൽ ഇസ്റായേലിന്റെ സീൽ കണ്ടാൽ ഇസ്റായേൽ സന്ദർശിച്ച ആ വ്യക്തിക്ക് ദോഷകരമായിതീരും എന്നത് കൊണ്ട് ഇസ്റായേൽ കാണിക്കുന്ന മാന്യതയാണത്. പ്രത്യേകിച്ചും മുസ്ലിംകളോട് കാണിക്കുന്ന ഒരു ഔദാര്യം!. അവരുടെ ഇക്കാര്യത്തിലുള്ള നിലപാട് പ്രശംസാർഹമാണ്. ഇസ്റായേലി വിസയുടെ സീൽ എന്റെ പാസ്പോർട്ടിൽ പതിപ്പിക്കാൻ ഞാൻ അവരോട് അങ്ങോട്ട് ആവശ്യപ്പെട്ടത് അവരെ തെല്ലൊന്ന് അമ്പരപ്പിച്ചു. നിങ്ങളുടെ രാജ്യം സന്ദർശിച്ചത് ഞാൻ അഭിമാനമായി കരുതുന്നു അതിന്റെ ഒരു മുദ്ര എന്റെ പാസ്പോർട്ടിൽ വേണമെന്ന് ഞാൻ പറഞ്ഞു. എന്റെ ഈ ആവശ്യത്തോട് അങ്ങേയറ്റം ആദരവോടെയാണ് അവർ പ്രതികരിച്ചത്.



ഇസ്റായേലിലെ ദേശീയ അമീർ ജനാബ് ശരീഫ് ഔദ സാഹിബ് ലേഖകനുമൊത്ത്

ശനിയാഴ്ച്ച വൈകീട്ട് ഞാൻ കബാബീറിലെത്തി. അവിടെയാണ് ഇസ്റായേലിലെ അഹ്മദിയ്യാ ജമാഅത്തിന്റെ ആസ്ഥാനം. ഹൈഫ നഗരത്തിന്റെ തെക്കെ കവാടത്തിൽ കാർമൽകുന്നുകളുടെ ചരിവിൽ മദ്ധ്യധരണ്യാഴിയെ അഭിമുഖീകരിച്ചു കൊണ്ടാണ് കബാബീർ ഗ്രാമം സ്ഥിതി ചെയ്യുന്നത്. കബാബീർ വില്ലേജിന്റെ പൂർവ പിതാവ് ഔദ 1850 ലാണ് കബാബീറിലെത്തുന്നത്. തന്റെ മകനെ തുർക്കിസൈന്യം പട്ടാളത്തിൽ ചേർക്കുന്നതിൽ നിന്ന് രക്ഷപ്പെടാനായിരുന്നു ഔദ കബാബീറിലെത്തിയത്. ഇന്ന് ഈ ഗ്രാമത്തിൽ രണ്ടായിരത്തോളം ആളുകളുണ്ട്. അതിൽ 70 ശതമാനവും അഹ്മദികളാണ്.

1928 ൽ അഹ്മദിയ്യാ ജമാഅത്തിന്റെ രണ്ടാം ഖലീഫ ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദി(റ)ന്റെ ഫലസ്തീൻ സന്ദർശനത്തോടെയാണ് ഫലസ്തീനിൽ അഹ്മദിയ്യാ ചരിത്രം ആരംഭിക്കുന്നത്. അഹ്മദികൾ അവിടെ 1920-ൽ തന്നെ ഉണ്ടായിരുന്നു. ഫലസ്തീൻ ബ്രിട്ടീഷ് മാൻഡേറ്റിന്



ഇസ്റായേലിലെ അഹ്മദിയ്യ മുസ്‌ലിം മസ്ജിദിനു മുമ്പിൽ ലേഖകൻ

കീഴിലുള്ള പ്പോഴാണ് അഹ്മദിയ്യാ ജമാഅത്ത് അവിടെ സ്ഥാപിത മാവുന്നത്. അന്ന് ഇസ്റായേൽ രാഷ്ട്രം രൂപീകൃതമായിട്ടില്ല. ഇസ്റായേൽ രൂപികൃതമാവുന്നത് 1948ലാണ്. ഇസ്റായേൽ രൂപീ കരണത്തിന് മുമ്പ് ഐക്യരാഷ്ട്ര സഭയിൽ ഫലസ്തീനികളുടെ അവകാശങ്ങൾക്ക് വേണ്ടിയും മുഴുവൻ അറബ് ലോകത്തിനും വേണ്ടിയും വിശ്വപ്രശസ്തനായ സർ മുഹമ്മദ് സഫറുല്ലാഹ് ഖാൻ വ്യവസ്ഥാപിത മാർഗങ്ങളിലൂടെ നടത്തിയ ഐതിഹാസിക നിയമ പോരാട്ടങ്ങളും മറ്റു പ്രവർത്തനങ്ങ ളും സുവിദമാണല്ലോ. ഇസ്റായേൽ രാജ്യം ഒരു യാഥാർഥ്യമായപ്പോൾ ആ രാജ്യത്തെ നിയമങ്ങൾ അനുസ രിച്ച് കൂറോടെ ഇസ്റായേൽ രാജ്യ ത്ത് സമാധാനകാംക്ഷികളായ അഹ്മദിയ്യാ ജമാഅത്ത് പ്രവർത്തി ക്കുകയും ചെയ്യുന്നു. ഫലസ്തീ നിൽ ആദ്യമായി അഹ്മദിയ്യാ ജമാഅത്തിലേക്ക് പ്രവേശിച്ചത് അവിടുത്തെ കാർമൽ മൗണ്ടിലെ പേരു കേട്ട ഔദ കുടുംബമാണ്. ഇപ്പോഴത്തെ ജമാഅ ത്ത് അമീർ ശരീഫ് ഔദ ആ കുടുംബ ത്തിൽ നിന്നുള്ളയാ ളാണ്. ഇസ്റായേ ലിലെ ദേശീയ അമീ റും കബാബീർ അമീ റും ജനാബ് ശരീഫ് ഔദയാണ്. മാന്യത യും കുലീനതയും തുളുമ്പുന്ന സൗമ്യ നായ ഒരു മനുഷ്യൻ. അദ്ദേഹം നമ്മുടെ കേരളവും സന്ദർശി ച്ചിരുന്നു. അഹ്മദിയ്യാ ജമാഅത്തിന്റെ ഒരു ഐശ്വര്യമായാണ് എനിക്ക് അദ്ദേഹ ത്തെ അനുഭവപ്പെ ട്ടത്. ഖലീഫത്തുൽ മസീഹുമായി ഉറ്റ ബന്ധം പുലർത്തുന്ന അദ്ദേഹം ഹുസൂറി ന്റെ ദൂതനായിക്കൊണ്ട് പോപ്പ്, അമേരിക്കൻ പ്രസിഡന്റ് ബറാക്ക് ഒബാമ മുതലായ പ്രമുഖ ലോക നേതാക്കളെയും സന്ദർശിച്ചിട്ടുണ്ട്. 1931 ലാണ് മൗണ്ട് കാർമലിൽ ആദ്യത്തെ അഹ്മദിയ്യാ മസ്ജിദ് പണിതത്. അഹ്മദിയ്യാ ജമാഅ ത്തിന്റെ രണ്ടാം ഖലീഫയും ഫലസ്തീൻ ജമാഅത്തിന്റെ സ്ഥാപകനുമായ ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദി (റ)നെ അനുസ്മരിച്ചു കൊണ്ട് മഹ്മൂദ് മോസ്ക് എന്ന് ആ മസ്ജിദിന് നാമകരണം ചെയ്തിരി ക്കുന്നു. 34 മീറ്റർ നീളമുള്ള രണ്ട് മിനാരങ്ങളാണ് മസ്ജിദിനുള്ളത്. ഇസ്റായേലിലെ ഔദ്യോഗിക ഭാഷയായ ഹിബ്രു ഭാഷയിൽ ജമാഅത്ത് ഖുർആൻ പരിഭാഷ പ്രസിദ്ധീകരിച്ചിട്ടുണ്ട്. മഹ്മൂദ് മസ്ജിദിനോടനുബന്ധിച്ചുള്ള ശംസുദ്ദീൻ മൗലവിയുടെ ക്വാർട്ടേഴ്സിലായിരുന്നു എന്റെ താമസം. എല്ലാ നമസ്ക്കാരത്തിനും പള്ളിയിലെത്തുവാൻ സാധിച്ചു. ശനിയാഴ്ച്ച അമീർ സാഹിബി നോടൊപ്പം ഞാൻ ഇസ്റായേലിലെ പ്രധാന നഗരമായ ടെൽഅവീവിൽ പോയി. അവിടെ അന്താരാഷ്ട്ര കാർഷിക പ്രദർശനം കാണുകയു ണ്ടായി. ആധുനിക ലോകത്ത് കൃഷിയെ ഇത്രമാത്രം ശാസ്ത്രീയ മായി പരിഷ്ക്കരിച്ച് മുന്നോട്ട് കൊണ്ടുപോയ ഇസ്റായേലിനെ പോലെ മറ്റൊരു രാജ്യവും ലോകത്തിലില്ല. ജലദൗർലഭ്യം അനുഭവപ്പെടുന്ന ഇസ്റായേൽ ഒരു ജലകണം പോലും പാഴാക്കാതെ ചെയ്യുന്ന ഡ്രിപ്പ് ഇറിഗേഷൻ ലോകോത്തരമാണ്. കാർഷിക രംഗവുമായി ബന്ധമുള്ള എനിക്ക് ധാരാളം അറിവുകൾ ഇസ്റായേ ലിലെ കൃഷി രീതികളിൽ നിന്ന് മനസ്സിലാക്കാൻ കഴിഞ്ഞു. നമ്മുടെ ഖലീഫത്തുൽ മസീഹും കാർഷിക സാമ്പത്തിക ശാസ്ത്രത്തിൽ ബിരുദാനന്തര ബിരുദമുള്ള ആളാ ണെന്ന കാര്യം ഈ അവസരത്തിൽ ഞാൻ ഓർക്കുകയാണ്. മികച്ചതും




ബാലിയിലെ പുരോഹിതനെ ഏലിയാ പ്രവാച കൻ വധിക്കുന്ന രംഗം ചിത്രീകരിക്കുന്ന പ്രതിമ

സാങ്കേതികമായി ഏറ്റവും പരിഷ്ക്ക രിച്ചതുമായ കാർഷികോപകരണ ങ്ങൾ ഏറ്റവും കൂടുതൽ കയറ്റുമതി ചെയ്യുന്ന രാജ്യവുമാണ് ഇസ്റാ യേൽ. അവിടുത്തെ കിബുട്സ് എന്നറിയപ്പെടുന്ന കമ്മ്യൂണിറ്റി ഫാമിങ്ങ് വളരെ പ്രസിദ്ധമാണ്. പിന്നീട് ഒരു കൗതുകകരമായ പ്രതിമ ഞാൻ കാണുക യുണ്ടായി. വിശ്വാസികളെ വഴിതെറ്റി ക്കുന്ന ബാലിയിലെ പുരോഹിതനെ ഏലിയാ പ്രവാചകൻ വധിക്കുന്ന രംഗം ചിത്രീകരിക്കുന്ന പ്രതിമയാ ണത്. സമാധാനത്തിന്റെ മതങ്ങളാ ണെന്ന് അറിയപ്പെടുന്ന യഹൂദ, ക്രൈസ്തവ മതങ്ങളുടെ പ്രതിഛാ യക്ക് വിരുദ്ധമല്ലേ ഈ പ്രതിമ എന്ന് ഞാൻ ഒരു വേള ചിന്തിച്ചുപോയി.

ഇസ്റായേലിൽ ജനസംഖ്യ ഔദ്യോഗിക കണക്കനുസരിച്ച് 8.2 ദശലക്ഷമാണ്. അതിൽ 74.95% യഹൂദരും അറബ് മുസ്ലിംകൾ 20.7% വും ക്രിസ്ത്യാനികളും ബാക്കിയുള്ളവരുമടക്കം 4.3% വുമാണ്. അബ്രഹാമിക്ക് മതസ്ഥ രായ യഹൂദരും ക്രിസ്ത്യാനികളും മുസ്ലിംകളും അവിടെയുണ്ട്. വളരെ വൃത്തിയും വെടിപ്പുമുള്ള ഒരു നാടായാണ് എനിക്ക് ഇസ്റായേൽ അനുഭവപ്പെട്ടത്. ലോകോത്തര നിലവാരത്തിലുള്ള റോഡുകളാണ്. ഒരൊറ്റ യാചകനേ യും എവിടെയും കാണാനില്ല. എല്ലായിടത്തും സമൃദ്ധിയുടെ കാഴ്ചകളായിരുന്നു കണ്ടത്. ത്രീവീലറും ടൂവീലറും ഇസ്റായേലി നിരത്തുകളിലില്ല. മിക്കവാറും എല്ലാവർക്കും കാറുണ്ട്. കാർ എല്ലാം പാർക്ക് ചെയ്തിരിക്കുന്നത് പാതയോരത്താണ്. വിദ്യുഛക്തിക്ക് യാതൊരു ക്ഷാമവുമില്ല. വോൾ ട്ടേജ് പ്രശ്നങ്ങളുമില്ല.

തിരിച്ചുവരുമ്പോൾ അവരുമായി സന്ധിക്കാമെന്ന കരാറിൽ ഞാൻ എന്റെ വിനോദയാത്രാ സംഘ ത്തിൽ നിന്ന് വേർപ്പെട്ട് 6 ദിവസ വും ഇസ്റായേലിലെ ജമാഅത്തി നോടൊപ്പമായിരുന്നു കഴിഞ്ഞിരു ന്നത്. അവിടെയുള്ള മതസ്മാരക ങ്ങളിൽ സുപ്രധാനമായിട്ടുള്ളത് ഖലീലുള്ളാഹി ഇബ്റാഹിം നബി (അ) യെ അടക്കം ചെയ്ത പുണ്യ കബറിടമാണ്. മസ്ജിദ് ഖലീൽ അഥവാ ഹെബ്രോൺ മോസ്ക് എന്നാണ് ആ വിശുദ്ധഗേഹം അറിയപ്പെടുന്നത്. ഖലീലുള്ളാഹി യുടെ ഖബറിടത്തോടൊപ്പം മഹാന്മാരായ മൂന്ന് പ്രവാചകന്മാരു ടെയും അവരുടെ വിശുദ്ധ പത്നിമാരുടേയും കബറുകളും അവിടെയുണ്ട്. ഇസ്ഹാഖ് നബി (അ), യഅ്ഖൂബ് നബി(അ), യൂസുഫ് നബി(അ) മുതലായ വരാണ് ആ പ്രവാചക വര്യന്മാർ. ഇത്രയധികം പ്രവാചകന്മാരുടെ കബർ ഒരിടത്ത് ഒരുമിച്ച് മറ്റെങ്ങുമില്ല എന്നാണ് എന്റെ അറിവ്. ഈ പുണ്യസ്ഥലം സിയാറത്ത് ചെയ്യുക എന്നത് അനുപമമായ ഒരു ആത്മീ യാനുഭവമാണ്. ഇത്തരത്തിലുള്ള ഒരവസരം എളിയവനായ എനിക്ക് നൽകിയ അല്ലാഹുവിന് സ്തുതി. 1996 ൽ ഇസ്റായേലി സൈന്യ ത്തിലെ ഒരു ഡോക്ടർ ഇബ്രാഹിമി മസ്ജിദിൽ കയറി പ്രാർഥിച്ചു കൊണ്ടിരുന്ന 29 പേരെ വധിക്കുക യുണ്ടായി. ഈ സംഭവത്തിന് ശേഷം ഇബ്റാഹിമി മോസ്ക് യഹൂദർക്കും മുസ്ലിംകൾക്കുമായി വിഭജിച്ചു പങ്കു വെക്കുകയുണ്ടായി. കൂടാതെ വർഷത്തിൽ പത്ത് ദിവസം വീതം മുസ്ലിംകൾക്കും പത്ത് ദിവസം യഹൂദർക്കും മാത്ര മായി പള്ളിമുഴുവൻ പ്രാർഥന ക്കായി ഉപയോഗിക്കാം.

മറ്റൊരു പുണ്യസ്ഥലം മസ്ജി ദുൽ അഖ്സയാണ്. ഇതിന് ബൈത്തുൽ മുഖദ്ദസ്സ് എന്നും പറയാറുണ്ട്. മുസ്ലിംകൾക്ക് മൂന്നാമത്തെ പുണ്യമസ്ജിദാണ് മസ്ജിദുൽ അഖ്സ. ഒന്നാമത്തേത് വിശുദ്ധ കഅ്ബയും രണ്ടാമത്തേത് മസ്ജിദുന്നബവിയും മൂന്നാമത്തേത് മസ്ജിദുൽ അഖ്സയുമാണ്. ഖലീഫാ ഉമർ (റ) ന്റെ പേരിലുള്ള ഡോം ഓഫ് റോക്കും ഇവിടെതന്നെ യാണ്. ഖുബ്ബത്തുസ്സഖറ എന്നതി ന്റെ ഇംഗ്ലീഷ് നാമമാണ് ഡോം ഓഫ് റോക്ക്. റസൂൽ തിരുമേനി (സ) മിഅ്റാജിനായി ആകാശാരോഹണം നടത്തിയ ആത്മീയ യാത്ര ഇവിടെ നിന്നാണെന്ന് വിശ്വസിക്കപ്പെടുന്നു. ഹദ്റത്ത് ഉമർ (റ) ജെറുസലേമിൽ വന്നപ്പോഴാണ് ഖുബ്ബത്തുസ്സഖറ യുടെ സ്ഥലം നിശ്ചയിച്ചത്. റസൂൽ തിരുമേനി(സ) ആദ്യം ഖിബ്ലയാ ക്കിയത് ബൈത്തുൽ മുഖദ്ദസായിരു ന്നു. മസ്ജിദുൽ അഖ്സക്ക് നേരെ തിരിഞ്ഞായിരുന്നു നമസ്കാരം നിർവഹിച്ചിരുന്നത്. പിന്നീടാണ് കഅ്ബ ഖിബ്ലയാക്കിക്കൊണ്ട്


ബൈത്തുൽ മുഖദ്ദസ്സും ഡോം ഓഫ് റോക്കും അഹ്മദിയ്യാ മസ്ജിദിനു മുകളിൽ നിന്നുള്ള കാഴ്ചയിൽ

അല്ലാഹുവിന്റെ അറിയിപ്പ് വന്നത്. മസ്ജിദുൽ അഖ്സയിൽ സേവക രായി നിൽക്കുന്നവർക്ക് പണം മാത്രമാണ് വേണ്ടത്. സന്ദർശക രോട് അവർ നിരന്തരമായി പണം ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്നത് കാണാമായിരുന്നു.

ബൈത്തുൽ മുഖദ്ദസിലെ മസ്ജി ദുൽ അഖ്സക്കും ഡോം ഓഫ് റോക്കിനും അടുത്ത് തന്നെയാണ് യഹൂദരുടെ പുണ്യ സ്ഥലമായ വിലപിക്കുന്ന ഭിത്തിയുള്ളത്. യഹൂദ രാജാവും പ്രവാചക നുമായിരുന്ന സോളമൻ (അ) പണിത ആരാധനാലയം ആദ്യം ബാബിലോണിയക്കാരും പിന്നീട് റോമക്കാരും തകർത്തതിന്റെ അവശിഷ്ട സ്മാരക ഭിത്തിയാണ് അവിടെയുള്ളത്. ആ ഭിത്തിക്ക് മുമ്പിലിരുന്ന് നഷ്ടപ്പെട്ട് പോയ യഹൂദരുടെ പ്രതാപ കാലം തിരിച്ചു വരാൻ വേണ്ടിയുള്ള വിലാപങ്ങളാ ണ് അവിടെ യഹൂദന്മാർ നടത്തുക. അത് പോലെ ഞാൻ സന്ദർശിച്ച മറ്റൊരു സ്ഥമാണ് ഗലീലി തടാകം. യേശു തന്റെ പ്രബോധന പ്രവർത്ത നങ്ങളും ദിവ്യാത്ഭുതങ്ങളും നടത്തിയത് ഗലീലി തടാകത്തിന് ചുറ്റുമായിരുന്നല്ലോ. അവിടെയി പ്പോൾ ഇസ്റായേലിലെ ഏറ്റവും പ്രധാനപ്പെട്ട ടൂറിസ്റ്റു മേഖലയാണ്. ജോർദാൻ നദി ഒഴുകി വന്നു ഈ തടാകത്തിൽ പതിക്കുന്നു. ജ്ഞാന സ്നാനം പോലെ അവിടെ കുളിക്കു ന്നതിന് ആയിരക്കണക്കിന് ക്രിസ്ത്യൻ ടൂറിസ്റ്റുകളാണ് അവിടെയെത്തുന്നത്. മത പശ്ചാ ത്തലമുള്ള ഇസ്റായേലിലെ ഓരോ തുണ്ടു ഭൂമിയേയും ടൂറിസത്തിനായി എങ്ങനെ ഉപയോഗിക്കാമെന്ന് ഇസ്റായേലിൽ നിന്ന് നാം പഠിക്കേ ണ്ടതാണ്.

ടൂറിസ്റ്റ് സംഘത്തോടൊപ്പമാണ് വന്നതെങ്കിലും ഞാൻ നമ്മുടെ ജമാഅത്തിലാണ് താമസിച്ചതെന്ന് പറഞ്ഞുവല്ലോ. എന്റെ സമയ പരിധിയെത്തിയപ്പോൾ മൗലവി ശംസുസാഹിബിനോടും കുടുംബ ത്തോടും യാത്ര പറഞ്ഞ് നാട്ടിൽ നിന്നും വന്ന ടൂറിസ്റ്റുകളോടൊപ്പം മടങ്ങി പോകുവാനായി ഒരു അഹ്മദിയോടൊപ്പം എന്നെ മൗലവി സാഹിബ് യാത്രയാക്കി. ഞാൻ ബത്ലഹേമിലേക്കാണ് പോയത്. അവിടെ ഗുഡ് ഷെപ്പേർഡ് എന്ന ഹോട്ടലിലാണ് താമസിച്ചത്. ആ ഹോട്ടൽ യാസർ അറഫാത്താണ് ഉദ്ഘാടനം ചെയ്തതെന്ന് അവിടെ സ്ഥാപിച്ച ഒരു ഫലകത്തിൽനിന്ന് ഞാൻ മനസ്സിലാക്കി. യേശു ജനിച്ച സ്ഥലമാണ് ബെത്ലഹേം എന്നാണ് ക്രിസ്ത്യാനികൾ കരുതുന്നത്. ജെറുസലേമിൽ നിന്ന് 8 കിലോ മീറ്റർ തെക്ക് ഭാഗത്താണ് ബത്ല ഹേം. അവിടെ യേശു ജനിച്ച സ്ഥലത്ത് പണിതതായി വിശ്വസിക്ക പ്പെടുന്ന ഒരു ക്രിസ്ത്യൻ പള്ളി യുണ്ട്. ചർച്ച് ഓഫ് നേറ്റിവിറ്റി എന്നാണ് അത് അറിയപ്പെടുന്നത്.

ഞാൻ ജോർദാനിലേക്ക് തിരിച്ചു വരുമ്പോഴാണ് മൂസാ നബി (അ) യുടെ യാത്രാപഥം കണ്ടത്. അവിടെയാണ് മൗണ്ട് നെബോ അറബിയിലെ പ്രസിദ്ധമായ ജബലു നൂർ ഉള്ളത്. മൂസാ നബി (അ) ഫലസ്തീൻ എന്ന വാഗ്ദത്ത ഭൂമിയെ നോക്കി കണ്ട് തൃപ്തി യടഞ്ഞ സ്ഥലമാണ് ജബലുനൂർ. അവിടെയുള്ള പാത അതീവ ദുർഘടമാണ്. ഇക്കാലത്ത് പോലും ആ വഴിയിലൂടെ സഞ്ചരിച്ച് മലമുക ളിലെത്തുക എന്നത് അചിന്ത്യമാണ്. ഹദ്റത്ത് മൂസാ നബി (അ) ഈജിപ്തിൽ നിന്ന് തന്റെ ജനതയെ മോചിപ്പിച്ചു കൊണ്ട്‌വന്ന ഈ യാത്രാ പഥം എത്ര ത്യാഗങ്ങൾ നിറഞ്ഞതാണെന്ന് ഞാൻ ആലോചി ച്ചുപോയി. അദ്ദേഹത്തിന് ഫല സ്ത്വീൻ ഭൂമിയിൽ പ്രവേശിക്കാൻ കഴിഞ്ഞിട്ടില്ല. ദൂരേനിന്ന് നോക്കി കാണാനേ സാധിച്ചുള്ളൂ.

ഹദ്റത്ത് ഇബ്രാഹിം(അ), ലൂത്ത് (അ), ഇസ്ഹാഖ്(അ), ഇൽയാസ് (അ), മൂസ (അ), ഹാറൂൻ (അ), ദാവൂദ് (അ), സുലൈമാൻ (അ), ശുഐബ് (അ), ഈസാ (അ) എന്നിങ്ങനെ നിരവധി പ്രവാചക ന്മാരുമായും ഖലീഫാ ഉമർ (റ), അഹ്മദിയ്യാ ഖലീഫ ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ) എന്നിവരുമായും റസൂൽ (സ) യുമായും ബന്ധപ്പെട്ട ഈ പുണ്യസ്ഥലം സന്ദർശിക്കുക എന്നത് ആത്മീയമായി പുണ്യമുള്ള കാര്യമാണ്. ഹദ്റത്ത് റസൂൽ തിരുമേനി (സ)യുടെ സഹാബാക്ക ളായ ഉബാദ് ബിൻ സാമിത് (റ), ശദ്ദാദ് ബിനു ഔസ് എന്നിവരുടെ ഖബറുകളും ഈ പുണ്യഭൂമി യിലുണ്ട്.

കേരളത്തിലെ അഹ്മദികൾക്ക് ഈ പുണ്യ ഭൂമി സന്ദർശിക്കാനുള്ള ഒരു സുവർണാവസരം സമാഗത മായിരിക്കുന്ന വിവരം ഇസ്റായേലി ജമാഅത്തധികൃതർ അറിയിച്ച കാര്യം ഞാൻ ഇവിടെ സ്മരിക്കുക യാണ്. വരുന്ന ജൂലായ് 31 ആഗസ്ത് 1, 2 തീയതികളിൽ ഇസ്റായേലിലെ അഹ്മദിയ്യാ ദേശീയ സമ്മേളനം നടക്കുകയാണ്. താങ്കളും മലയാളി കളും ഈ സമ്മേളനത്തിലേക്ക് വരണമെന്ന് അവിടുത്തെ ജമാഅ ത്ത് അധികൃതർ സ്നേഹപൂർവം എന്നോട് പറഞ്ഞ വിവരം ഞാൻ വായന ക്കാരെ അറിയിക്കുന്നു. **അതോടൊപ്പം മലയാളികൾക്കെ ല്ലാം സലാമും അവർ പറഞ്ഞ കാര്യവും ഞാൻ ഇവിടെ അറിയി ക്കുകയാണ്.** അല്ലാഹുവിന്റെ പുണ്യാത്മാക്കൾ അന്ത്യവിശ്രമം കൊള്ളുന്ന ഈ പുണ്യഭൂമി സന്ദർശിക്കാനും അവരുടെ പുണ്യ മഖ്ബറകളിൽ സിയാറത്ത് ചെയ്യാ നും ഭാഗ്യം തന്ന അല്ലാഹുവിനെ സ്തുതിച്ചുകൊണ്ടും ധാരാളം അഹ്മദികൾക്ക് ഈ സ്ഥലം സന്ദർശിക്കാനുള്ള അവസരം ഉണ്ടാകട്ടെ എന്ന് പ്രാർഥിച്ചു കൊണ്ടും എന്റെ ഈ കൊച്ചു യാത്രാ വിവരണം ചുരുക്കുന്നു. ●

ലേഖകന്റെ ഫോൺ നമ്പർ. 94470 22229

www.alislam.org

# ദൈവാസ്തിക്യം:
## ശാസ്ത്രജ്ഞന്മാരുടെ വീക്ഷണങ്ങൾ III

പ്രൊഫ: സാലേ മുഹമ്മദ് അല്ലാദീൻ

### ശാസ്ത്രത്തിലൂടെ സർവശക്തനിലേക്ക്

ജന്തു ശാസ്ത്രജ്ഞനായ ഡോ. ആൽബർട്ട് മക്കോബ് വിജസ്റ്റർ തന്റെ വീക്ഷണങ്ങൾ താഴെ പറയും വിധം പ്രകടിപ്പിച്ചിരിക്കുന്നു.

ശാസ്ത്രരംഗത്ത് നിരവധി വർഷം പഠനം നടത്തുകയും നിരവധി വർഷം പ്രവർത്തിക്കുകയും ചെയ്തപ്പോൾ എന്റെ ദൈവ വിശ്വാസത്തിന് ഇളക്കം തട്ടുകയല്ല മറിച്ച് ഉറച്ച അടിത്തറ ഉണ്ടാകുകയാണ് ചെയ്തത്. ശാസ്ത്രത്തിന്റെ ഒരോ കണ്ടുപിടുത്തവും ആ പരമസത്തയുടെ പ്രതാപത്തിലും സർവശക്തിത്വത്തിലും ഒരു ഉൾക്കാഴ്ച്ച നൽകുകയാണ് ചെയ്തത്. (Evidence. p. 165)

മഹാനായ ഗലീലിയോ ക്ഷീര പഥത്തിലൂടെ നോക്കി എണ്ണമറ്റ നക്ഷത്രങ്ങളെയും ജൂപ്പിറ്റർ ഗ്രഹത്തിന്റെ നാല് ചന്ദ്രന്മാരെയും വീനസ് ഗ്രഹത്തിന്റെ ദൃശ്യവിസ്മയങ്ങളും ചന്ദ്രന്റെ വിശദാംശങ്ങളും മറ്റു ആകാശീയ പ്രതിഭാസങ്ങളും മനസ്സിലാക്കിയപ്പോൾ ഇങ്ങനെ എഴുതി: ഞാൻ അതുകൊണ്ട് അസ്വസ്ഥനായിരിക്കുന്നു. ദൈവത്തോട് ഞാൻ അങ്ങേയറ്റം കൃതജ്ഞതയുള്ളവനാണ്. എന്തെന്നാൽ ഈ അത്ഭുതങ്ങൾ കണ്ടുപിടിക്കാൻ എന്നെ അനുവദിച്ചതിൽ സന്തുഷ്ടനാണ്. (the growth of physichal science , by sir James Jeans. p.173. 1951) ഡൽഹിയിലെ ഇസ്ലാമിക്ക് സെന്ററിലെ മൗലാനാ വഹീദുദ്ദീൻ ഖാൻ God Arises എന്ന ഒരു പുസ്തകമെഴുതിയിട്ടുണ്ട്. അതിലദ്ദേഹം ദൈവാസ്തിത്വത്തെക്കുറിച്ച് ശാസ്ത്രജ്ഞന്മാർ പറഞ്ഞതും ശാസ്ത്രീയവുമായ തെളിവുകൾ ശേഖരിച്ചിട്ടുണ്ട്. ഈ ഗ്രന്ഥത്തിൽ വളരെ പ്രചോദനാത്മകമായ ഒരു സംഭവം അദ്ദേഹം വിവരിക്കുന്നത് ഞാൻ എടുത്തുകാണിക്കാം. അല്ലാമാ ഇനായത്തുല്ലാഹ് മശ്രിഖി 1909 ൽ ഇംഗ്ലണ്ട് സന്ദർശിച്ചിരുന്നു. ശക്തമായ മഴപെയ്തുകൊണ്ടിരുന്ന ഒരു ഞായറാഴ്ച അദ്ദേഹം സർ ജെയിംസ് ജീൻസിനെ കണ്ടുമുട്ടി. അദ്ദേഹം കാംബ്രിഡ്ജ് സർവകലാശാലയിലെ പ്രശസ്തനായ ഒരു ജ്യോതിർ ഗോള ശാസ്ത്രജ്ഞനായിരുന്നു. അദ്ദേഹം ഒരു ബൈബിളും കൈയിലേന്തി ചർച്ചിലേക്ക് പോകുന്നത് കണ്ടപ്പോൾ മി. ഇനായത്തുല്ലാഹ് ഖാന് ആശ്ചര്യം തോന്നി. സർ ജയിംസ് വൈകുന്നേരം തന്റെ വീട്ടിൽ വന്ന് ചായ കുടിക്കാൻ മി. ഇനായത്തുല്ലാഹ് ഖാനെ ക്ഷണിച്ചു. അതനുസരിച്ച് സർ ഇനായത്തുല്ലാഹ് ഖാൻ സർ ജെയിംസ് ജീൻസിന്റെ വീട്ടിൽ പോയി.

സർ ജെയിംസ് ചിന്തകളിൽ നിമഗ്നനായി ഇരിക്കുകയായിരുന്നു. അദ്ദേഹം ആരാഞ്ഞു: എന്താണ് താങ്കളുടെ ചോദ്യം?. പക്ഷേ ഒരു മറുപടിക്ക് കാത്തുനിൽക്കാതെ ആകാശീയ ഗ്രഹങ്ങളുടെ സൃഷ്ടിപ്പ്, അവയുടെ ചലനങ്ങൾ, അത്ഭുതകരമായ അവയുടെ ക്രമം. എന്നിവയെ സംബന്ധിച്ച് പ്രചോദനാത്മകമായ ഒരു വിവരണം നൽകി. അദ്ദേഹത്തിന്റെ ശബ്ദവും ചലനവും വ്യക്തമാക്കിയത് അദ്ദേഹം ദൈവത്തിന്റെ പ്രതാപവും ശക്തിയും കാരണത്താൽ അങ്ങേയറ്റം പ്രഭാവിതനായിരുന്നുവെന്നാണ്. അദ്ദേഹം പറഞ്ഞു: താങ്കൾക്കറിയാം ദൈവത്തിന്റെ സൃഷ്ടിപ്പിലെ അത്ഭുതങ്ങൾ കാണുമ്പോൾ അവന്റെ പ്രതാപത്തെക്കുറിച്ച് ചിന്തിച്ച് ഭയംകൊണ്ട് എന്റെ ശരീരമാസകലം വിറകൊള്ളുന്നു. ഞാൻ ചർച്ചിലേക്ക് പോകുമ്പോൾ തലകുനിച്ച് കൊണ്ട് ഞാൻ പറയുന്നു: നാഥാ നീ എത്ര മാത്രം മഹത്വവാനാണ്? എന്റെ അധരങ്ങൾ മാത്രമല്ല എന്റെ ശരീരത്തിന്റെ ഓരോ അംശവും ഞാനീ വാക്കുകൾ ഉച്ചരിക്കുമ്പോൾ എന്നോടൊപ്പം ചേരുന്നു. എന്റെ പ്രാർഥന കൊണ്ട് എനിക്ക് വിവരിക്കാനാവാത്ത ആനന്ദവും സമാധാനവും ലഭ്യമാവുന്നു. മറ്റുള്ളവരെ അപേക്ഷിച്ച് എന്റെ പ്രാർഥനകൾക്ക് ആയിരമായിരം ഇരട്ടി പൂർത്തീകരണം ഉണ്ടാവുന്നു. അതുകൊണ്ട് ഇനായത്തുല്ലാഖാൻ, ഇപ്പോൾ താങ്കൾക്ക് മനസ്സിലായോ ഞാൻ എന്തിനാണ് ചർച്ചിൽ പോകുന്നതെന്ന്?

ഇത് കേട്ടപ്പോൾ ഈ വാക്കുകൾ വിശുദ്ധ ഖുർആനിലെ ഒരു സൂക്തം എന്നെ അനുസ്മരിപ്പി ക്കുന്നുവെന്ന്

ഇനായത്തുല്ലാ സർ ജയിംസ് ജീൻസിനോട് പറഞ്ഞു. അനുവദിക്കാമെങ്കിൽ ആ സൂക്തം ഞാൻ ഇവിടെ ഉദ്ധരിക്കാമെന്നും അദ്ദേഹം പറഞ്ഞു. സർ ജയിംസ് ജീൻസ് പറഞ്ഞു: "തീർച്ചയായും." അപ്പോൾ ഇനായത്തുല്ലാഹ് ഖാൻ താഴെ കൊടുത്ത ഖുർആൻ സൂക്തം ഉദ്ധരിച്ചു.

മലകളിൽ ചിലത് വെളുത്ത തും ചെമന്നതും വിവിധ വർണങ്ങളോടു കൂടിയതാണ്. മനുഷ്യരിലും ജന്തുക്കളിലും കന്നുകാലികളിലും ഇതുപോലെ വിവിധ വർണങ്ങളുള്ളവയുണ്ട്. അല്ലാഹുവിന്റെ ദാസരിൽ ജ്ഞാനികൾ മാത്രമേ അവനെ ഭയപ്പെടുകയുള്ളൂ. (അദ്ധ്യായം 35 സൂക്തം 29)

സർ ജയിംസ് ജീൻസ് ഈ ഖുർആൻ വാക്യങ്ങളിൽ അങ്ങേയറ്റം പ്രഭാവിതനായി. അദ്ദേഹം ആശ്ചര്യപ്പെട്ടു ചോദിച്ചു.

എന്തായിരുന്നു അത്? ജ്ഞാനികളായ ആളുകൾ മാത്രമാണ് ദൈവത്തെ ഭയപ്പെടുന്നത്. അത്ഭുതം തന്നെ!. എത്ര അസാധാരണം. തുടർച്ചയായ 50 വർഷം പഠനം നടത്തിയാണ് ഞാൻ ഈ വസ്തുത തിരിച്ചറിഞ്ഞത്. ഇത് ആരാണ് ഹദ്റത്ത് മുഹമ്മദ്(സ)ന് പഠിപ്പിച്ചു കൊടുത്തത്? യഥാർഥത്തിൽ ഖുർആനിൽ ഇങ്ങനെയുണ്ടോ? അങ്ങനെയെങ്കിൽ ഖുർആൻ ഒരു പ്രചോദിത ഗ്രന്ഥമാണെന്ന് ഞാൻ എന്റെ സാക്ഷ്യം രേഖപ്പെടുത്തുന്നു. ഹദ്റത്ത് മുഹമ്മദ് (സ) നിരക്ഷരനായിരുന്നു. വളരെയധികം പ്രാധാന്യമർഹിക്കുന്ന ഈ വസ്തുത സ്വയം പഠിക്കാൻ സാധിക്കുമായിരുന്നില്ല. ദൈവം അദ്ദേഹത്തെ പഠിപ്പിച്ചതായിരിക്കണം!! അസാദ്ധ്യംതന്നെ! എത്ര അസാധാരണം.!! (God Arises. p15. 1987)

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് (റ) എടുത്ത് കാണിച്ചിരിക്കുന്നു.

പ്രപഞ്ച വ്യവസ്ഥയെ കുറിച്ചുള്ള പഠനം ഈ ലോകം അസ്തിത്വത്തിൽ വന്നത് സ്വമേധയാ അല്ലെന്നുള്ള നിഗമനത്തിലേക്ക് മനുഷ്യനെ എത്തിക്കുന്നതിന് ഊന്നൽ നൽകുന്നു. നേരെ മറിച്ച് അത് നിലവിൽ വന്നത് ഒരു പരമസത്തയുടെ ഇച്ഛാശക്തി കൊണ്ടും അവന്റെ കഴിവുകൊണ്ടുമാണ്. (ഹമാര ഖുദാ 65)

വാഗ്ദത്ത മസീഹ് (അ) ഇത് കുടുതൽ വ്യക്തതയോടെ വിവരിക്കുന്നു. അദ്ദേഹം വളരെ മനോഹരമായി എഴുതി: 'നിന്റെ ശക്തി പ്രകടനം അത്ഭുതകരം തന്നെ! എന്റെ പ്രിയമുള്ളവനേ, ഓരോ ദിശയിലും ഏതു ദിശയിലാണ് നാം നോക്കുന്നതെന്ന് വന്നാലും നിന്നെ നാം ദർശിക്കുന്നു.'

ചുരുക്കത്തിൽ അവന്റെ ദാസന്മാരിൽ ജ്ഞാനികളായവർ അവനെ ഭയക്കുന്നു എന്ന വാക്കുകൾ അഗാധമായൊരു സത്യമാണ് അവതരിപ്പിക്കുന്നത്.

പ്രപഞ്ചത്തെക്കുറിച്ചുള്ള പഠനം ദൈവമുണ്ടെന്നുള്ള നിഗമനത്തിലേക്ക് നമ്മെ എത്തിക്കുക മാത്രമല്ല ചെയ്യുന്നത്, നമ്മിൽ അത് ദൈവ സ്നേഹം അങ്കുരിപ്പിക്കുകയും ചെയ്യുന്നു. ദൈവഭയവും ഉണ്ടാക്കുന്നു. (അദ്ധ്യായം 2 സൂക്തം,164 166)

വളരെയധികം ആത്മപ്രചോദനം നൽകുന്ന ഒരു കവിതയിൽ വാഗ്ദത്ത മസീഹ്(അ) ദൈവ സൃഷ്ടിപ്പിന്റെ അത്ഭുതങ്ങൾ വിവരിക്കുക മാത്രമല്ല ചെയ്തിട്ടുള്ളത്. അതിന് ശേഷം സർവശക്തനായ ദൈവത്തോടുള്ള തന്റെ ഹൃദയത്തിന്റെ തീവ്രാഭിലാഷം പ്രകടിപ്പിച്ചിട്ടുമുണ്ട്. അദ്ദേഹം പറയുന്നു: ആ അത്യുജ്ജ്വലമായ മനോഹാരിതയോട് നമ്മുടെ ഹൃദയത്തിൽ തീക്ഷ്ണമായ ഒരു വികാരമുണ്ട്. തുർക്കികളുടെയോ താർത്താരികളുടെയോ ആകർഷണ ശക്തിയെക്കുറിച്ച് നമ്മോട് സൂചിപ്പിക്കേണ്ട.

ഈ മനോഹരമായ കവിത അവസാനിപ്പിക്കുന്നത് ഹൃദയസ്പർശിയായ വാക്കുകൾ കൊണ്ടാണ്. 'നിന്റെ മാർഗത്തിലുള്ള വിലാപങ്ങൾ എത്ര ശബ്ദമുഖരിതമാണ്. എന്നെ ശ്രദ്ധിക്കുക, അനശ്വരനായ നിന്നോടുള്ള സ്നേഹത്താൽ ഭ്രാന്തനായ അയാളുടെ ജീവൻ വെടിഞ്ഞേക്കാം.' (ദുർറെ സമീൻ)

### താനാണ് സ്രഷ്ടാവെന്ന് ദൈവം സ്വയം പറയുന്നു

പ്രപഞ്ചത്തെക്കുറിച്ചുള്ള ചിന്തയിൽ നിന്ന് ദൈവത്തിന്റെ അസ്തിത്വത്തെക്കുറിച്ചുള്ള യുക്തിപരമായ തെളിവുകൾ നമുക്ക് കിട്ടുന്നു. അതിന് പിന്തുണയേകിക്കൊണ്ട് ആത്മീയമായി കണ്ടെത്തിയ തെളിവുകളും നൽകപ്പെട്ടിരിക്കുന്നു. സർവശക്തനായ ദൈവം തന്റെ ദൂതന്മാരോട് യുഗങ്ങളായി സംസാരിച്ചിരുന്നു എന്ന വസ്തുതയിൽ നിന്നാണ് ഈ തെളിവ് ലഭ്യമാവുന്നത്. അവർ മുഖേന താൻ മാത്രമാണ് സ്രഷ്ടാവ് എന്ന് ലോകത്തെ അറിയിക്കുകയും ചെയ്യുന്നു. ഒരു വശത്ത് ശാസ്ത്രം ദൈവത്തിലേക്ക് വിരൽ ചൂണ്ടുന്നു. മറുവശത്ത് താൻ ഉള്ളവൻ തന്നെയെന്ന് ദൈവം സ്വയം പ്രഖ്യാപിക്കുകയും ചെയ്യുന്നു. Evidence എന്ന ഗ്രന്ഥത്തിൽ ചില ശാസ്ത്ര ജ്ഞന്മാർ അവരുടെ ലേഖനങ്ങളിൽ ദൈവിക വെളിപാടിനെക്കുറിച്ച് പരാമർശിച്ചിട്ടുണ്ട്. ഉദാഹരണമായി അമേരിക്കൻ ശാസ്ത്രജ്ഞനും ഗണിതശാസ്ത്രജ്ഞനും ഖഗോള ശാസ്ത്രജ്ഞനുമായ ഡോ. മോർലിൻ ഗ്രാന്റ് സ്മിത്ത് എഴുതുന്നു: ദൈവം മനുഷ്യനോട് സംസാരിച്ചിരുന്നു. മനുഷ്യന് അന്ന് ദൈവത്തോടു പോലും സംസാരിക്കാൻ കഴിഞ്ഞിരുന്നു. ദൈവം സംസാരിച്ച പ്രഥമവും മഹത്തരവുമായ കാര്യം അവനാണ് മനുഷ്യനേയും അവനു ചുറ്റുമുള്ള അപരിമിതമായ പ്രപഞ്ചത്തേയും സൃഷ്ടിച്ചത് എന്നാണ്. (Evidence. p.50)

നമ്മുടെ ഏറ്റവും ആദരണീയനായ നബി (സ) ക്ക് ലഭിച്ച ആദ്യവെളിപാട് ദൈവമാണ്

നമ്മുടെ സ്രഷ്ടാവ് എന്ന സന്ദേശം ഉൾക്കൊള്ളുന്നു.

***(സർവവും സൃഷ്ടിച്ച) നിന്റെ രക്ഷിതാവിന്റെ നാമത്തിൽ ഓതുക. അവൻ മനുഷ്യനെ രക്തപിണ്ഡത്തിൽനിന്ന് സൃഷ്ടിച്ചിരിക്കുന്നു. (അദ്ധ്യാ 96, സൂക്തം 2,3)***

ആധുനിക യുഗത്തിൽ സർവശക്തനായ ദൈവം വാഗ്ദത്ത മസീഹി(അ)നോട് ധാരാളമായി സംസാരിച്ചിരുന്നു. അദ്ദേഹം പറയുന്നു:

തീർച്ചയായും ദൈവത്തെ നേടിയിരിക്കുന്നത് ദൈവം മുഖേന തന്നെയാണ്. നമ്മോട് സംസാരിച്ചുകൊണ്ട് അവൻ തന്റെ സത്ത നമുക്ക് മനസ്സിലാക്കിത്തന്നിരിക്കുന്നു. (സത്ബജൻ. പേ.41, റൂഹാനി ഖസായിൻ വാ 10, പേ. 161)

ദൈവം ഉള്ളവനാണെന്ന് അനുഭവസിദ്ധമായ അടിത്തറ നൽകുന്നത് ദൈവവുമായി സംസാരിച്ച സാത്വികരായ ആളുകളുടെ ആത്മീയാനുഭവങ്ങളാണ്. ഭൂതകാലത്ത് ദൈവം സംസാരിച്ചത് പോലെ തന്നെ ഇപ്പോഴും സംസാരിക്കുന്നുണ്ടെന്ന വസ്തുതക്ക് വാഗ്ദത്ത മസീഹ് (അ) മഹത്തായ ഊന്നൽ നൽകിയിരിക്കുന്നു. (ഇസ്ലാംമതതത്ത്വജ്ഞാനം )

അദ്ദേഹം പറയുന്നു: കാരുണ്യത്തിന്റെയും സമാധാനത്തിന്റെയുമായി ആയിരോപായിരം അനുഗ്രഹങ്ങൾ ദൈവത്തിന്റെ വരിഷ്ഠദാസനായ മുഹമ്മദ് നബി(സ)യിൽ തേടുന്നു. തന്റെ വചനം മുഖേന തന്റെ അസ്തിത്വത്തിനുള്ള തെളിവ് നൽകിയ സജീവനായ ദൈവത്തെ നാം കണ്ടെത്തിയത് അദ്ദേഹം മുഖേനയാണ്. അസാധാരണമായ ദൃഷ്ടാന്തങ്ങൾ മുഖേന അവൻ തന്റെ തിളക്കമാർന്ന മുഖം പ്രകടമാക്കുന്നു. അവൻ ശാശ്വതവും സമഗ്രവുമായ ശക്തിയുടെ ഉടമയാണ്.(Essence of Islam 1979)

നമ്മുടെ യജമാനനും പ്രഭുവുമായ മുഹമ്മദ് നബി (സ)യെ സർവശക്തനായ അല്ലാഹു അറിയിച്ചിരിക്കുന്നു. ഉന്നതവും മഹത്വപൂർണവുമായ വാക്കുകളിൽ സ്നേഹനിർഭരവും അഗാധവുമായ അനുരക്തിയും നിറഞ്ഞ വാക്കുകളിൽ, അതായത് ഈ പ്രപഞ്ചവും നാമെല്ലാവരെയും സൃഷ്ടിച്ചത് എന്തിന് എന്ന്. വിശുദ്ധ ഖുർആൻ പറയുന്നു.

അല്ലയോ മനുഷ്യരേ, നിങ്ങളെയും നിങ്ങൾക്ക് മുമ്പുള്ളവരേയും സൃഷ്ടിച്ച നിങ്ങളുടെ നാഥനെ നിങ്ങൾ ആരാധിക്കുക. (അദ്ധ്യായം 2 സൂക്തം 22)

ആകാശ ഭൂമികളുടെയും അതിനിടയിലുള്ളതിനേയും സൃഷ്ടിച്ച നിങ്ങളുടെ നാഥനെ നിങ്ങൾ ആരാധിക്കുക. (അദ്ധ്യായം 32 സൂക്തം 5)

ഏഴാകാശങ്ങളെയും ഭൂമിയിൽ നിന്ന് അവക്ക് തുല്യമായതിനെയും സൃഷ്ടിച്ചവനത്രെ അല്ലാഹു. (അദ്ധ്യായം 65 സൂക്തം 13).

നിങ്ങൾക്ക് കാണാൻ കഴിയുന്ന തൂണുകളില്ലാതെ ആകാശങ്ങളെ ഉയർത്തിയിരിക്കുന്നവനാണ് അല്ലാഹു (അദ്ധ്യായം 13 സൂക്തം3)

സത്യത്തോടെ ആകാശഭൂമികളെ സൃഷ്ടിച്ചവൻ അല്ലാഹുവാകുന്നു. തീർച്ചയായും വിശ്വാസികൾക്ക് അതിൽ ദൃഷ്ടാന്തങ്ങളുണ്ട് (അദ്ധ്യായം സൂക്തം45)

...പറയുക, അല്ലാഹു മാത്രമാണ് എല്ലാറ്റിന്റെയും സ്രഷ്ടാവ്, അവൻ ഏകനാണ്. ഏറ്റവും പരമോന്നതനാണ്. (അദ്ധ്യായം സൂക്തം17)

അല്ലാഹുവാണ് എല്ലാറ്റിന്റേയും സ്രഷ്ടാവ്. എല്ലാറ്റിന്റേയും രക്ഷകർത്താവും അവനാകുന്നു. (അദ്ധ്യായം 39 സൂക്തം 63)

അല്ലാഹുവല്ലാത്ത വല്ല സ്രഷ്ടാവുമുണ്ടോ? അവൻ ആകാശത്ത് നിന്നും ഭൂമിയിൽ നിന്നും നിങ്ങൾക്ക് ആഹാരം നൽകുന്നു. (അദ്ധ്യായം 35 സൂക്തം4 )

അവൻ സ്രഷ്ടാവും ഇല്ലായ്മയിൽ നിന്ന് ഉണ്ടാക്കുന്നവനും രൂപസന്ദായകനുമായ അല്ലാഹുവാകുന്നു. ഏറ്റവും ഉൽകൃഷ്ടമായ നാമങ്ങൾ അവനുള്ളതാകുന്നു. (അദ്ധ്യായം 59 സൂക്തം 25)

.....സകല ഇണകളേയും സൃഷ്ടിച്ചവനായ അല്ലാഹു പരിശുദ്ധനാകുന്നു.

ആകാശങ്ങളെയും ഭൂമിയേയും സൃഷ്ടിക്കുകയും (എല്ലാതരം) അന്ധകാരങ്ങളെയും പ്രകാശങ്ങളെയും സൃഷ്ടിക്കുകയും ചെയ്ത അല്ലാഹുവിനാകുന്നു സർവസ്തുതിയും. (അദ്ധ്യായം 6 സൂക്തം, 2)

ആകാശത്തിൽ രാശികളെ ഉണ്ടാക്കുകയും അതിൽ ഒരു വിളക്കിനെയും വെളിച്ചം നൽകുന്ന ഒരു ചന്ദ്രനേയും സൃഷ്ടിക്കുകയും ചെയ്തവൻ അനുഗ്രഹ പൂർണനാകുന്നു. (അദ്ധ്യായം 25, സൂക്തം 62)

അതിനാൽ ഏറ്റവും നല്ല നിലയിൽ സൃഷ്ടിക്കുന്നവനായ അല്ലാഹു അനുഗ്രഹസമ്പൂർണനാകുന്നു. (അദ്ധ്യായം 23, സൂക്തം 15)

എല്ലാ വസ്തുക്കൾക്കും അതതിന്റെ (ആവശ്യമനുസരിച്ച്) അവയവങ്ങൾ നൽകുകയും പിന്നീട് ഈ അവയവങ്ങൾ പ്രാവർത്തികമാക്കുന്നതിനുള്ള മാർഗം കാണിക്കുകയും ചെയ്തവനത്രെ ഞങ്ങളുടെ നാഥൻ. (അദ്ധ്യായം 20 സൂക്തം 51)

നാം നിങ്ങളെ സൃഷ്ടിക്കുകയും എന്നിട്ട് നാം നിങ്ങളെ രൂപപ്പെടുത്തുകയും ചെയ്തു. പിന്നീട് നാം മലക്കുകളോട് പറഞ്ഞു ആദമിനെ അനുസരിക്കുക.... (അദ്ധ്യായം7 സൂക്തം 12)

നാമാണ് നിങ്ങളെ സൃഷ്ടിച്ചിട്ടുള്ളത്. ആ സ്ഥിതിക്ക് നിങ്ങൾ എന്തുകൊണ്ട് (നമ്മുടെ വാക്ക്) അംഗീകരിക്കുന്നില്ല? എന്നാൽ നിങ്ങൾ സ്രവിപ്പിക്കുന്ന (രേതസ്സിനെ സംബന്ധിച്ച്) നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ നിങ്ങളാണോ അതിനെ സൃഷ്ടിച്ചത്? അല്ലെങ്കിൽ അതിന്റെ സൃഷ്ടി കർത്താവ് നാമാണോ? (അദ്ധ്യായം 56 സൂക്തം 60)

പരമോന്നതനായ നിന്റെ നാഥ

ശേഷം പേജ് 42–ൽ

# അഹ്മദികൾക്കെതിരെ സഊദി അറേബ്യ: വിക്കിലീക്സ് രേഖകൾ



بسم الله الرحمن الرحيم

المملكة العربية السعودية
المجلس الأعلى للشؤون الإسلامية
رئيس المجلس

Supreme Council for Islamic Affairs

برقية سرية

صاحب السمو الملكي وزير الخارجية — عضو المجلس الأعلى للشؤون الإسلامية
معالي وزير الشؤون الإسلامية والأوقاف والدعوة والإرشاد — عضو المجلس الأعلى للشؤون الإسلامية
نسخة لمعالي رئيس الديوان الملكي والسكرتير الخاص لخادم الحرمين الشريفين

السلام عليكم ورحمة الله وبركاته . أما بعد :

فنشير إلى برقية معالي رئيس الديوان الملكي والسكرتير الخاص لخادم الحرمين الشريفين ذات الرقم ٦٢٨٤ المؤرخة في ١٤٣٣/١/٢٤هـ ، ومشفوعتها برقية صاحب السمو الملكي وزير الخارجية ذات الرقم ١/٤٣٢٠١/٢٣/٩٧ وتاريخ ١٤٢٩/٤/٦هـ ، وذات الرقم ١/٣٣١٠٤/٢٣/٩٧ وتاريخ ١٤٢٩/٣/١١هـ المرافق بهما تقرير سفارة المملكة في ( جاكرتا ) بإندونيسيا عن : ( جماعة الأحمدية القاديانية الضالة ) ونشاطها في إندونيسيا ، وموقف الحكومة الإندونيسية تجاهها .

وقد دُرِسَ الموضوع من قبل اللجنة التحضيرية للمجلس الأعلى للشؤون الإسلامية في جلستها الخامسة لعام ١٤٣٣هـ ، وأوصت بالإيعاز إلى وزارة الشؤون الإسلامية والأوقاف والدعوة والإرشاد بالتنسيق مع وزارة الخارجية بالترتيب مع المجلس الأعلى الإندونيسي للدعوة الإسلامية ؛ لوضع برامج محددة عملية يمكن تنفيذها لمواجهة خطر القاديانية هناك ، والإيعاز كذلك إلى وزارة الخارجية بالطلب من سفارة المملكة في ( جاكرتا ) التواصل مع الحكومة الإندونيسية لشرح خطر القاديانية والحيلولة دون انتشارها .

ولموافقتنا على ذلك نرغب إليكم إكمال اللازم وإفادتنا بما يتخذ في هذا الشأن .

والسلام عليكم ورحمة الله وبركاته .

نايف بن عبد العزيز

ولي العهد نائب رئيس مجلس الوزراء
رئيس المجلس الأعلى للشؤون الإسلامية

Tel.
Fax
P.O.Box 22645 Riyadh 11416

SUPREME COUNCIL
FOR ISLAMIC AFFAIRS
RIYADH, SAUDI ARABIA

الرقم:
التاريخ:
المرفقات:

സഊദി അറേബ്യയുടെ 61,000 കേബിളുകൾ ജൂൺ 19ന് വിക്കിലീക്സ് പുറത്ത് വിടുകയുണ്ടായി. ഇനിയും 5 ലക്ഷം രേഖകൾ തങ്ങളുടെ കൈവശം ഉണ്ടെന്ന് വിക്കിലീക്സ് അവകാശപ്പെടുന്നു. ഉറവിടങ്ങൾ വെളിപ്പെടുത്താതെ ഭരണകൂടങ്ങളുടെയും സ്ഥാപനങ്ങളുടെയും രഹസ്യരേഖകളും വിവരങ്ങളും പ്രസിദ്ധീകരിക്കുന്ന സ്വീഡൻ ആസ്ഥാനമായുള്ള ഒരു അന്തർ ദേശീയ മാധ്യമ സംരംഭമാണ് വിക്കിലീക്സ്. അമേരിക്കയുടെ ഇറാഖ് അഫ്ഘാൻ യുദ്ധത്തെ കുറിച്ചുള്ള പല രഹസ്യരേഖകളും പുറത്ത് വിട്ട് വീക്കിലീക്സ് കോളിളക്കം സൃഷ്ടിച്ചിരുന്നു. അഹ്മദികളെ പീഡിപ്പിക്കാനും അഹ്മദികളുടെ നില അപകടപ്പെടുത്താനും സഊദി അറേബ്യ ഇന്തോനേഷ്യൻ ഭരണകൂടത്തിൽ സമ്മർദം ചെലുത്തിയതിന്റെ കേബിൾ രേഖകളാണ് വിക്കിലീക്സ് പുറത്ത് വിട്ടതിൽ ചിലത്. കഴിഞ്ഞ വർഷങ്ങളിൽ ഇന്തോനേഷ്യയിൽ മത തീവ്രവാദികളായ പണ്ഡിതന്മാരുടെയും സംഘടനകളുടെയും ആഭിമുഖ്യത്തിൽ ഭരണകൂട പിന്തുണയോടെ അഹ്മദികൾക്കെതിരെ നടന്ന അതിനിഷ്ഠൂരമായ ആക്രമണങ്ങളും മൃഗീയമായ കൊലപാതകങ്ങളും ലോക മാധ്യമങ്ങളും മനുഷ്യാവകാശ സംഘടനകളും പ്രാധാന്യത്തോടെയാണ് ചർച്ച ചെയ്തത്.

2013 സെപ്തംബർ 27ന് ഖലീഫത്തുൽ മസീഹ്, ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..) സിംഗപൂരിൽ വെച്ച് ചെയ്ത ഖുത്ബയിൽ പറഞ്ഞു: *'ഇന്തോനേഷ്യയിലെ അഹ്മദിയ്യാ പീഡനം എന്റെ സന്ദർശനത്തിന് കുറച്ച് മുമ്പാണ് നടന്നത്. മസ്ജിദ് ആക്രമിക്കപ്പെട്ടു. അഹ്മദികളും ജമാഅത്തിന്റെ സ്വത്തും ആക്രമിക്കപ്പെട്ടു. അക്രമ ത്തിൽ അഹ്മദികൾ ശഹീദാക്ക പ്പെട്ടു. ഒന്നിന്ന് പിറകെ മറ്റൊന്നായി വിദ്വേഷത്തിന്റെ രൂക്ഷമായ തരംഗങ്ങൾ ജനങ്ങൾക്കിടയിൽ അടിച്ചുയരുകയായിരുന്നു. അഹ്മദികളുടെ ജീവനും സ്വത്തും നഷ്ടപ്പെടുന്നത് തുടർന്നുകൊണ്ടിരുന്നു. പോലീസ് നോക്കി നിൽക്കെ എത്ര ക്രൂരമായും ദാരുണമായുമായിരുന്നു അഹ്മദികൾ രക്തസാക്ഷികളാക്കപ്പെട്ടത് എന്ന് നിങ്ങൾക്കെല്ലാം അറിയാം. ഈ പൈശാചികതയെ അവിടുത്തെ നീതിമതികളായ പ്രാദേശിക മാധ്യമങ്ങൾ എതിർത്തിരുന്നു. ഇന്ന് മാധ്യമങ്ങളാൽ ലോകം വളരെ ചുരുങ്ങിയിരിക്കുന്നു. ഈ പീഡനങ്ങളുടെ വിശദ വിവരങ്ങൾ എല്ലാവരിലും എത്തിയതിനാൽ ലോകത്തിന്റെ ശ്രദ്ധ അങ്ങോട്ട് തിരിഞ്ഞിരിക്കുന്നു.*

സൗദി ഭരണകൂടം കേബിൾ വ്യാജമാണെന്ന് പറയുന്നുണ്ടെങ്കിലും വിക്കിലീക്സ് പുറത്ത്വിട്ട ഈ രേഖയുടെ ആധികാരികത നിഷേധിക്കാൻ സാധിച്ചിട്ടില്ല. ആഗോള മത തീവ്രവാദ പ്രവർത്തനങ്ങളിൽ സഊദി അറേബ്യക്കുള്ള പങ്കാണ് ഇവിടെ വെളിപ്പെടുന്നത്.

സഊദി ഉപപ്രധാനമന്ത്രിയും സുപ്രീം കൗൺസിൽ ഫോർ ഇസ്‌ലാമിക്ക് അഫേഴ്സിന്റെ പ്രസിഡന്റുമായ നായിഫ് ബിൻ അബ്ദുൽ അസീസ് രാജകുമാരൻ ഒപ്പുവെച്ചയച്ച രേഖയിൽ അഹ്മദികളെ പീഡിപ്പിക്കാനും അഹ്മദികൾക്കെതിരെ നടപടി സ്വീകരിക്കാനും കൽപ്പന നൽകിയ 2012 മാർച്ച് 19 ലെ ഒരു രേഖയാണ് വിക്കിലീക്സ്

പുറത്ത് വിട്ടിരിക്കുന്നത്. വിദേശ കാര്യ മന്ത്രാലയത്തെയും ഇന്തോനേഷ്യൻ സുപ്രീം കൗൺസിൽ ഫോർ ദ ഇസ്‌ലാമിക് ദഅ്‌വായുമായി ഏകോപിച്ചു കൊണ്ട് പ്രവർത്തിക്കാൻ സഊദി ഇസ്‌ലാമിക കാര്യ മന്ത്രാലയത്തിന് നൽകിയ നിർദ്ദേശമാണ് പുറത്തായത്.

*ഖാദിയാനിയത്തിന്റെ അപകടം നേരിടാനുള്ള പ്രത്യേക പ്രായോഗിക പദ്ധതികൾ അവിടെ (ഇന്തോനേഷ്യയിൽ) തയ്യാറാക്കണം* എന്നാണ് രാജകീയ നിർദേശം. ജക്കാർത്തയിലെ സഊദി എംബസ്സിക്ക് നൽകിയ ഈ സന്ദേശത്തിൽ *'ഖാദിയാനിയത്തിന്റെ അപകടം വിവരിച്ചു കൊടുക്കാനായി ഇന്തോനേഷ്യൻ ഭരണകൂടവുമായി നിരന്തരം ബന്ധപ്പെട്ടു കൊണ്ടിരിക്കണം അവരുടെ പ്രചാരണം തടയുന്നതിനുള്ള ശ്രമവും വേണം'* എന്നും കാണുന്നു.

2012 മേയ് 15 ന് പ്രധാനമന്ത്രി അബ്ദുല്ലാ ബിൻ അബ്ദുൽ അസീസ് അൽ സഊദ് ഇസ്‌ലാമിക കാര്യ/ഔഖാഫ്/ദഅ്‌വ ആന്റ് ഇർശാദ് മന്ത്രിമാർക്കും മുസ്‌ലിം വേൾഡ് ലീഗിനും അയച്ച മറ്റൊരു സന്ദേശത്തിൽ പ്രസ്തുത സ്ഥാപനങ്ങൾക്ക് കീഴിലുള്ള മതപണ്ഡിതന്മാരെ ഉപയോഗിച്ച് അഹ്‌മദികൾക്കെതിരെ താക്കീതുകൾ പുറപ്പെടുവിക്കണമെന്ന് ശക്തമായി ആവശ്യപ്പെടുന്നുണ്ട്. രേഖയിലുള്ള സന്ദേശം ഇപ്രകാരമാണ്. *'ഈ സമുഹ ത്തിന് (അഹ്‌മദിയ്യാ) എതിരെയുള്ള ഇന്തോനേഷ്യൻ സുപ്രീം കൗൺസിൽ ഫോർ ഇസ്‌ലാമിക് ദഅ്‌വാക്കുള്ള പിന്തുണ ജക്കാർത്തയിലെ സഊദി എംബസ്സി തുടരുന്നതായിരിക്കും. ഇന്തോനേഷ്യൻ ഗവൺമെന്റിനെ നിലപാട് അറിയിക്കുക.'*

***1974*** ൽ പാകിസ്താനിൽ അഹ്‌മദികൾക്കെതിരെ യുണ്ടായ കലാപത്തിന് പിന്നിലും പ്രധാന മന്ത്രി സുൽഫിക്കർ അലി ഭൂട്ടോ അഹ്‌മദികളെ അമുസ്‌ലിംകളായി പ്രഖ്യാപിച്ചതിന് പിന്നിലും സഊദിയുടെ പങ്ക് സാഹചര്യത്തെളിവുകളുടെ അടിസ്ഥാനത്തിൽ ആരോപിക്കപ്പെട്ടിരുന്നു. പാകിസ്താൻ പി പി പി ഇത് നിരന്തരം നിഷേധിച്ചു കൊണ്ടിരുന്നതാണ്. പക്ഷേ ഭൂട്ടോയുടെ ഏറ്റവും വിശ്വസ്തനും പി പി പി യുടെ സ്ഥാപകന്മാരിൽ ഒരാളുമായ ഡോ. മുബഷിർ ഹസൻ 11.4.2012 ന് zem tv.co ൽ നടത്തിയ ഒരു അഭിമുഖത്തിൽ അഹ്‌മദികളെ അമുസ്‌ലിംകളായി പ്രഖ്യാപിക്കുന്നതിൽ സഊദിയുടെ സമ്മർദം ഉണ്ടായിരുന്നു എന്ന് പറഞ്ഞതോടെ ഇക്കാര്യത്തിലുള്ള സഊദിയുടെ പങ്കും വ്യക്തമായി. സഊദി ഇന്ന് തീവ്രവാദത്തിന്റെ കെടുതികൾ അനുഭവിക്കുകയാണ്. നിരപരാധികളെ ദ്രോഹിച്ചതിനുള്ള ദൈവികമായ തിരിച്ചടിയാണോ ഇത്? ●

## കാരുണ്യം ബാദ്ധ്യതയാക്കിവെച്ച നമ്മുടെ നാഥൻ

പറയുക: എന്റെ അടുക്കൽ അല്ലാഹുവിന്റെ ഖജനാവുകളുണ്ടെന്ന് ഞാൻ നിങ്ങളോട് പറയുന്നില്ല. അദൃശ്യകാര്യങ്ങൾ ഞാൻ അറിയുന്നുമില്ല. ഞാൻ ഒരു മാലാഖയാണെന്നും നിങ്ങളോട് പറയുന്നില്ല. എന്നിലേക്ക് ദിവ്യബോധനം ചെയ്യപ്പെടുന്നത് പിൻപറ്റുക മാത്രമാണ് ഞാൻ ചെയ്യുന്നത്.

പറയുക: അന്ധനും കാഴ്ച്ചയുള്ളവനും ഒരു പോലെയാകുമോ? അപ്പോൾ നിങ്ങൾ ചിന്തിക്കുന്നില്ലേ? തങ്ങളുടെ നാഥന്റെ അടുക്കലേക്ക് ഒരുമിച്ചു കൂട്ടപ്പെടുമെന്ന് ഭയപ്പെടുന്നവർക്ക് ഇത് (ഈ വചനം മുഖേന) മുന്നറിയിപ്പ് നൽകുക.; അവർക്ക് അവനല്ലാതെ ഒരു രക്ഷകനോ ശുപാർശകനോ ഉണ്ടാകുകയില്ലെന്ന്, അവർ സൂക്ഷ്മത കൈകൊള്ളുന്നതിന് വേണ്ടി. തങ്ങളുടെ നാഥന്റെ പ്രീതിയെ ഉദ്ദേശിച്ച് പ്രഭാതത്തിലും പ്രദോഷത്തിലും അവനെ വിളിച്ചു പ്രാർഥിക്കുന്നവനെ നീ വിരട്ടി അകറ്റരുത്. അവരെ വിരട്ടാൻ തക്കവണ്ണം അവരുടെ കണക്കിന്റെ യാതൊരു ഉത്തരവാദിത്വവും നിനക്കില്ല. നിന്റെ കണക്കിന്റെ യാതൊരു ഉത്തരവാദിത്വവും അവർക്കുമില്ല. അങ്ങനെ ചെയ്താൽ നീ അക്രമികളിൽ പെട്ടവനായി പോകും. ഇതേ പ്രകാരം ഇവർക്കാണോ നമ്മുടെ ഇടയിൽ അല്ലാഹു ഔദാര്യം ചെയ്തത് എന്നു ചോദിക്കുമാറ് അവരിൽ ചിലരെക്കൊണ്ട് നാം പരീക്ഷിക്കുന്നുണ്ട്. അല്ലാഹു കൃതജ്ഞതയുള്ളവരെക്കുറിച്ച് നല്ലവണ്ണം അറിയുന്നവനല്ലേ? നമ്മുടെ ദൃഷ്ടാന്തങ്ങളിൽ വിശ്വസിക്കുന്നവർ നിങ്ങളുടെ അടുക്കൽ വന്നാൽ നിങ്ങൾക്ക് സമാധാനം ഉണ്ടാവട്ടെ; നിങ്ങളുടെ നാഥൻ കാരുണ്യത്തെ തന്റെ ബാദ്ധ്യതയാക്കി വെച്ചിരിക്കുന്നുവെന്ന് പറയുക. അതായത് നിങ്ങളിൽ നിന്ന് ആരെങ്കിലും അജ്ഞത നിമിത്തം തിന്മചെയ്യുകയും എന്നിട്ട് അതിന് ശേഷം പശ്ചാത്തപിച്ചു മടങ്ങുകയും സ്വയം തിരുത്തി നന്നാവുകയും ചെയ്യുന്നതായാൽ (അവൻ പൊറുത്തുതരും). അവൻ സർവഥാ പൊറുക്കുന്നവനും കരുണാമയനു മാകുന്നു. (വിശുദ്ധ ഖുർആൻ 6: 51-55)

# യോഗ ഒരു വ്യായാമ മുറ

## ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്)

(ഖലീഫത്തുൽ മസീഹ് നാലാമൻ)

സങ്കീർണമായ ഹിന്ദുതത്ത്വശാസ്ത്ര സമുച്ഛയത്തിൽ യോഗ എവിടെയാണ് ചേരുക. നാം ചർച്ച ചെയ്യുന്ന മുഖ്യവിഷയത്തിൽ പ്രത്യേകം താൽപര്യം ജനിപ്പിക്കുന്ന ഒരു വിഷയമാണിത്. കാരണം അഗാധമായ മനനം കൊണ്ട് ഒരു യോഗിക്ക് സ്വയം തന്നെ ജ്ഞാനത്തിന്റെയും സത്യത്തിന്റെയും സ്രോതസ്സിൽ എത്തിച്ചേരാൻ കഴിയും എന്ന് വ്യാപകമായ തോതിൽ അവകാശപ്പെടുന്നു. യോഗവിദ്യയുടെ ഉത്ഭവം ഹിന്ദുമതത്തിൽ നിന്നോ ബുദ്ധമതത്തിൽ നിന്നോ എന്ന് ദൃഢമായി പറയുവാൻ സാധ്യമല്ല. ഒരു പഠനോപകരണം എന്ന നിലക്ക് ചെയ്യപ്പെട്ടിട്ടില്ല.

പക്ഷേ അതെല്ലാം ഇപ്പോഴത്തെ യോഗയെ സംബന്ധിക്കുന്നതല്ല. യോഗ എന്നത് അതിന്റെ ആരാധനാമൂല്യത്തിനുപരിയായി വളരെ ഉന്നതമായി വികസിച്ച ഒരു ശരീരശാസ്ത്രമാണ്. മനുഷ്യന്റെ ശരീരത്തിലെ നിദ്രാണാവസ്ഥയിലുള്ള കഴിവുകൾ പാരമ്യത്തിലെത്തിക്കുകയാണ് യോഗാഭ്യാസത്തിലൂടെ ചെയ്യുന്നത്. യോഗയിലൂടെ അത്ഭുതകരമായ പ്രവൃത്തികൾ നിർവഹിച്ചതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. യോഗയിലൂടെ ഒരാൾക്ക് പരിപൂർണമായ ശരീര സുഷുപ്താവസ്ഥയിൽ (Hybernation) എത്തിച്ചേരാവുന്നതാണെന്ന് പോലും പറയപ്പെടുന്നു. അയാളുടെ ഉപാപചയ (Metabolism) പ്രവർത്തനങ്ങൾ ഏറെക്കുറെ നിശ്ചലമാവുകയും ജീവൻ അതിന്റെ അവസാന തന്തുവിൽ തൂങ്ങിക്കിടക്കുന്ന അവസ്ഥയിൽ എത്തിച്ചേരുകയും ചെയ്യുന്നതായി വാദിക്കപ്പെടുന്നു. ചില യോഗികൾ യോഗ വിദ്യയിൽ വളരെയേറെ പ്രാവീണ്യം നേടിയവരാണ്. അവർ ദിവസങ്ങളോളം ജലത്തിൽ മുങ്ങിക്കിടക്കുന്നതായി പറയപ്പെടുന്നു. ചില യോഗികൾ ഒരു സ്ഥലത്ത് വെച്ച് ശരീരം സൂക്ഷ്മ വസ്തുക്കളായി വിഘടനം ചെയ്ത് മറ്റൊരു സ്ഥലത്ത് വീണ്ടും സ്ഥൂല ശരീരമായി പ്രത്യക്ഷപ്പെടുന്നതായ അത്ഭുത കഴിവുകൾ പ്രകടിപ്പിച്ച റിപ്പോർട്ടുകൾ പറഞ്ഞു കേൾക്കുന്നു. തീർച്ചയായും അതിശയോക്തിപരമാണ് അത്.

എങ്കിലും ചില പ്രത്യേക കഴിവുകൾ യോഗാഭ്യാസം മുഖേന വികസിപ്പിച്ചെടുക്കാൻ സാധിക്കും. അവ വെറും അതിശയോക്തിയായി തള്ളിക്കളയാൻ സാധ്യമല്ല. ചില യോഗികൾക്ക് അവരുടെ ശ്വാസം ദീർഘനേരം പിടിച്ചു നിൽക്കാൻ സാധിക്കും. സാധാരണ മനുഷ്യന് അത്ര നേരം പ്രാണവായു ലഭിച്ചില്ലെങ്കിൽ മരിച്ചു പോകും. യോഗ എന്നത് മനുഷ്യന്റെ ശാരീരികമായ കഴിവുകളുടെ എല്ലാ പ്രവർത്തന മേഖലയും പരിപോഷിപ്പിക്കുന്ന ഒരു വ്യായാമ മുറയാണ്. മാനസികവും ശാരീരികവുമായ സംഘർഷങ്ങൾക്ക് നല്ലൊരു ശമനൗഷധമാണ് യോഗ എന്ന് അവകാശപ്പെടുന്നു. മനുഷ്യനിൽ അന്തർ ലീനമായിക്കിടക്കുന്ന ശാരീരികമായ ഗുണങ്ങൾ വികസിപ്പിക്കുന്ന യോഗാത്മകമായ കഴിവുകളെക്കുറിച്ച് നാം ചുരുക്കത്തിൽ ചർച്ച ചെയ്തു കഴിഞ്ഞു. ഇതേ കഴിവുകൾ തന്നെ ശിക്ഷണങ്ങളിലൂടെയും ജീവിത ചര്യകളിലൂടെയും ആത്മീയമായും വർധിപ്പിച്ചെടുക്കാവുന്നതാണ്.

യോഗാഭ്യാസ സമ്പ്രദായത്തിലൂടെ ഈ സാധ്യതകളെപറ്റി നാം ആരായുകയുണ്ടായി. ധ്യാനത്തിലൂടെയും യോഗാഭ്യാസത്തിലൂടെയും മാത്രം ആന്തര സത്യത്തിന്റെ സ്രോതസ്സിൽ എത്തിച്ചേരാമെന്ന് യോഗികൾ അവകാശപ്പെടുന്നു. അവരുടെ ഈ അവകാശവാദം തെറ്റായാലും ശരിയായാലും അതൊരു അഭിപ്രായം മാത്രമായി അവശേഷിക്കുന്നു. മനുഷ്യന്റെ പ്രശ്നങ്ങൾക്ക് ഒരു പരിഹാരം എന്ന നിലക്ക് യോഗാഭ്യാസത്തിന്റെ സഹായത്തോടെ ആന്തരിക സത്യം കണ്ടെത്തി ലോകത്തിനു മുമ്പിൽ സമർപ്പിക്കാത്തിടത്തോളം ഒരാൾക്ക് ഈ അവകാശ വാദം അംഗീകരിക്കാനോ തിരസ്ക്കരിക്കാനോ സാധ്യമല്ല. പരമാവധി നമുക്ക് ഇത് സംബന്ധിച്ച് അംഗീകരിക്കാവുന്ന വസ്തുത യോഗ ഒരു ഉത്തമ വ്യായാമമാണ് എന്നുള്ളതാണ്. ●

(വെളിപാട് യുക്തി ജ്ഞാനം സത്യം - ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്)

കുറിപ്പുകൾ


# കണ്ണീർകടലിൽ മുങ്ങിത്താഴുന്ന രോഹിങ്ക്യൻ മുസ്‌ലിംകൾ




**മുസാഫിർ**

മ്യാൻമാർ എന്ന് വിളിക്കപ്പെടുന്ന ബർമയിലെ മുസ്‌ലിം വംശീയ ജനവിഭാഗമാണ് രോഹിങ്ക്യൻ മുസ്‌ലിംകൾ. മ്യാൻമാറിൽ ബംഗ്ലാദേശിലെ ചിറ്റഗോംങ്ങ് ഡിവിഷനോട് ചേർന്ന് ബംഗാൾ ഉൾക്കടലിന് അഭിമുഖമായി നിൽക്കുന്ന രാഖിൻ പ്രവിശ്യയിലാണ് രോഹിങ്ക്യൻ ഭാഷ സംസാരുന്ന ഈ ജനവിഭാഗം ജീവിക്കുന്നത്. മ്യാൻമാറിലെ 13 ലക്ഷം വരുന്ന പരമ ദരിദ്രരായ രോഹിങ്ക്യൻ ജനതയാണ് ഇപ്പോൾ ലോകത്തിലെ ഏറ്റവും പീഡിത ന്യൂനപക്ഷം എന്ന് അന്താരാഷ്ട്ര മാധ്യമങ്ങൾ വിശേഷിപ്പിക്കുന്നു. മ്യാന്മാറിലെ ക്രൂരരായ ബുദ്ധമത തീവ്രവാദികൾ നടത്തുന്ന പൈശാചികമായ കൂട്ടകൊലകളും പീഡനവും സഹിക്കവയ്യാതെ അയൽ രാജ്യമായ ബംഗ്ലാദേശിലെ അഭയാർഥി ക്യാമ്പുകളിൽ അത്യന്തം ശോചനീയമായ അവസ്ഥയിലാണ് അവരിൽ പലരും കഴിയുന്നത്. ജീവൻ രക്ഷിക്കാൻ പിഞ്ച് കുഞ്ഞുങ്ങളും സ്ത്രീകളുമായി ഏതെങ്കിലും ഒരു അഭയ സ്ഥാനം തേടി ബോട്ടുകളിൽ കയറിയ ചില രോഹിങ്ക്യൻ മുസ്‌ലിംകൾ കര പറ്റാൻ കഴിയാതെ കടലിൽ അലയുന്ന അതിദയനീയമായ കാഴ്ച്ച മനുഷ്യ സ്നേഹികളെ നടുക്കിക്കളഞ്ഞിരിക്കുന്നു. ഭക്ഷണവും വെള്ളവും ലഭിക്കാതെ ജീവച്ഛവങ്ങളായി മാറിക്കഴിഞ്ഞ നിസ്സഹായരായ ഈ പാവങ്ങൾക്ക് മുസ്‌ലിം രാജ്യങ്ങളായ ഇന്ത്യോനേഷ്യയും മലേഷ്യയും അതുപോലെ തായ്‌ലന്റും അഭയം നൽകാതെ ആട്ടിയകറ്റുകയാണ്.

മനുഷ്യത്വ വിരുദ്ധവും ഭയാനകവുമായ ഈ കാഴ്ച്ച കണ്ട് അന്തർദേശീയ സമൂഹം വൻ വിമർശനമാണ് ഈ മൂന്നു അയൽ രാജ്യങ്ങൾക്കെതിരെയും നടത്തിയത്. അതിന് ശേഷമാണ് തായ് തലസ്ഥാനമായ ബാങ്കോങ്ങിൽ തായ്‌ലന്റ്, മലേഷ്യ ഇന്തോനേഷ്യ എന്നീ രാജ്യങ്ങളിലെ ഉന്നതർ സമ്മേളിച്ച് അലഞ്ഞു തിരിയുന്ന ഈ അഭയാർഥികളെ സ്വീകരിക്കാൻ തീരുമാനിച്ചത്. അതിന് ശേഷവും അഭയാർഥി പ്രവാഹം തുടരുകയാണ്. കൊടും പീഡനങ്ങൾ നടത്തി ഈ അഭയാർഥി പ്രവാഹം സൃഷ്ടിക്കുന്ന മ്യാന്മാറിലെ പട്ടാള ഭരണകൂടത്തെ ക്ഷണിച്ചിട്ടും ബാങ്കോങ്ങിലെ ചർച്ചയിലേക്ക് അവർ തിരിഞ്ഞു നോക്കുകയുണ്ടായില്ല. മേയ് ആദ്യവാരത്തിലാണ് കടലിൽ രോഹിങ്ക്യൻ അഭയാർഥികളുമായി അലയുന്ന ബോട്ടുകൾ മാധ്യമ ദൃഷ്ടിയിൽപ്പെട്ടത്. രോഹിങ്ക്യൻ മുസ്‌ലിംകൾ താരതമ്യേന സമ്പന്ന അയൽ രാജ്യങ്ങളായ മലേഷ്യയും ഇന്തോനേഷ്യയും ലക്ഷ്യം വെച്ചുകൊണ്ടാണ് മ്യാന്മാറിലെ നരക ജീവിതത്തിൽ നിന്ന് രക്ഷപ്പെടാൻ രണ്ടും കൽപ്പിച്ച് കുടുംബ സമേതം കപ്പലിൽ കയറുന്നത്. ഇതിനായി ഇവർ ആശ്രയിക്കുന്നത് മനുഷ്യക്കടത്തുകാരെയാണ്. ഈ ബോട്ടുകളിൽ നടക്കുന്ന മനുഷ്യമഹാ ദുരിതങ്ങൾ



കടലിൽ അലയുന്ന രോഹിങ്ക്യൻ മുസ്‌ലിംകൾ



കളായി ചീറ്റിക്കൊണ്ടിരിക്കുന്നത്. വിറാതുവിന് 25,000 ലേറെ സന്യാസികൾ അനുയായികളായുണ്ട്. പച്ചക്കള്ളങ്ങൾ പടച്ചുണ്ടാക്കി ബുദ്ധമതാനുയായികൾക്കിടയിൽ മുസ്‌ലിം വിരോധം കുത്തിവെക്കാൻ ഈ മതപുരോഹിതൻ വിദഗ്ധനാണ്. മുസ്‌ലിംകൾ ഈയടുത്ത് തന്നെ ജിഹാദ് നടത്തി മ്യാന്മാർ പിടിച്ചടക്കുമെന്നും അത് കൊണ്ട് അവരെ ഉന്മൂലനം ചെയ്ത് ഇല്ലാതാക്കണമെന്നുമുള്ള പരസ്യമായ ആഹ്വാനങ്ങളാണ് ഈ തീവ്രവാദി നടത്തികൊണ്ടിരിക്കുന്നത്. മ്യാന്മാറിലെ ബുദ്ധിസ്റ്റ് ബിൻ ലാദൻ എന്നാണ് ഇയാൾ അറിയപ്പെടുന്നത്. ഇയാളെ മ്യാന്മാർ ഭരണകൂടം സ്വച്ഛന്ദം വിഹരിക്കാൻ കയറൂരിവിട്ടിരിക്കയാണ്.

പഴയ ബർമയിൽ നൂറ്റാണ്ടുകളായി വസിക്കുന്ന രോഹിങ്ക്യൻ മുസ്‌ലിംകൾ ഒറിജിനൽ ബർമക്കാരല്ലെന്നും അവർ ബംഗാളികളാണെന്നുമാണ് ബുദ്ധമതക്കാരുടെ വാദം. ചരിത്ര രേഖകൾ പ്രകാരം എട്ടാം നൂറ്റാണ്ട് മുതലുള്ള ബർമയിലെ ആരാക്കാൻ സാമ്രാജ്യത്തിന്റെ കാലം മുതൽ ഇസ്‌ലാം മതം സ്വീകരിച്ച രോഹിങ്ക്യൻ മുസ്‌ലിംകൾ ബർമീസ് സമൂഹത്തിന്റെ അവിഭാജ്യ ഘടകമായി അവിടെയുണ്ട്. അതായത് ഇസ്‌ലാം

വിവരണാതീതമാണ്. ഇന്തോനേഷ്യ, മലേഷ്യ എന്നീ രണ്ട് മുസ്‌ലിം രാജ്യങ്ങൾക്കും തങ്ങളെ രക്ഷിക്കാൻ ധാർമികമായി ബാദ്ധ്യതയുള്ളതായി ഈ പാവങ്ങൾ കരുതുന്നു. ഇവരിൽ പലരും തൊട്ട് അയൽ രാജ്യമായ തായ്‌ലന്റിൽ എത്തിപ്പെടുകയും അടിമജോലിക്കും മത്സ്യബന്ധന ജോലിക്കും നിർബന്ധിക്കപ്പെടുകയുമാണ് ചെയ്യുന്നത്. പല സ്ത്രീകളും തായ്‌ലന്റിലെ വേശ്യാ തെരുവുകളിലും എത്തിപ്പെടുന്നു. തായ്‌ലന്റ് നേവി ഇങ്ങനെ രോഹിങ്ക്യൻ മുസ്‌ലിംകളുമായി വരുന്ന ബോട്ടുകളും ചെറുകപ്പലുകളും ഇപ്പോൾ തടയുന്നത് കൊണ്ടാണ് ഗതികിട്ടാതെ കടലിൽ കുടുങ്ങിയ ഈ അഭയാർഥികൾ ആഴക്കടലിൽ നട്ടം തിരിയുന്നത്. അതിനിടയിൽ ഞെട്ടിപ്പിക്കുന്ന വാർത്ത വന്നത് തങ്ങളെ രക്ഷിക്കുമെന്ന് അവർ വിശ്വസിച്ച ഒരു മുസ്‌ലിം രാജ്യത്ത് നിന്നാണ്. അയൽ മുസ്‌ലിം രാജ്യമായ മലേഷ്യയിൽ നൂറുക്കണക്കിന് രോഹിങ്ക്യൻ മുസ്‌ലിംകളെ കൂട്ടക്കൊല നടത്തി കുഴിച്ചുമൂടിയിരിക്കുന്നു. അങ്ങനെയുള്ള 139 കുഴിമാടങ്ങളാണ് കണ്ടെത്തിയിരിക്കുന്നത്.

മ്യാന്മാറിലെ ഇപ്പോഴത്തെ ബുദ്ധിസ്റ്റ് ഭീകരതക്ക് പട്ടാളഭരണകൂടത്തിന്റെ ദുരൂഹമായ പങ്കുണ്ടെന്ന് സംശയിക്കുന്നു. അവരുടെ പട്ടാള ഭരണം നിലനിർത്താനും ജനാധിപത്യ ഭരണ സമ്പ്രദായത്തിന് ഭരണം കൈമാറാതിരിക്കാനും അവിടെ സ്വാഭാവികമായും നിലനിൽക്കുന്ന വർഗ്ഗീയത ബുദ്ധ സന്യാസികളെ കൊണ്ട് വീണ്ടും ആളിക്കത്തിക്കുകയാണ് ഭരണകൂടം ചെയ്യുന്നതെന്ന് ആരോപിക്കപ്പെടുന്നു. മൂന്ന് ബുദ്ധ മതക്കാരികളായ യുവതികളെ മുസ്‌ലിംകൾ ബലാൽസംഗം ചെയ്തു എന്ന കള്ളവാർത്ത ബുദ്ധ സന്യാസിമാർ പ്രചരിപ്പിച്ചതാണ് ഇപ്പോഴത്തെ കലാപങ്ങൾക്ക് കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നത്. അവിടുത്തെ അശ്വിൻ വിറാതു എന്ന ബുദ്ധപുരോഹിത ഭീകരൻ മുസ്‌ലിംകൾക്കെതിരെ കടുത്ത വർഗീയ വിഷമാണ് കുറച്ച് നാളു




ഓർഗനൈസേഷൻ ഓഫ് ഇസ്‌ലാമിക് കൺട്രീസിന്റെ (ഒ.ഐ.സി ) സെക്രട്ടറി ജനറൽ മ്യാന്മാർ സന്ദർശിച്ചപ്പോൾ ബുദ്ധ സന്യാസിമാർ നടത്തിയ പ്രതിഷേധ റാലി.

മതത്തിന്റെ തുടക്കത്തിൽ തന്നെ ഇസ്ലാം മതം സ്വീകരിച്ചവരാണ് ബർമീസ് മുസ്ലിംകൾ. ബ്രിട്ടീഷ് കോളോണിയൽ രേഖകൾ ഈ ചരിത്ര സത്യത്തിന് സാക്ഷ്യം വഹിക്കുന്നു. 1948 ൽ ബിട്ടീഷ് കോളനി ഭരണത്തിൽ നിന്ന് ബർമക്ക് സ്വാതന്ത്ര്യം ലഭിച്ചത് മുതൽക്കാണ് ബർമയിൽ മുസ്ലിംകളുടെ കഷ്ടകാലം ആരംഭിക്കുന്നത്. ബ്രിട്ടീഷ് ഭരണത്തിന് കീഴിൽ രോഹിങ്ക്യൻ മുസ്ലിംകൾക്ക് പൂർണ പൗരത്വമുണ്ടായിരുന്നു. ദീർഘകാലം പട്ടാള ഭരണം നിലനിന്ന ബർമയിൽ 1959 മുതൽ അൽപകാലത്തേക്ക് ജനാധിപത്യം വരുകയുണ്ടായി. അന്ന് മുതലാണ് രോഹിങ്ക്യൻ മുസ്ലിംകളെ വേറിട്ടൊരു സമൂഹമായി കാണാൻ തുടങ്ങിയത്. ജനാധിപത്യ ഭരണത്തെ അട്ടിമറിച്ച് 1962 ൽ വീണ്ടും അധികാരത്തിൽ വന്ന പട്ടാള സ്വേച്ഛാധിപതിയും കടുത്ത ദേശീയ വാദിയുമായ ജനറൽ നീവിൻ ഹതഭാഗ്യരായ രോഹിങ്ക്യൻ മുസ്ലിംകൾക്കെതിരെയുള്ള നടപടികൾ കടുപ്പിക്കുകയും അവരുടെ ജീവിതം ദുസ്സഹമാക്കുകയുമാണ് ചെയ്തത്. പട്ടാള ഭരണ കൂടത്തിന്റെ നേതൃത്വത്തിൽ കൂട്ടക്കൊലയുടെ പരമ്പരകളാണ് അരങ്ങേറിയത്. 2,50,000 (രണ്ടര ലക്ഷം) രോഹിങ്ക്യൻ മുസ്ലിംകൾ തൊട്ടടുത്ത ബംഗ്ലാദേശിലേക്ക് അഭയാർഥികളായി പലായനം ചെയ്തു. അങ്ങനെയാണ് ആദ്യത്തെ അഭയാർഥി പ്രവാഹം. 1978 ൽ പട്ടാള ഭരണകൂടം ഒരു പുതിയ കൃത്രിമ പൗരത്വ നിയമം പാസ്സാക്കി. അതായത് രോഹിങ്ക്യൻ മുസ്ലിംകൾ രാജ്യമില്ലാത്ത ജനതയാണെന്ന പ്രഖ്യാപനമായിരുന്നു ആ നിയമം. അതിന് ശേഷം 1991 ൽ പട്ടാളം ഓപ്പറേഷൻ ക്ലീൻ ആന്റ് പ്രോസ്പറസ് നേഷൻ എന്ന പേരിൽ ഒരു ശുദ്ധീകരണ നടപടി ആരംഭിച്ചു. യഥാർഥത്തിൽ അത് ഒരു വംശശുദ്ധീകരണ നടപടിയായിരുന്നു. 2,00,000 (രണ്ട് ലക്ഷം) രോഹിങ്ക്യരെ ബലം പ്രയോഗിച്ച് അവർ മ്യാന്മാറിൽ നിന്ന് പുറത്താക്കി. സ്വാഭാവികമായും അവർ ബംഗ്ലാദേശിൽ തന്നെ എത്തിച്ചേർന്നു. മ്യാന്മാറിൽ അവർ സ്വത്ത് പിടിച്ചെടുക്കൽ, പീഡനം, ബലാൽസംഗം, നീതി നിഷേധം മുതലായ അറ്റമില്ലാത്ത ദുരിതങ്ങൾക്ക് വിധേയരാവുകയുണ്ടായി. 2012-ൽ ബുദ്ധമത തീവ്രവാദികൾ നടത്തിയ കിരാതമായ ആക്രമണത്തിൽ വീണ്ടും 1,50,000 (ഒന്നര ലക്ഷം) രോഹിങ്ക്യകൾ മ്യാന്മാർ വിട്ടുപോയി. മ്യാൻമാറിലെ മുസ്ലിംകൾക്ക് പുതിയ പല നിയമങ്ങളും ഭരണകൂടം അടിച്ചേൽപ്പിക്കുന്നു. പുതിയ നിയമ പ്രകാരം രോഹിങ്ക്യൻ മുസ്ലിംകൾക്ക് രണ്ട് കുട്ടികൾ മാത്രമേ പാടുള്ളൂ. അത്പോലെ ഇനി അവരെ രോഹിങ്ക്യർ എന്ന് വിളിക്കുന്നതിന് പകരം ബംഗാളികൾ എന്ന് മാത്രമേ വിളിക്കാൻ പാടുള്ളൂ എന്ന് ഭരണകൂടം ശാസന പുറപ്പെടുവിച്ചിട്ടുണ്ട്. 1982-ൽ പട്ടാള ഭരണകൂടത്തോടൊപ്പം ഈ അത്യാചാരങ്ങൾക്ക് കൂട്ടുനിൽക്കാൻ പ്രതിപക്ഷ പാർട്ടിയായ നാഷണൽ ലീഗ് ഫോർ ഡമോക്രസിയുമുണ്ട്. ഗാന്ധിയൻ ആദർശങ്ങളിൽ പ്രഭാവിതയും സമാധാനത്തിനുള്ള നോബൽ സമ്മാന ജേതാവും ബുദ്ധമത വിശ്വാസിയുമായ ഓങ്ങ് സാൻ സൂചിയാണ് ഈ പാർട്ടിയുടെ നേതാവ്. അവർ രോഹിങ്ക്യൻ മുസ്ലിംകൾക്കെതിരെ നടക്കുന്ന ഈ കൊടും ക്രൂരതകൾക്ക് നേരെ പാലിക്കുന്ന മൗനം ദുരൂഹമാണ്.




ടൈം മാഗസിന്റെ കവർ പേജിൽ അശ്വിൻ വിറാതു എന്ന ബുദ്ധപുരോഹിത ഭീകരൻ



പോഷകാഹാര കുറവുമൂലം അവശയായ 2 മാസം പ്രായമുള്ള കുഞ്ഞുമായി മാതാവ്. വാഷിംഗ്ടൺ പോസ്റ്റിന്റെ മുഖചിത്രമായി വന്നത്.

ഈ മനുഷ്യാവകാശ ധ്വംസനങ്ങൾ നടക്കുന്ന മ്യാന്മാറിൽ ഈയിടെ അമേരിക്കൻ പ്രസിഡന്റ് ബറാക് ഒബാമ സന്ദർശനം നടത്തിയിരുന്നു. ഈ ഭരണകൂടവുമായി സുശക്ത ബന്ധമുള്ള അമേരിക്ക ഇതുവരെ ഈ പീഡനങ്ങൾ ഒരു അന്തർ ദേശീയ വേദികളിലും മനുഷ്യാവകാശ പ്രശ്നമായി ഉയർത്തിയിട്ടില്ല. കൊടും ഭീകരതകൾക്ക് മൗനാനുവാദം കൊടുക്കുന്ന മ്യാന്മാർ

ഭരണകൂടത്തിനെതിരെ യാതൊരു സമ്മർദവും അമേരിക്ക ചെലുത്തുന്നില്ല. 2013 ൽ 57 മുസ്‌ലിം രാജ്യങ്ങൾ അംഗമായ ഓർഗനൈസേഷൻ ഓഫ് ഇസ്‌ലാമിക് കൺട്രീസിന്റെ (ഒ.ഐ.സി ) സെക്രട്ടറി ജനറൽ മ്യാന്മാർ മുസ്‌ലിം പീഡനങ്ങളെക്കുറിച്ച് അന്വേഷിക്കാൻ മ്യന്മാറിലെത്തിയിരുന്നു. അവിടുത്തെ ബുദ്ധ സന്യാസിമാർ രൂക്ഷമായ മുദ്രാവാക്യങ്ങൾ മുഴക്കി അദ്ദേഹത്തെ അവിടെ നിന്നും ഓടിക്കുകയാണുണ്ടായത്. ദരിദ്രരാജ്യമായ ബംഗ്ലാദേശിൽ അങ്ങേയറ്റം ദരിദ്രമായ അഭയാർഥി ക്യാമ്പുകളിൽ രോഹിങ്ക്യൻ മുസ്‌ലിംകൾ വാടിതളർന്ന് കിടന്നു. അവർക്ക് ബംഗ്ലാദേശ് ജനതയോട് മതപരവും ഭാഷാപരവും സാംസ്കാരികവുമായ സമാനതകളുണ്ടായിരുന്നുവെങ്കിലും അവരെ ബംഗ്ലാദേശ് ജനത സ്വാംശീകരിച്ചിട്ടില്ല. നാൾക്കു നാൾ ഭീകരമായികൊണ്ടിരിക്കുന്ന ജന്മനാട്ടിലേക്ക് തിരിച്ചുപോവാനുള്ള അവരുടെ പ്രതീക്ഷകൾ മങ്ങി. ദയാരഹിതമായ ലോകത്ത് അഭയാർഥി കൂടാരങ്ങളിൽ ദുരിത ജീവിതം അവർ ജീവിച്ചു തീർക്കുകയാണ്. 2011 ൽ ബംഗ്ലാദേശ് പ്രസിഡന്റ് ശേഖ് ഹസീന മ്യാൻമാർ പ്രസിഡന്റ് തെയിൻ സിന്നുമായി ഒരു അഭയാർഥി കൈമാറ്റ കരാർ ഒപ്പിടുകയുണ്ടായെങ്കിലും മ്യാന്മാർ ഭരണകൂടം രോഹിങ്ക്യൻ മുസ്‌ലിംകളെ കരാറിൽനിന്നു ഒഴിവാക്കുകയും അവർക്ക് പൗരത്വം നൽകാൻ വിസമ്മതിക്കുകയുമാണുണ്ടായത്. ഐക്യരാഷ്ട്ര സഭാ ജനറൽ അസംബ്ലി രോഹിങ്ക്യൻ മുസ്‌ലിംകൾക്ക് പൗരാവകാശം നൽകാൻ അഭ്യർഥിക്കുന്ന പ്രമേയം പാസ്സാക്കിയിട്ടും അതിന് യാതൊരു വിലയും മ്യാന്മാർ ഭരണകൂടം കൽപ്പിച്ചിട്ടില്ല. നിർഭാഗ്യവാന്മാരയ ഈ ജനത ജന്മനാടില്ലാത്ത ജനതയായി തീർന്നിരിക്കുന്നു. അല്ലാഹു തന്നെ പാവങ്ങളായ ഈ ജനതക്ക് എളുപ്പത്തിൽ ഒരു മോചനമാർഗമുണ്ടാക്കി കൊടുക്കട്ടെ. ●

**അനുസ്മരണം:**

## കുഞ്ഞാമിന സാഹിബ

പഴയങ്ങാടി ജമാഅത്ത് നായിബ് അമീർ പി.പി. നാസിമുദ്ദീൻ സാഹിബിന്റെ വന്ദ്യമാതാവ് പി.വി. കുഞ്ഞാമിന സാഹിബ (85) 2015 ജൂൺ 6 ന് നിര്യാതയായി. (ഇന്നാലില്ലാഹി.......) കോഴിക്കോട്ടെ മുക്രിന്റകത്ത് മാർക്കർ ഹൗസിലെ മർഹൂം എം. മഹ്മൂദ് സാഹിബിന്റെ ഭാര്യയായിരുന്നു. പഴയങ്ങാടി ലജ്നാ ഇമായില്ലായുടെ സജീവാംഗവും സൗമ്യസ്വഭാവിയും ധർമിഷ്ഠയുമായിരുന്നു പരേത. അവർ മൂസിയുമായിരുന്നു.

**മക്കൾ:** പി. പി മുനീറാ സാഹിബ , പി. പി നാസിമുദ്ദീൻ (നാസിം, കേരളാ അൻസാറുല്ലാ), പി.പി മുംതാസ് സാഹിബ, പി.പി മുബശ്ശിറ സാഹിബ, പി. പി. നാസിറുദ്ദീൻ (നായിബ് സദർ, അൻസാറുല്ലാഹ് ഭാരത്), മൻസൂറാ സാഹിബ.

**മരുമക്കൾ:** സി. സലിം അഹ്മദ് സാഹിബ് (പഴയങ്ങാടി ജമാഅത്ത് അമീർ), എസ്. വി റുഖിയ്യാ ബീബി സാഹിബ, ബി. മുബാറക്ക് അഹ്മദ് സാഹിബ് (ദുബൈ), എസ്. വി മഹ്മൂദ് അഹ്മദ് സാഹിബ് (റോയൽ ഏജൻസി), ഹമീദ സാഹിബ ബായൻ, എസ്.വി ശംസുദ്ദീൻ സാഹിബ് (ദുബൈ). അല്ലാഹു പരേതക്ക് ജന്നത്തും മഗ്ഫിറത്തും മർഹമത്തും നൽകുമാറാകട്ടെ, ആമീൻ.

## കെ. അബ്ദുറഹ്മാൻ സാഹിബ്



കൊടിയത്തൂർ ജമാഅത്തിലെ ആദ്യകാല അഹ്മദികളിൽപെട്ട കെ. അബ്ദുറഹ്മാൻ സാഹിബ് ജൂൺ 20 ന് നിര്യാതനായി. ഇന്നാലില്ലാഹി ........... കൊടിയത്തൂർ ജമാഅത്തിൽ ദീർഘകാലം ലോക്കൽ മുഅല്ലിമായി സേവനം ചെയ്തിട്ടുണ്ട്. തബ്‌ലീഗ് കാര്യങ്ങളിൽ പ്രത്യേക താൽപര്യമുള്ളയാളായിരുന്നു. ഭാര്യ: ഇത്താച്ചുമ്മ. മക്കൾ: നൂറുദ്ദീൻ, ഷർശാദ്, സാബിറ, ഫെബിന. പരേതന് അല്ലാഹു ജന്നത്തും മഗ്ഫിറത്തും നൽകി അനുഗ്രഹിക്കട്ടെ.

അബ്ദുറഹ്മാൻ, കൊടിയത്തൂർ

35-ൽ നിന്ന് തുടർ

ന്റെ നാമത്തെ വാഴ്ത്തുക. മനുഷ്യനെ സൃഷ്ടിക്കുകയും അവന്റെ കഴിവുകളെ അന്യൂനമാക്കുകയും ചെയ്തവൻ (അവന്റെ കഴിവുകളെ) ആസൂത്രണം ചെയ്യുകയും മാർഗദർശനം ചെയ്യുകയും ചെയ്തവൻ (അദ്ധ്യായം87 സൂക്തം 2,3,4)

സർവവവും സൃഷ്ടിച്ച നിന്റെ നാഥന്റെ നാമത്തിൽ ഓതുക. അവൻ മനുഷ്യനെ രക്ത പിണ്ഡത്തിൽ നിന്ന് സൃഷ്ടിച്ചിരിക്കുന്നു. ഓതുക നിന്റെ നാഥൻ അത്യുദാരനാകുന്നു. പേന കൊണ്ട് പഠിപ്പിച്ചവനത്രെ അവൻ. മനുഷ്യൻ അറിഞ്ഞിട്ടില്ലാത്തത് അവൻ (അല്ലാഹു) അവനെ പഠിപ്പിച്ചിരിക്കുന്നു. (അദ്ധ്യായം 96 സൂക്തം 26)

...ആകാശങ്ങളുടെയും ഭൂമിയുടെയും സ്രഷ്ടാവായ അല്ലാഹുവിന്റെ കാര്യത്തിലാണോ നിങ്ങളുടെ സംശയം (അദ്ധ്യായം 96 സൂക്തം11) ●

Review Of Religions (May 2009)

*വിവ: കെ.വി ഹസ്സൻ കോയ, കോഴിക്കോട്.*

# കൊടിയത്തൂർ ജമാഅത്ത് സുവർണ ജൂബിലി

കൊടിയത്തൂർ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് സുവർണ ജൂബിലി സമ്മേളനം മെയ് 17ന് മസ്ജിദ് മഹ്മൂദിൽ കോഴിക്കോട് ജില്ലാ അമീർ കെ.എം. അഹ്മദ് കോയ സാഹിബ് ഉദ്ഘാടനം ചെയ്തു. ജമാഅത്ത് പ്രസിഡന്റ് എം. അഹ്മദ് കുട്ടി സാഹിബിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ സി.എച്ച്. അബ്ദുശുകൂർ സാഹിബ് (കൊടിയത്തൂർ ജമാഅത്തിന്റെ ചരിത്രം), മൗലവി ആരിഫ് മുഹമ്മദ് സാഹിബ് (ഇസ്ലാമിന്റെ വിജയവും നമ്മുടെ ഉത്തരവാദിത്വവും) എന്നീ വിഷയങ്ങളെ സംബന്ധിച്ച് സംസാരിച്ചു.

മൗലവി ടി. ജംഷാദ് സാഹിബിന്റെ അദ്ധ്യക്ഷതയിൽ നടന്ന സമാപന സമ്മേളനത്തിൽ മൗലവി പി.എ. മുഹമ്മദ് സലിം സാഹിബ് (അഹ്മദിയ്യാ ജമാഅത്തും ഇതര പ്രസ്ഥാനങ്ങളും), മൗലവി പി. നാസർ സാഹിബ് (സീറത്ത് മസീഹ് മൗഊദ് (അ)) എന്നീ വിഷയങ്ങളെ അധികരിച്ച് സംസാരിച്ചു.




കൊടിയത്തൂർ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് സുവർണ ജൂബിലി സമ്മേളനം മെയ് 17ന് മസ്ജിദ് മഹ്മൂദിൽ കോഴിക്കോട് ജില്ലാ അമീർ കെ.എം. അഹ്മദ് കോയ സാഹിബ് ഉദ്ഘാടനം ചെയ്യുന്നു. മൗലാനാ മുഹമ്മദ് ഉമർ സാഹിബ് സമീപം.



അഹ്മദിയ്യ മുസ്‌ലിം ജമാഅത്ത് പാലക്കാട് ജില്ലാ കമ്മിറ്റിയും ജില്ലാ ഖുദ്ദാമുൽ അഹ്മദിയ്യായും സംയുക്തമായി മെയ് 9ന് പാലക്കാട് പള്ളിയിൽ സംഘടിപ്പിച്ച കരിയർ ഗൈഡൻസ് ക്യാമ്പ് പാലക്കാട് ജില്ലാ അമീർ എച്ച്. സുലൈമാൻ സാഹിബ് കാവശേരി ഉദ്ഘാടനം ചെയ്യുന്നു.

## വഖ്ഫെ ജദീദ് അറിയിപ്പ്

വഖ്ഫെ ജദീദ് 2015 അർധ വാർഷികം പൂർത്തിയായിരിക്കുന്നു. ഇസ്‌ലാമിക സേവനത്തിന് വേണ്ടി സമർപ്പിക്കപ്പെട്ട ജമാഅത്തിന്റെ സുപ്രധാനമായ പദ്ധതിയാണ് വഖ്ഫെ ജദീദ്. വഖ്ഫെ ജദീദിന്റെ വാഗ്ദാനം പൂർത്തിയാക്കാനും കുടിശ്ശിക അടച്ചു തീർക്കാനും ഹുസൂർ തിരുമനസ്സിന്റെ സവിശേഷ പ്രാർഥനക്ക് അർഹരായി തീരാനും പ്രത്യേകം ഉണർത്തുന്നു. ഈ പുണ്യമാസത്തിന്റെ എല്ലാ അനുഗ്രഹങ്ങളും നമുക്ക് അല്ലാഹു നൽകുമാറാകട്ടെ

നാസിം മാൽ
വഖ്ഫെ ജദീദ്, ഖാദിയാൻ




മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ എറണാകുളം ജില്ലയുടെ ആഭിമുഖ്യത്തിൽ ഐരാപുരം മഴുവന്നൂർ പ്രാഥമികാരോഗ്യ കേന്ദ്രവുമായി സഹകരിച്ചുകൊണ്ട് പരിസ്ഥിതി ദിനാചരണം മഴുവന്നൂർ പഞ്ചായത്ത് പ്രസിഡന്റ് കെ. കെ. സോമൻ വൃക്ഷത്തൈ നട്ടുകൊണ്ട് ഉദ്ഘാടനം ചെയ്യുന്നു.

**Published on 7 July 2015**

Vol: 87 Issue. **7**
Price Rs. **20/-**

Registered. Reg.No. 3332/1957, Postal Reg.No. KL/EKM/726/2015-17
Licence No. KL/CR/EKM/WPP-12/2015-17
Licensed to Post Without Prepayment

**The Sathyadoothan Monthly**

بسم الله الرحمن الرحيم

WE ARE THE HELPERS OF ALLAH

DIAMOND JUBILEE 1940 2015

Majlis Ansarullah Bharat

**DIAMOND JUBILEE**
**CELEBRATION**

# മജ്‌ലിസ് അൻസാറുല്ലാഹ് ഭാരത്

# വജ്ര ജൂബിലി പ്രോഗ്രാം



## ജൂലായ്
## ആഗസ്റ്റ്
## സെപ്തംബർ മാസങ്ങളിൽ

- പൊതുസമ്മേളനങ്ങൾ
- മെഡിക്കൽ ക്യാമ്പ്
- രക്തദാന ക്യാമ്പ്
- വനവൽക്കരണം
- ആശുപത്രി സന്ദർശനം